# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്)
SUCI [C]
സംസ്ഥാന കമ്മിറ്റി മുഖപത്രം
ചീഫ് എഡിറ്റർ: വി.വേണുഗോപാൽ

ജൂലൈ 2023 | വാല്യം 50 ലക്കം 4 | പേജ് 16 | വില 10.00 രൂപ

UNITY Monthly | July 2023 | Volume 50 Issue 4 | Chief Editor: V.VENUGOPAL | Page 16 | Price Rs. 10.00




## കലാപം നിലയ്ക്കാതെ മണിപ്പൂർ

# ഉത്തരവാദിത്വം കേന്ദ്ര-സംസ്ഥാന ബിജെപി സർക്കാരുകൾക്ക്

**ശാന്തമായ പ്രകൃതിഭംഗിയോടുകൂടിയ വടക്കുകിഴക്കൻ മലയോര സംസ്ഥാനമായ മണിപ്പൂർ ഇപ്പോൾ സഹോദര ഹത്യയുടെ രക്തം ചൊരിഞ്ഞുകൊണ്ടിരിക്കുകയാണ്. മണിപ്പൂരിന്റെ തലസ്ഥാന നഗരിയായ ഇംഫാലിനടുത്തുള്ള മൊയ്റാങ് എന്ന ഗ്രാമത്തിലാണ് 1944 ഏപ്രിൽ 14ന് നേതാജി സുഭാഷ് ചന്ദ്രബോസ് ബ്രിട്ടീഷ് സേനയെ കീഴടക്കി ഐഎൻഎ പതാക ഉയർത്തിയത്. അതിൽ, മണിപ്പൂർ ജനത മുഴുവൻ ഇപ്പോഴും അഭിമാനിക്കുകയും നേതാജിയെ ബഹുമാനിക്കുകയും ചെയ്യുന്നു. അത്തരമൊരു മഹത്തായ പൈതൃകമുള്ള ജനത ഇപ്പോൾ പരസ്പരം ആക്രമിച്ചുകൊണ്ടിരിക്കുകയാണ്.**




ബിജെപി സർക്കാരുകളുടെ പിന്തുണയോടെ മണിപ്പൂരിൽ നടക്കുന്ന വർഗ്ഗീയ കലാപവും നരഹത്യയും അവസാനിപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ ആഭിമുഖ്യത്തിൽ ജൂൺ 30ന് നടന്ന അഖിലേന്ത്യാ പ്രതിഷേധ ദിനത്തിന്റെ ഭാഗമായി കോട്ടയം ടൗണിൽ നടന്ന പ്രകടനം.

ഔദ്യോഗിക കണക്കുകൾ പ്രകാരം, 80ലധികം ആളുകൾക്ക് ജീവൻ നഷ്ടപ്പെട്ടു, 200 പേർക്ക് പരിക്കേറ്റു, 40,000ത്തിലധികം പേർ ഇതുവരെ പലായനം ചെയ്തു. അനൗദ്യോഗിക കണക്കുകൾ പലമടങ്ങ് കൂടുതലാണ്. സത്യത്തിൽ കൂട്ടക്കൊലകളും ഉണ്ടായിട്ടുണ്ട്. സംസ്ഥാനത്തെ അഞ്ച് ജില്ലകളിലും നിരവധി വീടുകൾ കത്തിച്ചു, പള്ളികളും ക്ഷേത്രങ്ങളും നശിപ്പിക്കപ്പെട്ടു, കൊള്ളയും തീവെപ്പും ധാരാളമായി നടന്നു. അക്രമം രൂക്ഷമായതോടെ അടിയന്തരാവസ്ഥയുടെ ഭാഗമായ ഭരണഘടനയുടെ ആർട്ടിക്കിൾ 355 കേന്ദ്രം പ്രയോഗിച്ചു. തുടർന്ന്, സൈന്യം, അസം റൈഫിൾസ്, റാപ്പിഡ് ആക്ഷൻ ഫോഴ്സ്, ലോക്കൽ പോലീസ് ഉദ്യോഗസ്ഥർ എന്നിവരുടെ ട്രക്കുകൾ നിരവധി പ്രശ്ന ബാധിത പ്രദേശങ്ങളിൽ പ്രവേശിക്കുകയും ചെയ്തു. സംസ്ഥാന സർക്കാരും ഇന്റർനെറ്റ് നിരോധിച്ചതായി ഉത്തരവിട്ടിരുന്നു. നിരോധനം നിലവിലുണ്ടെങ്കിലും, ചുരാചന്ദ്പൂർ ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽനിന്നുള്ള കലാപത്തിന്റെ വീഡിയോകളും ഫോട്ടോകളും സോഷ്യൽ മീഡിയയിൽ ഉയർന്നുവരുന്നത് തുടർന്നു. സംസ്ഥാനത്തെ 60 എംഎൽഎമാരിൽ 40 പേരും മെയ്തി വിഭാഗക്കാരാണ്. കുക്കികളാണ് മറ്റൊരു പ്രധാന വിഭാഗം. 2022 ലെ സംസ്ഥാന തെരഞ്ഞെടുപ്പിന് മുമ്പ്, കുക്കി ഗ്രൂപ്പുകൾ ഔദ്യോഗികമായി ബിജെപിയെ പിന്തുണച്ചവരാണ്. തെരഞ്ഞെടുക്കപ്പെട്ടാൽ കുക്കി പ്രശ്നം പരിഹരിക്കുമെന്ന് സർക്കാർ വാഗ്ദാനം കൊടുത്തിരുന്നു. തിരഞ്ഞെടുപ്പിൽ ബിജെപി അധികാരം നിലനിർത്തി.

(ശേഷം 6–ാം പേജിൽ)

## ഉൾപേജ്


3 തെരുവുനായ ശല്യം: കരുക്കൾ നീക്കുന്ന കച്ചവട ശക്തികൾ
5 കാലാവസ്ഥാ വ്യതിയാനം ഇന്ത്യയിൽ നാശം വിതയ്ക്കുന്നു
9 ഒഡിഷ ട്രെയിൻ അപകടം ഉയർത്തുന്ന ചോദ്യങ്ങൾ
12 നിർമ്മിതബുദ്ധിയും ചാറ്റ് ജിപിടിയും മനുഷ്യ വംശത്തിന് ഗുണപ്രദമാകുമോ?


## ആൾമാറാട്ടം, വ്യാജ ബിരുദം

# സർവകലാശാലകളുടെ വിശ്വാസ്യത തകർക്കപ്പെടുന്നു; വിദ്യാഭ്യാസ സംരക്ഷണ പ്രസ്ഥാനത്തിൽ അണിനിരക്കുക

**വിദ്യാഭ്യാസ രംഗത്ത് മഹത്തായ പാരമ്പര്യമുണ്ടായിരുന്ന സർവകലാശാലകളെ മൂല്യച്യുതിയുടെ ആഴക്കടലിലേക്ക് തള്ളിവിടുന്ന സംഭവ പരമ്പരകൾ ഒന്നൊന്നായി അരങ്ങേറുകയാണ്. ആൾമാറാട്ടങ്ങൾ, വ്യാജ ബിരുദങ്ങൾ, വ്യാജ രേഖ ചമയ്ക്കൽ, പ്രവേശനക്രമക്കേടുകൾ എന്നിവ നിരന്തരം സംഭവിക്കുന്നതിന് പിന്നിൽ എസ്എഫ്ഐയുടെ ഉന്നത നേതാക്കൾവരെയുള്ളവർ പ്രവർത്തിക്കുന്നുവെന്ന വസ്തുതകൾ പുറത്ത് വന്നുകഴിഞ്ഞു. അതോടൊപ്പം, അവർക്ക് സർവ ഒത്താശയും നൽകുന്ന സിപിഐ(എം) നേതാക്കളും പ്രതിക്കൂട്ടിലാണ്.**

കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസമണ്ഡലത്തെഗ്രസിച്ചിരിക്കുന്ന പ്രശ്നങ്ങളിൽ ഒന്ന് സർവതസ്തികകളിലും സിപിഐ(എം) പാർട്ടി ബന്ധുക്കൾക്കായി അധാർമ്മികമായി നിയമനംനൽകുന്നുവെന്നതാണ്. അധ്യാപക നിയമനം മുതൽ വിദ്യാർത്ഥി പ്രവേശനം വരെയുള്ള കാര്യങ്ങളിൽ അവ പ്രകടവുമാണ്. എന്നാൽ, ഇപ്പോൾ പുറത്ത് വരുന്ന വ്യാജബിരുദ നിർമ്മാണമടക്കമുള്ള ഞെട്ടിക്കുന്ന കാര്യങ്ങൾ അധികാര പ്രമത്തരായ ഒരു സംഘം നടത്തുന്ന ക്രിമിനൽ മാഫിയ പ്രവർത്തനങ്ങളായേ കാണാൻകഴിയൂ. അധ്യാപക നിയമനങ്ങളിലും-വിദ്യാർത്ഥി പ്രവേശനത്തിലും മെറിറ്റ് അട്ടിമറിച്ചും, മാനദണ്ഡങ്ങൾ കാറ്റിൽ പറത്തിയും അവർ അഴിഞ്ഞാടുന്നു.

കാട്ടാക്കട ക്രിസ്ത്യൻ കോളേജിലെ എസ്എഫ്ഐ കൗൺസിലർക്ക് പകരം ഏരിയ കമ്മിറ്റി സെക്രട്ടറിയുടെ പേരുനൽകി ആൾമാറാട്ടം നടത്തിയത് മറ്റൊരു എസ്എഫ്ഐ നേതാവ്. പരീക്ഷയെഴുതാതെഎസ്എഫ്ഐസംസ്ഥാന സെക്രട്ടറി ജയിച്ചെന്ന് രേഖയുണ്ടാക്കിയത് മഹാരാജാസ് കോളേജിലെ, ഭരണ വിഭാഗത്തിന്റെ പിന്തുണയോടെ, 'കമ്പ്യൂട്ടർ' ഉപയോഗിച്ച്. അതേ മഹാരാജാസ് കോളേജിൽനിന്നുള്ള ലെറ്റർപാഡ് ഉപയോഗിച്ച് വ്യാജ പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റ് സ്വയം നിർമ്മിച്ച് അധ്യാപക ജോലി നേടി രണ്ടുവർഷം രണ്ട് സർക്കാർ കോളേജുകളിൽനിന്ന് ശമ്പളം പറ്റിയ കെ. വിദ്യയും കേരളത്തെ അക്ഷരാർത്ഥത്തിൽ അന്ധാളിപ്പിച്ചുകളഞ്ഞു. എംജി സർവകലാശാലയിലാകട്ടെ, യുജി-പിജി സർട്ടിഫിക്കറ്റുകൾ രഹസ്യ പരീക്ഷാ വിഭാഗത്തിൽ നിന്നുതന്നെ കാണാതായി. ഒടുവിൽ, ഒരു ഡിവൈഎഫ്ഐ നേതാവ് നീറ്റ്(NEET)പരീക്ഷയിൽ ഉയർന്ന മാർക്കും റാങ്കും നേടിയതായി വ്യാജ രേഖയുണ്ടാക്കി ഹൈക്കോടതിയെപ്പോലും കബളിപ്പിക്കാൻ ശ്രമിച്ചു. ഇനിയുമെത്രയോ തട്ടിപ്പുകൾപുറത്തുവരാനിരിക്കുന്നു.

(ശേഷം 2–ാം പേജിൽ)




ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായ നാലു വർഷ ഡിഗ്രി കോഴ്സ് (എഫ്‌വൈയുപി) മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് കോട്ടയം ബിസിഎം കോളജിൽ ഉന്നത വിദ്യാഭ്യാസ മന്ത്രി ഡോ.ആർ.ബിന്ദു ഉദ്ഘാടനം ചെയ്ത, എംജി യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള കോളജ് പ്രിൻസിപ്പൽമാർ, സെനറ്റ്, സിൻഡിക്കേറ്റ് അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്ത യോഗത്തിലേയ്ക്ക് എഐഡിഎസ്ഒ നടത്തിയ പ്രതിഷേധ മാർച്ച് മനോരമ ജംഗ്ഷനിൽ പോലീസ് തടഞ്ഞപ്പോൾ.

# സർവകലാശാലകൾക്ക് തീരാക്കളങ്കമായി എസ്എഫ്ഐയും പിണറായി സർക്കാരും

(1-ാം പേജിൽ നിന്ന്)

എസ്എഫ്ഐയുടെ കായംകുളം മുൻഏരിയ സെക്രട്ടറി ബികോം ജയിക്കാതെ എംകോമിന് അതേ കോളേജിൽ പ്രവേശനം നേടി ഉന്നത വിദ്യാഭ്യാസത്തെ മറയില്ലാതെ കബളിപ്പിക്കുന്നതുകണ്ട് നാം സ്തംഭിച്ചു പോയി. രണ്ടുലക്ഷം രൂപ കൊടുത്ത് സ്വന്തം പാർട്ടി സഖാവിന്റെ കൈയിൽനിന്നും വാങ്ങിയ സർട്ടിഫിക്കറ്റ് വ്യാജമാണെന്ന് അറിഞ്ഞില്ലത്രെ! പണം കൊടുത്ത് സർട്ടിഫിക്കറ്റ് വാങ്ങുന്നത് എത്ര കുറ്റകരമായ പ്രവൃത്തിയാണെന്ന് അറിയാത്ത 'നിഷ്കളങ്കനായ' വിദ്യാർത്ഥി നേതാവ്! പക്ഷേ, ഇടനിലക്കാരനായ പാർട്ടി നേതാവ് അതിൽ കമ്മിഷൻ പറ്റി ചതിയിൽ വഞ്ചനകാട്ടി! കഷ്ടം! എന്നാൽ, അപ്പോഴും എസ്എഫ്ഐക്കും സിപിഐ(എം) നേതാക്കൾക്കും നിഖിൽ തോമസ് എന്ന വിദ്യാർത്ഥി നേതാവ് കലിംഗയിൽ നിന്ന് സമർപ്പിച്ച വ്യാജ സർട്ടിഫിക്കറ്റ് ഒറിജിനൽ ആയിരുന്നു. അവരെ സംബന്ധിച്ചിടത്തോളം ആ വാർത്തകൾ എസ്എഫ്ഐയെ തകർക്കാൻവേണ്ടി നടന്ന മാധ്യമ വേട്ട മാത്രമായിരുന്നു. നിഖിൽ തോമസിന് അവർ സർവ്വ പിന്തുണയും പ്രഖ്യാപിച്ചു. കലിംഗ സർവകലാശാലയിൽ നിന്നും ഹാജരാക്കിയ സർട്ടിഫിക്കറ്റ് അടിമുടി വ്യാജമെന്ന് കേരള സർവകലാശാലയും തുടർന്ന് കലിംഗ സർവകലാശാലയും ഔദ്യോഗികമായി വെളിപ്പെടുത്തിയതോടെ കെട്ടിപ്പൊക്കിയ കള്ളക്കഥകൾ പൊളിഞ്ഞുവീണു.

ഒരുപാട് മാധ്യമ-രാഷ്ട്രീയ പ്രതിഷേധങ്ങൾക്ക് ഒടുവിൽ കെ വിദ്യയും നിഖിൽ തോമസും അറസ്റ്റിലായി. എന്നാൽ, സിപിഐ(എം) നേതാക്കളുടെ കേസുകൾ എങ്ങനെ കൈകാര്യം ചെയ്യണമെന്ന് വിനീത വിധേയരായ പോലീസ് സേനയ്ക്ക് നന്നായി അറിയാം. പാമ്പാടി നെഹ്റു കോളജിലെ ജിഷ്ണു പ്രണോയിയുടെ കൊലപാതകികളെ രക്ഷിക്കാൻ, കേസ് പോലീസ് തേച്ച് മാച്ച് കളഞ്ഞത് എങ്ങനെയെന്ന് കണ്ടതാണല്ലോ. യൂണിവേഴ്സിറ്റി കോളജിൽ എസ്എഫ്ഐ നേതാക്കൾ നടത്തിയ പിഎസ്‌സി പരീക്ഷാത്തട്ടിപ്പുകൾ വിസ്മൃതിയിലേക്ക് പോയിക്കഴിഞ്ഞു. കേരള സർവകലാശാലയിലെ പിഎസ്‌സി അസിസ്റ്റന്റ് പരീക്ഷ തട്ടിപ്പ്, കണ്ണൂർ, എംജി, കോഴിക്കോട് സർവ്വകലാശാലകളിലെ വിവിധ വിഭാഗങ്ങളിൽ നടന്ന അധ്യാപക നിയമനങ്ങളിൽ പാർട്ടി നേതാക്കളുടെ ബന്ധുക്കൾക്കായി നിയമത്തെ ചവിട്ടിമെതിച്ചത് അങ്ങനെ എന്തെല്ലാം സംഭവങ്ങൾ.

## സർവ്വകലാശാലകളെ പാർട്ടിശാലകളാക്കുന്നു

അധാർമികതയുടെ അഴിഞ്ഞാട്ടങ്ങൾ ഒന്നൊന്നായി പുറത്തുവരുമ്പോഴും സർവകലാശാലയുടെ ഭരണ നിർവഹണ സമിതികൾ പാർട്ടി കേന്ദ്രങ്ങളുടെ നിർദ്ദേശങ്ങൾ അക്ഷരംപ്രതി അനുസരിക്കുകയാണ് ചെയ്തുപോരുന്നത്. കാട്ടാക്കട ക്രിസ്ത്യൻ കോളേജിൽ തെരഞ്ഞെടുപ്പിൽ മത്സരിക്കാത്ത ഒരാൾ യൂണിവേഴ്സിറ്റി യൂണിയൻ കൗൺസിലറായി സർവകലാശാല യൂണിയൻ തെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിപ്പട്ടം കെട്ടിവന്നപ്പോൾ, രജിസ്ട്രാർ കേരള സർവകലാശാലയുടെ വെബ്സൈറ്റിൽ നിന്ന് യൂണിയൻ കൗൺസിലർമാരുടെ പേരുകൾ പ്രസിദ്ധപ്പെടുത്തുന്ന കീഴ്‌വഴക്കം ആദ്യമായി തെറ്റിച്ചു. അതിനർത്ഥം, രജിസ്ട്രാർ കൂടി ആൾ മാറാട്ടത്തിന് കൂട്ടു നിന്നുവെന്നല്ലേ?

കേരള സർവകലാശാലയിലെ കുപ്രസിദ്ധമായ നിയമനത്തട്ടിപ്പുകൾ നടത്തിയവരെ രക്ഷിക്കാൻ സർവകലാശാലയുടെ ഫണ്ട് ഉപയോഗിച്ച് കേസ് നടത്തിയ ചരിത്രം ഓർക്കുക. കലിംഗയിൽ നിന്ന് ഹാജരാക്കിയ വ്യാജ സർട്ടിഫിക്കറ്റ് പരിശോധന കൂടാതെ സ്വീകരിച്ച് പകരം സർവകലാശാലയുടെ തുല്യ സാക്ഷ്യപത്രം നൽകി എം.കോമിന് യോഗ്യൻ എന്ന് സാക്ഷ്യപ്പെടുത്തി കൊടുത്തത് ബി.കോം പരീക്ഷ തോറ്റ നിഖിൽ തോമസ് എന്ന വിദ്യാർത്ഥിക്കാണ് എന്നത് അക്ഷന്തവ്യമായ കുറ്റമാണ്. അതിന് പിന്നിൽ, കായംകുളത്തു നിന്നുള്ള കെ.എസ്.ബാബുജൻ എന്ന സിൻഡിക്കേറ്റ് മെമ്പർ ആണെന്ന് ആരോപിക്കുന്നത് സിപിഐ(എം) അനുഭാവികളുടെ ഫേസ്ബുക് പേജ് ആയ 'ചെമ്പട'തന്നെ. ബാബുജൻ സിപിഐ(എം) ആലപ്പുഴ ജില്ലാ സെക്രട്ടറിയേറ്റ് അംഗമാണ്. ആലപ്പുഴ സിപിഐ(എം)ലെ വിഭാഗീയതയാണ് രേഖകൾ പുറത്തുകൊണ്ടുവരാൻ സഹായിച്ചതെന്ന് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു. നിഖിൽ തോമസിനെ, കായംകുളം പാർട്ടി ഓഫീസ് അസിസ്റ്റന്റ് സെക്രട്ടറിയായി നിയമിച്ചതും ബാബുജൻ ആണെന്ന് ചെമ്പട ആരോപിക്കുന്നു. അതെന്തായാലും, ആ കേസിൽ പ്രതി യൂണിവേഴ്സിറ്റി തന്നെയല്ലേ. സ്വയംഭരണ സ്ഥാപനമായ മഹാരാജാസ് കോളേജ് ഉൾപ്പടെയുള്ള കോളേജുകളിൽ ഹാജർ കുറവായവർക്കും എംജി സർവ്വകലാശാല സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യും.

## ആൾമാറാട്ടം, വ്യാജ ബിരുദം

കേരള സർവകലാശാല, 'വൈലോപ്പിള്ളിയുടെ വാഴക്കുല' എന്നെഴുതിയ പ്രബന്ധത്തിനും ഉന്നത ഗവേഷണ ബിരുദം സമ്മാനിച്ചു. കാലടി സർവകലാശാലയാകട്ടെ, പരീക്ഷ എഴുതാത്തവരെ പാസാക്കുന്ന തട്ടിപ്പുകൾ പോലും നടത്തി പരീക്ഷയുടെ വിശ്വാസ്യതയെ കെടുത്തിക്കളഞ്ഞു. ബിഎ പാസാകാത്തവർക്കും അവിടെ പ്രവേശനം നൽകി വ്യവസ്ഥകളെ കീഴ്മേൽ മറിച്ചു. പിന്നീട് എപ്പോഴെങ്കിലും സൗകര്യം പോലെ ബിഎ പാസായാൽ മതിയത്രെ! സംവരണ റോസ്റ്റർ അടിമുടി അട്ടിമറിക്കുന്നതിൽ പല വട്ടം പ്രാഗൽഭ്യം തെളിയിച്ച കോഴിക്കോട് സർവകലാശാലയിലെ സിൻഡിക്കേറ്റും നാണക്കേടിന്റെ പര്യായമായി.




എംജി യൂണിവേഴ്സിറ്റിയിൽനിന്നും ഡിഗ്രി–പിജി സർട്ടിഫിക്കറ്റ് കാണാതായ സംഭവത്തിൽ സമഗ്ര അന്വേഷണം നടത്തുക, വ്യാജ സർട്ടിഫിക്കറ്റ്, സംവരണ അട്ടിമറി വിഷയങ്ങളിലെ യൂണിവേഴ്സിറ്റികളുടെ പങ്ക് പുറത്തു കൊണ്ടുവരിക, ഉന്നത വിദ്യാഭ്യാസത്തിന്റെ വിശ്വാസ്യത തകർത്തുകൊണ്ട് എസ്എഫ്ഐക്കുവേണ്ടി നടത്തുന്ന രാഷ്ട്രീയ ഗൂഢാലോചന അവസാനിപ്പിക്കുക തുടങ്ങിയ ഡിമാന്റുകൾ ഉന്നയിച്ചുകൊണ്ട് ജൂൺ 22ന് എഐഡിഎസ്ഒ, എംജി സർവ്വകലാശയിലേയ്ക്ക് നടത്തിയ പ്രതിഷേധ മാർച്ച് സംസ്ഥാന സെക്രട്ടറി സഖാവ് ആർ. അപർണ ഉദ്ഘാടനം ചെയ്യുന്നു.




വ്യാജ ബിരുദങ്ങൾ, ആൾമാറാട്ടങ്ങൾ, തട്ടിപ്പുകൾ ഇവ സംബന്ധിച്ച് സമഗ്ര അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതിയും ആൾ ഇന്ത്യാ ഡെമോക്രാറ്റിക് സ്റ്റുഡന്റ്സ് ഓർഗനൈസേഷനും സംയുക്തമായി സംഘടിപ്പിച്ച കൺവൻഷൻ ജനകീയ പ്രതിരോധ സമിതി സംസ്ഥാന ജനറൽ സെക്രട്ടറി എം. ഷാജർഖാൻ ഉദ്ഘാടനം ചെയ്യുന്നു.

എത്ര നിയമവിരുദ്ധമാണെന്ന് ആരോപണങ്ങൾ ഉണ്ടെങ്കിലും ഉന്നത നേതാവിന്റെ ഭാര്യയ്ക്ക് അസോസിയേറ്റ് പ്രൊഫസർ പദവി നൽകി ആദരിക്കാൻ കണ്ണൂർ വാഴ്സിറ്റി തയ്യാറെടുക്കുകയാണ്.(അതിനെതിരെ യുജിസി തന്നെ ഇപ്പോൾ സുപ്രീം കോടതിയെ സമീപിച്ചിരിക്കുകയാണ്)

എം.കോം പ്രവേശനത്തിനുള്ള അവസാനതീയതി കഴിഞ്ഞെങ്കിലും എസ്എഫ്ഐ നേതാവിനുവേണ്ടി പുതിയ തീയതി നിശ്ചയിച്ച് പ്രവേശന വാതിൽ തുറന്നു കൊടുക്കുവാൻ കേരള സർവകലാശാലയിലെ ഉന്നതന്മാർക്ക് ഒരു മനഃസ്സാക്ഷിക്കുത്തുമുണ്ടായില്ല. രാഷ്ട്രീയ അധികാരം ദുർവിനിയോഗം ചെയ്യുന്ന ഒരുകൂട്ടം അധ്യാപക-വിദ്യാർത്ഥി സംഘടനാനേതാക്കൾ എല്ലാ വ്യവസ്ഥാപിത മാനദണ്ഡങ്ങളെയും തകർത്തെറിഞ്ഞ് വിദ്യാഭ്യാസ പ്രക്രിയയെ അന്തസ്സാരശൂന്യമാക്കിത്തീർക്കുന്നു.

ഗവേഷണ പ്രബന്ധങ്ങൾ എഴുതിക്കൊടുക്കുവാൻ ഒരു സംഘം പ്രവർത്തിക്കുന്നുവെന്ന വസ്തുത നേരത്തെ മുതൽ കേൾക്കുന്നതാണ്. എന്നാൽ, വ്യാജ മാർക്ക് ലിസ്റ്റുകളും സർട്ടിഫിക്കറ്റുകളും നിർമ്മിക്കുന്ന സംഘം സജീവമായി പ്രവർത്തിക്കുന്നുവത്രെ. കഠിനമായ പഠന-ഗവേഷണ പ്രവർത്തനം നടത്തുന്ന അക്കാദമിക രംഗത്തെ സമർപ്പിതരായവരെ അവഹേളിക്കുകയാണിവർ. ഒപ്പം, അക്കാദമികമായി മെറിറ്റിന്റെ സ്ഥാനത്തെ ചവറ്റുകുട്ടയിൽ എറിയുകയും ചെയ്യുന്നു. അതിലൂടെ വിദ്യാഭ്യാസത്തിന്റെ മഹത്വത്തെയാണ് അവർ ഇകഴ്ത്തുന്നത്.

## വിനാശകരമായ വിദ്യാഭ്യാസ നയം സൃഷ്ടിച്ച ദുരന്തം

അറിവും സാംസ്കാരിക മൂല്യങ്ങളും വളർത്തിയെടുക്കാൻ ചുമതലപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളെ കേവലം ഉപജീവനത്തിനുള്ള തൊഴിൽ പരിശീലനമാക്കി അധഃപതിപ്പിച്ച പരിഷ്കാരങ്ങളുടെ അനിവാര്യ പരിണതി. ഇപ്പോഴിതാ തട്ടിപ്പുകാർക്ക് ജന്മം നൽകുന്ന സമ്പ്രദായങ്ങളുടെ വിളനിലമായി മാറുന്ന പതനത്തിലാണ് ഉന്നത വിദ്യാഭ്യാസ മണ്ഡലം. വിജ്ഞാനത്തിന്റെ പ്രഭവ കേന്ദ്രങ്ങളായി പരിലസിക്കേണ്ട സ്ഥാപനങ്ങളാണ് സർവകലാശാലകൾ. ഉന്നത വിജ്ഞാനത്തിന്റെ ഇരിപ്പിടങ്ങളാണ് അവ. വിദ്യാഭ്യാസ പ്രക്രിയയിൽ ഭരണകൂടം ഇടപെടാൻ പാടില്ല എന്ന ജനാധിപത്യ വിദ്യാഭ്യാസ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ ഉരുവംകൊണ്ടതാണ് ആധുനിക സർവ്വകലാശാലകൾ. സെനറ്റും സിൻഡിക്കേറ്റും അക്കാദമിക സമിതികളുമെല്ലാം അങ്ങനെയാണ് ക്രമത്തിൽ വികസിച്ചു വന്നത്. സാമൂഹികതാല്പര്യമാണ് സർവകലാശാലകൾ ഉയർത്തപ്പിടിക്കാൻ ശ്രമിക്കുക. വ്യക്തിപരമോ സ്വാർത്ഥനിഷ്ഠമോ ആയ താൽപര്യങ്ങൾക്ക് അവിടെ ഒരുവിധ സ്ഥാനവുമില്ല. എന്നാൽ, സിപിഐ(എം) ഇക്കാലമത്രയും സർവകലാശാലകളെ തങ്ങളുടെ അധാർമിക രാഷ്ട്രീയ ചെയ്തികൾക്ക് തട്ടകമാക്കുകയാണ് ചെയ്തത്. വിജ്ഞാനത്തെയും വിജ്ഞാനം പ്രസരിപ്പിക്കുന്ന സദാചാര ധാർമിക മൂല്യങ്ങളെയും അവർ അഴിമതിയുടെ ചളിക്കുണ്ടിൽ ആഴ്ത്തിക്കളഞ്ഞു. നിസ്സാരമായ പദവികൾക്കുവേണ്ടി ഇടതുപക്ഷ ധാർമികതയുടെ കൊടി അവർ പണയപ്പെടുത്തി എന്നതിനാൽ ക്രിമിനൽ സംഘങ്ങൾക്ക് സർവകലാശാലകളെ കീഴടക്കാൻ എളുപ്പമായി.

അവയുടെയെല്ലാം ഫലമായി, സർവകലാശാല വിദ്യാഭ്യാസത്തിന്റെ വിശ്വാസ്യതയ്ക്ക് കളങ്കം സംഭവിച്ചിരിക്കുന്നു. കേന്ദ്ര സർക്കാർ ലക്ഷ്യം വെയ്ക്കുന്ന വലിയ അജണ്ടകളും അതിനു പിന്നിലുണ്ട് എന്ന് സൂക്ഷ്മമായി വിശകലനം ചെയ്താൽ മനസിലാക്കാനാവും.

## വിശ്വാസ്യത തകർക്കുന്നു

നിലവിലുള്ള സർവകലാശാല വിദ്യാഭ്യാസത്തെ നശിപ്പിക്കാൻ വിശ്വാസ്യത തകർക്കുക എന്നത് മോദി സർക്കാരിന്റെ പദ്ധതിയിൽ ഒന്നാണ്. അതിന് കഴിഞ്ഞാൽ വിദ്യാഭ്യാസ വിരുദ്ധമായ എല്ലാ അജണ്ടകളും സർക്കാരിന് നടപ്പാക്കാൻ എളുപ്പമാണ്. സർവകലാശാലകൾ നൽകുന്ന സർട്ടിഫിക്കറ്റിന് കൽപ്പിക്കപ്പെടുന്ന മൂല്യമില്ലാതാക്കുക. കമ്പോള വിദ്യാഭ്യാസ വ്യവസ്ഥയ്ക്ക് കേവലം നൈപുണി മതിയെന്നാണല്ലോ ദേശീയ വിദ്യാഭ്യാസ പരിഷ്കാരങ്ങളിൽ പറയുന്നത്. എന്തായാലും, ഉന്നത വിദ്യാഭ്യാസ രംഗത്ത് കേരളം അഭിമുഖീകരിക്കുന്ന പ്രതിസന്ധി വിശ്വാസ്യത നഷ്ടപ്പെട്ടുവെന്നതാണ്, വലിയ വിഭാഗം വിദ്യാർത്ഥികൾ സംസ്ഥാനത്തോട് ഗുഡ് ബൈ പറയുന്നുവെന്നതാണ്.(അതിന് മറ്റ് സാമ്പത്തിക സാമൂഹിക കാരണങ്ങളുമുണ്ട്)

സർവകലാശാലകളിലെ അഫി

(ശേഷം 3-ാം പേജിൽ)

# തെരുവുനായ ശല്യം: കരുക്കൾ നീക്കുന്ന കച്ചവടശക്തികൾ

**തെരുവുകളിൽ സ്വൈരവിഹാരം നടത്തുന്ന നായ്ക്കളുടെ എണ്ണവും അവയുടെ ആക്രമണങ്ങളും വൻതോതിൽ വർദ്ധിച്ചിരിക്കുന്നതിനാൽ ഗ്രാമ – നഗര വ്യത്യാസമില്ലാതെ കേരളത്തിലെ സാധാരണക്കാർ ഇന്ന് ഭീതിയിലാണ്. ഇക്കഴിഞ്ഞ മാസം കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട്, തെരുവ് നായ്ക്കളുടെ ആക്രമണത്തിൽ ഭിന്നശേഷിക്കാരനായ ഒരു പതിനൊന്നു വയസ്സുകാരൻ കൊല്ലപ്പെട്ടു. അതൊരു ഒറ്റപ്പെട്ട സംഭവമായിരുന്നില്ല.**



തെരുവുനായയുടെ കടിയേറ്റുവഴി 2022ൽ മാത്രം രണ്ടുലക്ഷം പേർക്കാണ് കേരളത്തിൽ പേവിഷ കുത്തിവെയ്പ്പ് എടുക്കേണ്ടി വന്നത്. 21 പേർ മരിച്ചു. പ്രതിരോധ കുത്തിവെയ്പ്പെടുത്തിട്ടും ആളുകൾ പേവിഷബാധയേറ്റ് മരിച്ച സംഭവങ്ങളുമുണ്ടായി. വളർത്തുമൃഗങ്ങൾക്ക് കടിയേൽക്കുന്നതും പേവിഷബാധയേൽക്കുന്നതും നിത്യസംഭവമാകുന്നു. വാഹനങ്ങൾക്കുനേരെയുള്ള തെരുവുനായ്ക്കളുടെ ആക്രമണവും, അവ സൃഷ്ടിക്കുന്ന അപകടങ്ങളും മരണങ്ങളും വേറെ.

ജനങ്ങളെ വളരെയധികം ബാധിക്കുന്ന പ്രശ്നമായിട്ടും സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ കാട്ടുന്നത് ആസൂത്രിതമായ അലംഭാവമാണ്. എബിസി(ആനിമൽ ബർത്ത് കൺട്രോൾ) പദ്ധതി കൂടുതൽ കാര്യക്ഷമമായി നടപ്പാക്കും എന്ന സ്ഥിരം പല്ലവി ആവർത്തിക്കുന്നതല്ലാതെ ഒരു നടപടിയും ഉണ്ടാകുന്നില്ല. കേന്ദ്രസർക്കാരാകട്ടെ പുതിയ നിയമം കൊണ്ടുവരാമെന്നു പറഞ്ഞ് കൈകഴുകുന്നു. നിവൃത്തികെട്ട് കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന് തെരുവുനായ പ്രശ്നത്തിനു പരിഹാരം തേടി സുപ്രീം കോടതിയെ സമീപിക്കേണ്ടി വന്നിരിക്കുന്നു. കേരള സംസ്ഥാന ബാലാവകാശ കമ്മീഷനും, തെരുവുനായ പ്രശ്നം കുട്ടികളുടെ അവകാശങ്ങളെയും സുരക്ഷയെയും ഗുരുതരമായി ബാധിക്കുന്നുവെന്നു ചൂണ്ടിക്കാട്ടി സുപ്രീം കോടതിയെ സമീപിച്ചിട്ടുണ്ട്. അതിനിടയിൽ, കേരളത്തിൽ നിർദ്ദയം നായ്ക്കളെ കൊന്നൊടുക്കുകയാണ് എന്ന മട്ടിലുള്ള പ്രചാരണവും ഒരു വശത്ത് നടക്കുന്നുണ്ട്. ഒരു കടലാസ് സംഘടന മേൽപ്പറഞ്ഞ, സുപ്രീം കോടതിയിലെ കേസിൽ കക്ഷി ചേരാൻ അപേക്ഷ നല്കിയിരിക്കുന്നു. സംസ്ഥാനത്ത് ആകെ 6600 തെരുവ് നായ്ക്കളേയുള്ളൂ എന്നതുൾപ്പടെയുള്ള വ്യാജവിവരങ്ങൾ നിറഞ്ഞ, ഈ അപേക്ഷ തള്ളിക്കളഞ്ഞിട്ടില്ലെന്നതാണ് ലഭ്യമായ വിവരം. ആരാണ് ഇത്തരം സംഘങ്ങൾക്ക് പിറകിലെന്ന് അന്വേഷിച്ചു ചെന്നാൽ തെരുവ് നായ പ്രശ്നം വഷളാക്കുന്നതിന്റെ പിറകിലെ കച്ചവടശക്തികളെ തിരിച്ചറിയാൻ കഴിയും.

തെരുവുനായ്ക്കളുമായി ബന്ധപ്പെട്ട് സുപ്രീം കോടതിയുടെയും ഹൈക്കോടതിയുടെയും മുന്നിൽ ഇക്കഴിഞ്ഞ രണ്ടു ദശകങ്ങൾക്കിടയിൽ തന്നെ നിരവധി കേസുകൾ വന്നിട്ടുണ്ട്. പക്ഷേ. ഇത്തരം പരാതികൾ ഉണ്ടാകുമ്പോൾ തന്നെ, അറിയപ്പെടുന്നതും അല്ലാത്തതുമായ മൃഗസ്നേഹി സംഘടനകൾ രംഗത്തു വരികയും, രാജ്യത്തെ തന്നെ ഏറ്റവും ഉയർന്ന സിറ്റിംഗ് ഫീസുള്ള അഭിഭാഷകർ കോടതികളിൽ തെരുവുനായ്ക്കൾക്കായി വാദിക്കാനെത്തുകയും ചെയ്യുന്നത് നമ്മൾ കാണുന്നു. 2016ൽ തെരുവുനായ പ്രശ്നം പഠിക്കാനും ആക്രമണത്തിനിരയായവർക്ക് നഷ്ടപരിഹാരം നല്കാനും സുപ്രീം കോടതി തന്നെ നിയോഗിച്ച ജസ്റ്റിസ് സിരിജഗൻ കമ്മീഷൻ തങ്ങളുടെ റിപ്പോർട്ട് സുപ്രീം കോടതിയിൽ 2022 സെപ്റ്റംബറിൽ സമർപ്പിച്ചു. സംസ്ഥാനത്തെ തെരുവുനായ്ക്കളുടെ എണ്ണവും, അവയിൽനിന്ന് കടിയേൽക്കുന്ന കേസുകളും കുത്തനെ വർദ്ധിക്കുന്നതായി കമ്മീഷൻ നിരീക്ഷിച്ചിരുന്നു. പ്രശ്നപരിഹാരത്തിനായി ആരോഗ്യവകുപ്പും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കൈക്കൊള്ളേണ്ടുന്ന അടിയന്തരനടപടികളെക്കുറിച്ച് കമ്മീഷൻ നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ റിപ്പോർട്ടിൽ ഇതുവരെ നടപടികൾ ഉണ്ടായിട്ടില്ല. അടിയന്തരപ്രാധാന്യം കൊടുക്കേണ്ട വിഷയമായിട്ടും കേസുകൾ അനന്തമായി നീളുന്നു. 2019ലെ ലൈവ്സ്റ്റോക്ക് സെൻസസ് അനുസരിച്ച് 2,89,986 തെരുവുനായ്ക്കളാണ് സംസ്ഥാനത്തുള്ളത്. സംസ്ഥാനത്ത് 170 പ്രദേശങ്ങളാണ് തെരുവുനായ പ്രശ്നം രൂക്ഷമായ ഹോട്ട്സ്പോട്ടുകളായി സംസ്ഥാന മൃഗസംരക്ഷണവകുപ്പ് ഇപ്പോൾ കണ്ടെത്തിയിട്ടുള്ളത്. പക്ഷേ പ്രശ്നപരിഹാരത്തിന് നടപടികളൊന്നുമില്ല. പ്രശ്നം കൂടുതൽ വഷളാക്കിയ സർക്കാരുകളുടെ സമീപനം, ആസൂത്രിതമായ അലംഭാവത്തിൽനിന്നും ഉണ്ടായിട്ടുള്ളതാണെന്ന് മുകളിൽ സൂചിപ്പിച്ചത് ഇതിനാലാണ്.

## എന്തുകൊണ്ട് തെരുവുനായ്ക്കൾ ഭീഷണിയാകുന്നു?

അടിസ്ഥാനപരമായി, നായ്ക്കൾ സവിശേഷബുദ്ധിയില്ലാത്ത, ചോദനകളാൽ നയിക്കപ്പെടുന്ന മൃഗങ്ങളാണെന്ന യാഥാർത്ഥ്യം നമ്മൾ മനസ്സിലാക്കണം. മനുഷ്യകുടുംബത്തോടൊപ്പം അതിലെ അംഗത്തെപ്പോലെ കഴിയാൻ അതിനു സാധിക്കുന്നത് അതൊരു സംഘമൃഗം(Pack Animal) ആണെന്നതു കൊണ്ടാണ്. മനുഷ്യർ വസിക്കുന്ന ഒരു പ്രദേശത്ത് ഒന്നോ രണ്ടോ തെരുവുനായ്ക്കൾ ഉണ്ടാകുന്നത് അത്ഭുതമൊന്നുമല്ല. എന്നാൽ, ഒരു പ്രദേശത്തെ നായ്ക്കളുടെ എണ്ണം വർദ്ധിക്കുമ്പോൾ ഈ സാഹചര്യം മാറുന്നു, മൃഗത്തിന്റെ സ്വഭാവവും മാറുന്നു. ഒന്നോ രണ്ടോ നായ്ക്കൾ മനുഷ്യർക്കിടയിൽ ഒത്തുജീവിക്കുന്നതു പോലെയല്ല, നായ്ക്കളുടെ ഒരു കൂട്ടം രൂപപ്പെടുമ്പോൾ. മൃഗത്തിന്റെ സഹജചോദനയനുസരിച്ച് തങ്ങളുടെ പ്രദേശവും ഭക്ഷണസ്രോതസ്സും അവ സംരക്ഷിക്കും. അവിടേക്ക് കടന്നുവരുന്നു എന്നു തോന്നുന്ന മറ്റ് മൃഗങ്ങൾക്കും മനുഷ്യർക്കുമെതിരെ അവ കൂട്ടമായി ആക്രമണം നടത്തും. അവയെക്കാൾ കരുത്തു കുറഞ്ഞതായി തോന്നുന്നവർക്കെതിരെയാകും കൂടുതൽ ആക്രമണം. സ്വാഭാവികമായും കുട്ടികളും പ്രായമായവരും ഇതിന് കൂടുതൽ ഇരകളാകുന്നു. വന്ധ്യംകരണം നടത്തിയാലോ കുത്തിവെയ്പ്പെടുത്താലോ നായ്ക്കൂട്ടത്തിന്റെ ഈ സഹജചോദന ഇല്ലാതാവില്ല. അതുകൊണ്ട്, ഒരു പ്രദേശത്ത് നായ്ക്കളുടെ വംശവർദ്ധനവും കൂട്ടംകൂടലും മനുഷ്യർക്ക് അപകടം തന്നെയാണ്, അത് തടയേണ്ടതുമാണ്.

വർദ്ധിക്കുന്ന ജനസംഖ്യയ്ക്കനുസരിച്ച് നൂതന സാങ്കേതികവിദ്യകളുപയോഗപ്പെടുത്തി മാലിന്യസംസ്ക്കരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനു പകരം, സർക്കാർ ഈ ഉത്തരവാദിത്തത്തിൽ നിന്നും തന്ത്രപൂർവ്വം പിന്മാറിത്തുടങ്ങിയതോടെ ഗ്രാമ-നഗര വ്യത്യാസമില്ലാതെ മാലിന്യക്കൂനകൾ വർദ്ധിച്ചു. ഇതിൽ അറവുമാലിന്യങ്ങളും ഭക്ഷണ അവശിഷ്ടങ്ങളും കൂടിയതോടെ, തെരുവിലെ നായ്ക്കൾക്ക് വമ്പിച്ച ഭക്ഷണസ്രോതസ്സായി. തെരുവുനായ്ക്കൾ ക്രമാതീതമായി പെറ്റുപെരുകുന്നതിൽ വർദ്ധിച്ച മാലിന്യം വലിയ പങ്കു വഹിക്കുന്നു എന്ന് എല്ലാ പഠനങ്ങളും ചൂണ്ടിക്കാട്ടുന്നുണ്ട്.

2001 മുതൽ എബിസി പദ്ധതി നിയമം മൂലം സ്ഥാപിതമായതോടെ, തെരുവുനായ്ക്കളുടെ എണ്ണം നിയന്ത്രിക്കുന്നതിനായി നായ്ക്കളെ പിടികൂടി കൊല്ലുന്നത് അവസാനിച്ചു. എന്നാൽ വന്ധ്യംകരിച്ചു എന്നു പറഞ്ഞയിടങ്ങളിൽ പോലും നായ്ക്കളുടെ എണ്ണം വർദ്ധിക്കുക മാത്രമാണ് ഉണ്ടായത്. ഉത്തരവാദിത്തം തദ്ദേശസ്ഥാപനങ്ങളുടെ മേൽ കെട്ടിവെച്ച് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ കൈയൊഴിയും. ഇപ്പോൾ ഒരു കുട്ടി കൊല്ലപ്പെട്ടതും അതിലേറെപ്പേർ പേവിഷബാധയേറ്റു മരിച്ചതുമായ ഭീകരമായ സാഹചര്യം നിലനിൽക്കെയും സംസ്ഥാനസർക്കാർ പറയുന്നത് കൂടുതൽ എബിസി സെന്ററുകൾ തുറക്കുമെന്നു മാത്രമാണ്. എന്നാൽ ഇതിലൂടെ മാത്രം ജനങ്ങൾ നേരിടുന്ന തെരുവുനായ ആക്രമണത്തിന്റെ പ്രശ്നം പരിഹരിക്കപ്പെടില്ല. അതിന് നിശ്ചിത എണ്ണത്തിൽ കൂടുതലുള്ള നായ്ക്കളെ തെരുവിൽ നിന്ന് ഒഴിവാക്കുകയും അപകടകാരികളായവയെ കൊല്ലുകയും വേണം. അതിനു പകരം ഇരുപതു വർഷത്തിലേറെയായിട്ടും ഫലമില്ലാത്തതും കാര്യക്ഷമമായി നടത്താൻ സാധിക്കാത്തതുമായ വന്ധ്യംകരണ പദ്ധതി മാത്രം ഉയർത്തിപ്പിടിക്കുന്നത് ആരുടെ താത്പര്യാർത്ഥമാണ്?

## എബിസി പദ്ധതി എന്ന തട്ടിപ്പ്

തെരുവുനായ്ക്കളുടെ എണ്ണം നിയന്ത്രിക്കാനും അവയിൽനിന്നുള്ള അപകടം കുറയ്ക്കാനും ആനിമൽ ബെർത്ത് കൺട്രോൾ പ്രോഗ്രാം എന്ന എബിസി പദ്ധതിയാണ് നടപ്പാക്കേണ്ടതെന്നാണ് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഔദ്യോഗിക നിലപാട്. 2001ലാണ് നായ്ക്കൾക്കായുള്ള ജനന നിയന്ത്രണ ചട്ടം, അഥവാ, എബിസി (ഡോഗ്സ്) വിജ്ഞാപനം ചെയ്യുന്നത്. ഈ വിജ്ഞാപനം വായിച്ചു നോക്കുമ്പോൾ അമ്പരപ്പിക്കുന്ന ചില വസ്തുതകൾ നമുക്ക് അവഗണിക്കാനാവില്ല. ഒന്നാമതായി, ഇത്രയും മൃഗവൈവിധ്യമുള്ള ഈ രാജ്യത്ത്, എന്തു കൊണ്ടാണ് നായ്ക്കൾക്ക് മാത്രമായി ഇങ്ങനെയൊരു നിയമം? 2001ലെ ഈ നിയമം വിജ്ഞാപനം ചെയ്തിരിക്കുന്നത്, അന്നത്തെ കേന്ദ്ര സാംസ്ക്കാരിക മന്ത്രാലയമാണ്. മൃഗസംരക്ഷണവകുപ്പിനെ മറികടന്ന് എങ്ങനെയാണ് സാംസ്ക്കാരികവകുപ്പിന് ഇങ്ങനെയൊരു ചട്ടം വിജ്ഞാപനം ചെയ്യാനാവുക? പദ്ധതി നടപ്പാക്കുന്നത് സ്വകാര്യ വ്യക്തികളുടെയും സ്വകാര്യ മൃഗക്ഷേമ സംഘടനകളുടെയും നിയന്ത്രണത്തിലായിരിക്കണം എന്നാണ് ഈ ചട്ടങ്ങൾ അനുശാസിക്കുന്നത്. അതിനു വേണ്ട സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കേണ്ടതും ചെലവു വഹിക്കേണ്ടതും ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനവും. സർക്കാർ സംവിധാനവും പണവും അടിസ്ഥാനസൗകര്യവുംപ്രയോജനപ്പെടുത്തി പെരുത്ത സാമ്പത്തികനേട്ടം ഉണ്ടാക്കുന്ന ഈ സ്വകാര്യ സംഘടനകളിൽ ചിലവ,

(ശേഷം 4–ാം പേജിൽ)

(2–ാം പേജിൽ നിന്ന്)

ലിയേറ്റഡ് കോളജുകളിൽ വൻതോതിൽ സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്നു എന്ന കണക്കുകൾഅതിലേക്ക് വിരൽ ചൂണ്ടുന്നു. കുത്തഴിഞ്ഞ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ മാത്രമല്ല ആർട്സ് ആന്റ് സയൻസ് കോളേജുകളിലും സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്നത് എന്തുകൊണ്ട്? അടിസ്ഥാന ഭൗതിക സാഹചര്യവും മികച്ച അധ്യാപകരും ഉണ്ടായിട്ടും കലാലയങ്ങൾ കുത്തഴിഞ്ഞ സ്ഥിതിയിൽ തുടരുന്നതിന് പിന്നിൽ പൊളിച്ചെഴുത്ത് അജണ്ടകൾ പ്രവർത്തിക്കുന്നുണ്ട്. ഒരു വശത്ത് സ്വതന്ത്ര സർവകലാശാലകളും കലാലയങ്ങളും ഇല്ലാത്ത കാലം വിഭാവനം ചെയ്യുന്ന പുതിയ ദേശീയ വിദ്യാഭ്യാസ നയം. മറുവശത്ത്, അക്രമ രാഷ്ട്രീയത്തിലൂടെ വിദ്യാർത്ഥികളുടെ രാഷ്ട്രീയ സ്വാതന്ത്ര്യത്തെ തടയുകയും ജനാധിപത്യ അന്തരീക്ഷത്തിന് അന്ത്യം കുറിക്കുകയും ചെയ്യുന്ന എസ്എഫ്ഐയും സംഘവും. വാസ്തവത്തിൽ, രണ്ടും ഒരുപോലെ ജനാധിപത്യ വിദ്യാഭ്യാസത്തെ കശാപ്പുചെയ്യുന്നു.

ചൂഷണത്തിലും അടിച്ചമർത്തലിലും അധിഷ്ഠിതമായ മുതലാളിത്തവാഴ്ച സ്വതന്ത്രചിന്തയെയും

## ആൾമാറാട്ടം, വ്യാജ ബിരുദം

വിജ്ഞാനവികാസത്തെയും മാനുഷികമൂല്യങ്ങളെയും ഭയക്കുന്നു. സർവകലാശാലകളുടെ സ്വയംഭരണാവകാശം തകർത്ത് അവയെ വരുതിയിലാക്കാൻ കക്ഷി ഭേദമെന്യെ മുതലാളിവർഗ സേവകർ ശ്രമിക്കുന്നത് അതുകൊണ്ടാണ്. സിപിഐ(എം) പോലുള്ള പാർട്ടികളുടെ അപചയം അവരെ നഗ്നരായ മുതലാളിത്ത സേവകരാക്കി അധഃപതിപ്പിച്ചിരിക്കുന്നു. പുതിയൊരു സമൂഹസൃഷ്ടിയുടെ ഉദാത്തമായ മൂല്യങ്ങൾ പുതിയ തലമുറയ്ക്ക് പ്രദാനം ചെയ്യാൻ ഇത്തരം പ്രസ്ഥാനങ്ങൾക്ക് ഇനി കഴിയില്ല. സംഘടനയിലെ ജീർണ്ണത സമൂഹത്തിലേക്ക് പടർത്തുന്ന സാമൂഹ്യ വിരുദ്ധമായ ദൗത്യമാണ് അവർക്കിനി നിറവേറ്റാനുള്ളത്. സംഘപരിവാറിന്റെ വിനാശകരമായ നീക്കങ്ങൾക്കെതിരെ നിലകൊള്ളാനുള്ള കെല്പ് നഷ്ടപ്പെട്ട ഇക്കൂട്ടർ സർവ്വ പ്രകാരേണയും അവർക്ക് ഒത്താശ ചെയ്യുന്ന സ്ഥിതിയിലെത്തിയിരിക്കുന്നു എന്നത് സാമൂഹ്യ പുരോഗതി കാംക്ഷിക്കുന്നവരും ഇടതുപക്ഷ ചിന്താഗതിക്കാരും ഗൗരവത്തോടെ സമീപിക്കേണ്ട വിഷയമാണ്. ഇതിനെതിരായ പ്രതിപ്രവാഹം സൃഷ്ടിക്കുന്നതിൽ സർവകലാശാലകളുടെ രാഷ്ട്രീയവും ധാർമ്മികവുമായ ഔന്നത്യം വീണ്ടെടുക്കുകയെന്ന കർത്തവ്യത്തിന് നിർണ്ണായക പ്രാധാന്യമുണ്ട്. പുതിയ ദേശീയ വിദ്യാഭ്യാസ നയത്തിനെതിരെ ഉറച്ച നിലപാടെടുത്തുകൊണ്ടേ വിദ്യാഭ്യാസ മേഖലയിലെ ഏതൊരു തകർച്ചയ്ക്കുമെതിരെ പൊരുതാനാകൂ. അതൊരു മഹാപ്രവാഹമായി വളർത്തിയെടുക്കുന്നതിൽ ഓരോ പുരോഗമന വിശ്വാസിയും സ്വന്തം പങ്ക് നിറവേറ്റേണ്ട സന്ദർഭമാണിത്. ■




ആഗസ്റ്റ് 9ന് നടക്കുന്ന ദേശീയ പ്രക്ഷോഭത്തിന് മുന്നോടിയായി സംയുക്തട്രേഡ് യൂണിയൻ സമിതി എറണാകുളത്ത് സംഘടിപ്പിച്ച സംസ്ഥാന കൺവൻഷനിൽ എഐയുറ്റിയുസി സംസ്ഥാന സെക്രട്ടറി സഖാവ് വി.കെ.സദാനന്ദൻ പ്രസംഗിക്കുന്നു.




എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽനിന്ന് അകാരണമായി 1031 പേരെ പുറത്താക്കിയതിനെതിരെ കാസർകോഡ് നടന്ന സമരപ്രഖ്യാപന സമ്മേളനത്തിൽ സഖാവ് കെ.പി.സജി പ്രസംഗിക്കുന്നു.


# നായ്ക്കളെ കൊന്നൊടുക്കുകയല്ല, തെരുവിൽനിന്ന് മാറ്റുകയാണ് വേണ്ടത്

(3-ാം പേജിൽ നിന്ന്)

ആന്റി റാബിസ് വാക്സിൻ ഉൽപ്പാദകരിൽ നിന്നും പണം പറ്റുന്നവരാണെന്ന ആരോപണം മാധ്യമങ്ങൾ ഉന്നയിച്ചിട്ടുണ്ട്. ഇന്ത്യയിലെ ഏറ്റവും വലിയ മൃഗക്ഷേമ സംഘടനകളിലൊന്നായ പീപ്പിൾ ഫോർ ആനിമൽസിന്റെ സ്ഥാപകയും ബിജെപി നേതാവുമായ മനേക ഗാന്ധി വാജ്പേയി സർക്കാരിൽ സാംസ്കാരിക വകുപ്പിന്റെ സ്വതന്ത്രചുമതലയുള്ള സഹമന്ത്രിയായിരുന്നപ്പോഴാണ്, തന്റെ അധികാരപരിധി മറികടന്ന് ഈ നിയമം കൊണ്ടുവന്നത്. പ്രതിരോധ വാക്സിൻ ഉൽപ്പാദകരുടെ കച്ചവടം കൊഴുപ്പിക്കാൻ സൗകര്യം ചെയ്തുനൽകുന്ന ഒന്നായാണ് എബിസി പദ്ധതി പ്രവർത്തിക്കുന്നത്. വ്യക്തമായ കച്ചവട താത്പര്യങ്ങൾ ഇതിൽ അടങ്ങിയിരിക്കുന്നു എന്നതുകൊണ്ടു തന്നെയാണ്, തികച്ചും പരാജയമെന്ന് ബോധ്യപ്പെട്ടിട്ടും ക്രമവിരുദ്ധവും യുക്തിരഹിതവുമായ ഈ നിയമം കോടതികളടക്കം ഇന്നും ഉയർത്തിപ്പിടിക്കുന്നത്.

നടക്കാത്ത വന്ധ്യംകരണത്തിന്റെ പേരിൽ ഖജനാവിൽനിന്ന് കോടികൾ കുത്തിച്ചോർത്തുന്ന പദ്ധതിയാണ് എബിസി. ഒരുദാഹരണം കാണുക. തിരുവനന്തപുരം നഗരത്തിൽ അടുത്തിടെ ഒരു മൃഗക്ഷേമ സംഘടന നടത്തിയ സർവ്വേ 8000-10000 വരെ തെരുവുനായ്ക്കൾ നഗരപരിധിയിൽ ഉണ്ടാകാമെന്നാണ് കണക്കാക്കുന്നത്. 2015ൽ നടന്ന സമാനമായ സർവ്വേയിൽ ഇത് 5000ത്തിനടുത്തായിരുന്നു. 2016-17 മുതൽ 2021-22 വരെ കോർപ്പറേഷൻ എബിസി പദ്ധതിയിലൂടെ 12,715 പട്ടികളെ വന്ധ്യംകരിക്കാൻ ചെലവിട്ടത് 2.41 കോടി രൂപയാണ് എന്ന കണക്കും ഇവിടെ ചേർത്തു വായിക്കണം. വന്ധ്യംകരണത്തിനുശേഷവും നഗരത്തിൽ പട്ടികളുടെ എണ്ണം ഇരട്ടിയായി എന്നത് വന്ധ്യംകരണം നടന്നിട്ടില്ല എന്നതിന്റെ വ്യക്തമായ തെളിവാണ്.

ഇതിനു പുറമേയാണ് വർഷാവർഷം നായകൾക്ക് പേവിഷ പ്രതിരോധ കുത്തിവെയ്പ്പുകൾ നല്കുന്നത്. രാജ്യം മുഴുവൻ അരങ്ങേറുന്ന ഈ പദ്ധതികളുടെ പേരിൽ കണക്കറ്റ തുക തദ്ദേശസ്ഥാപനങ്ങൾ മുടക്കുന്നു. പദ്ധതി നടപ്പാക്കിയയിടങ്ങളിൽ കണക്കിൽ കാട്ടിയിട്ടുള്ള അത്രയും നായ്ക്കളെ വന്ധ്യംകരിച്ചിട്ടുണ്ടോ, കുത്തിവെയ്പ്പെടുത്തിട്ടുണ്ടോ, എന്ന് പരിശോധിക്കാൻ ആരുമില്ല. എബിസി എന്ന തട്ടിപ്പിനു കീഴിൽ, നായ്ക്കളെ വെറുതെ പിടിച്ചുകൊണ്ടുപോയി തിരികെ ഉറന്ന വിടുകയാണ് ചെയ്യുന്നത്. അതിനാലാണ് സമ്പൂർണ്ണ വന്ധ്യംകരണം അവകാശപ്പെട്ട മേഖലകളിൽപോലും പട്ടികൾ പെറ്റുപെരുകിയത്. വന്ധ്യംകരണത്തിനും കുത്തിവെയ്പ്പിനും ശേഷം ഉറന്നുവിടണം എന്ന നിബന്ധനയുള്ളതുകൊണ്ട് വന്ധ്യംകരണവും കുത്തിവെയ്പ്പുമൊക്കെ കടലാസിലെ കണക്കുകൾ മാത്രം. തെരുവിൽ നിന്നു പിടികൂടുന്ന നായ്ക്കളെ കുത്തിവെയ്പ്പും വന്ധ്യംകരണത്തിനുശേഷം കെന്നലുകളിലും ഡോഗ് ഷെൽട്ടറുകളിലും പാർപ്പിക്കാൻ തീരുമാനിച്ചാൽ ഈ കള്ളക്കളിയുടെ വാതിൽ അടയും. തെരുവിൽനിന്ന് നായകളെ മാറ്റണമെന്നേ സാധാരണ ജനങ്ങൾ ആഗ്രഹിക്കുന്നുള്ളൂ. അതിന് അവയെ കൂട്ടക്കശാപ്പു നടത്തേണ്ടതില്ല. തെരുവിൽ നിന്നു മാറ്റി സംരക്ഷിക്കാൻ പാടില്ല എന്നു പറയുന്നത് സഹജീവിസ്നേഹമല്ല. അത്തരം ജന്തുസ്നേഹത്തിനു പിന്നിൽ നിഷ്കളങ്കമായ താത്പര്യങ്ങളുമല്ല.




**എല്ലാ തദ്ദേശഭരണ പ്രദേശങ്ങളിലും തെരുവുമൃഗങ്ങളെ പാർപ്പിക്കാൻ സംവിധാനങ്ങളുണ്ടാകണം. മൃഗക്ഷേമ സംഘടനകൾ ഇത്തരം സംവിധാനങ്ങൾ സ്വന്തം നിലയിൽ സ്ഥാപിച്ചു നടത്താനാണ് മുൻഗണന നൽകേണ്ടത്. കൃത്യമായ മേൽനോട്ടത്തോടെ നായ്ക്കളെ പിടികൂടി വന്ധ്യംകരണം നടത്തി ഈ ഷെൽട്ടറുകളിലാക്കണം. അക്രമസ്വഭാവമുള്ളതും പേയുള്ളവയുമായ നായ്ക്കൾക്ക് ദയാവധം നൽകണം.**

## കപടജന്തുസ്നേഹത്തിന്റെ മറവിൽ ഒളിച്ചുകടത്തുന്നത് നഗ്നമായ വിപണി താത്പര്യങ്ങൾ

എബിസി പദ്ധതി പലയിടത്തും പണം വാങ്ങി നടപ്പാക്കാനുള്ള കരാറെടുത്തിരുന്നത് മൃഗക്ഷേമ സംഘടനകൾ എന്ന ലേബലിലുള്ളവരും എൻജിഒകളുമായിരുന്നു. സമ്പൂർണ്ണ പരാജയമാണെന്ന് വ്യക്തമായിട്ടും ഇതിനുവേണ്ടി അതിശക്തമായ ലോബിയിങ്ങ് നടക്കുന്നു. വിവിധ കോടതികളിൽ പദ്ധതിക്കെതിരെയുള്ള കേസുകളിൽ എതിർവാദത്തിനായി വിലപിടിപ്പുള്ള അഭിഭാഷകരെത്തുന്നു. പദ്ധതിയെക്കുറിച്ച് യാതൊരു ഓഡിറ്റിങ്ങിനും തയ്യാറാകാതെ വീണ്ടും ഈ പദ്ധതിക്കായി മാത്രം സർക്കാരുകൾ വാദിക്കുന്നു. വ്യക്തമായ മനുഷ്യാവകാശലംഘനം ഉണ്ടായിട്ടും നീതിപീഠങ്ങൾ ഈ വിഷയത്തിൽ ഉദാസീനത പുലർത്തുന്നു. ഇതെല്ലാം കാണിക്കുന്നത്, അതിശക്തമായ കച്ചവടതാത്പര്യങ്ങൾ ഇതിനു പിന്നിൽ ഉണ്ടെന്നതാണ്.

വാക്സിന്റെ കമ്പോളം വികസിക്കണമെങ്കിൽ തെരുവുനായ്ക്കൾ കുറയാൻ പാടില്ല എന്ന കണക്കുകൂട്ടലാണ് ഈ പ്രശ്നത്തെ ഇന്നത്തെ മാനത്തിലെത്തിച്ചത്. നായകൾക്കുള്ള വന്ധ്യംകരണവും പ്രതിരോധകുത്തിവെയ്പ്പും, മനുഷ്യർക്ക് എടുക്കേണ്ട പ്രതിരോധ കുത്തിവെയ്പ്പുമെല്ലാം ശതകോടികളുടെ മൂല്യമുള്ള കമ്പോളമാണ്. തെരുവുനായ്ക്കൾ ഇല്ലാതായാൽ, അല്ലെങ്കിൽ അവയുടെ എണ്ണം കുറഞ്ഞാൽ നിലവിൽ ഈ മേഖലയിൽ കൊള്ളലാഭം കൊയ്യുന്ന കോർപ്പറേറ്റുകളുടെ ലാഭത്തിൽ കുറവു വരും. അവർ ഉത്പാദിപ്പിക്കുന്ന ചരക്കുകൾ അതായത്, പ്രതിരോധകുത്തിവെയ്പ്പിനും വന്ധ്യംകരണത്തിനും മനുഷ്യർക്കുള്ള കുത്തിവെയ്പ്പിനുമൊക്കെയുള്ള മെഡിക്കൽ ഉത്പന്നങ്ങൾ വിറ്റഴിയാതെ പോകും. ലാഭം, പരമാവധി ലാഭം-അതിനായി എന്തു വഴിയും സ്വീകരിക്കുക എന്ന കച്ചവട മുതലാളിത്തത്തിന്റെ സഹജസ്വഭാവമാണ്. ആ ലാഭതാത്പര്യം തന്നെയാണ് തെരുവുനായകൾക്ക് ഈ പ്രത്യേക പരിഗണന നേടിക്കൊടുക്കുന്നത്.

ആഗോള മൃഗവാക്സിൻ വ്യവസായം 12 ശതകോടി ഡോളർ മൂല്യമുള്ളതാണ്. ഇന്ത്യയിൽ ഇതിന്റെ മൂല്യം നിലവിൽ 100 കോടി ഡോളറായാണ് കണക്കാക്കുന്നത്. ഇതാകട്ടെ നിലവിൽ വളർന്നു കൊണ്ടിരിക്കുകയുമാണ്. ലോകത്ത് മൃഗങ്ങൾക്കുള്ള വാക്സിനുകളുടെ ഏറ്റവും വലിയ ഉത്പാദകരിലും ഉപഭോക്താക്കളിലും ഒരാളാണ് ഇന്ത്യ. കൂടാതെ, കേന്ദ്രസർക്കാർ നിലവിൽ പ്രഖ്യാപിച്ചിരിക്കുന്ന പേവിഷബാധയ്ക്കെതിരേയുള്ള ദേശീയ ആക്ഷൻ പ്ലാൻ അനുസരിച്ച്, രാജ്യത്തെ മുഴുവൻ നായകൾക്കും-തെരുവുനായ്ക്കളും വീടുകളിൽ വളർത്തുന്നവയും അടക്കം, പേവിഷ പ്രതിരോധ വാക്സിൻ നല്കേണ്ടതുണ്ട്. പ്രതിവർഷം ഇന്ത്യയിൽ 20,000 ഓളം മനുഷ്യർ പേവിഷബാധയാൽ മരിക്കുന്നു എന്നും റിപ്പോർട്ടുകൾ പറയുന്നു. ലക്ഷക്കണക്കിനു പേർക്ക് ഇവിടെ നായ്ക്കളുടെ കടിയേല്ക്കുന്നു. ഇവർക്കെല്ലാം പ്രതിരോധകുത്തിവെയ്പ്പുകൾ നല്കേണ്ടതുണ്ട്. അതും ശതകോടികളുടെ മൂല്യമുള്ള വിപണിയാണ്. അതായത്, വളരെ ലാഭസാധ്യതയുള്ള വലിയൊരു കമ്പോളം നായ്ക്കളുമായി ബന്ധപ്പെട്ട് നിലനില്ക്കുന്നു. കോടതികളിൽ കേസു കൊടുക്കാനെത്തുന്ന കടലാസ് സംഘടനകളെയും മറ്റ് മൃഗക്ഷേമ സംഘടനകളെയും സാമ്പത്തികമായി സഹായിക്കുന്നതിൽ ഈ കമ്പോളത്തിന്റെ ശക്തികൾ ഉണ്ടാകും എന്നു ന്യായമായും നമുക്കു സംശയിക്കാം. ജനങ്ങളുടെ സുരക്ഷയ്ക്ക് പുല്ലുവില കൽപ്പിക്കുന്ന എബിസി പോലെയുള്ള യുക്തിരഹിത നിയമങ്ങൾ നടപ്പാക്കണമെങ്കിൽ അതിനു പിന്നിൽ വമ്പിച്ച സാമ്പത്തിക താത്പര്യം തന്നെയാണ് എന്നതിൽ സംശയിക്കാനാകില്ല. മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ മുൻമേധാവി കൂടിയായ കേരളത്തിലെ ഒരു മുതിർന്ന ഐഎഎസ് ഉദ്യോഗസ്ഥൻ, വന്ധ്യംകരണത്തിന്റെയും പ്രതിരോധ കുത്തിവെയ്പ്പുകളുടെയുമൊക്കെ പിന്നിൽ 2800 കോടി രൂപയുടെ കച്ചവടമാണ് രാജ്യത്ത് ഒരു വർഷം നടക്കുന്നതെന്നും പട്ടികളെ കൊല്ലരുതെന്നും, അതിനെ പിടിച്ചാൽ തിരികെ പിടിച്ച സ്ഥലത്തു തന്നെ കൊണ്ടുവന്നു ഉറന്നുവിടണമെന്നും നിബന്ധനവെക്കുന്നതിനു പിന്നിൽ ഈ കോർപ്പറേറ്റ് താത്പര്യമാണെന്നും തുറന്നടിച്ചിരുന്നു. ആർക്കും ഖണ്ഡിക്കാനാകാത്ത സത്യമാണ് അദ്ദേഹം അവതരിപ്പിച്ചത്.

## എന്തു ചെയ്യണം?

പ്രശ്നംപരിഹരിക്കണമെങ്കിൽ അതിന് ബഹുമുഖനടപടികളാണ് വേണ്ടത്. ഒന്നാമതായി, എല്ലാ തദ്ദേശഭരണ പ്രദേശങ്ങളിലും തെരുവുമൃഗങ്ങളെ പാർപ്പിക്കാൻ മതിയായ സൗകര്യങ്ങളോടെ യുദ്ധകാലാടിസ്ഥാനത്തിൽ സംവിധാനങ്ങളുണ്ടാകണം. മൃഗക്ഷേമ സംഘടനകൾക്ക് ആത്മാർത്ഥതയുണ്ടെങ്കിൽ, അവർ ഇത്തരം സംവിധാനങ്ങൾ സ്വന്തം നിലയിൽ സ്ഥാപിച്ചു നടത്താനാണ് മുൻഗണന നൽകേണ്ടത്. രണ്ടാമതായി, നായ്ക്കളെ പിടികൂടാനുള്ള സംവിധാനങ്ങളും, അതിന് ശാസ്ത്രീയ പരിശീലനം കിട്ടിയ കൂടുതൽ ആളുകളെയും ഉപയോഗപ്പെടുത്തി, കൃത്യമായ മേൽനോട്ടത്തോടെ നായ്ക്കളെ പിടികൂടി വന്ധ്യംകരണം നടത്തി ഈ ഷെൽട്ടറുകളിലാക്കണം. മൂന്നാമതായി, അക്രമസ്വഭാവമുള്ളതും പേയുള്ളവയുമായ നായ്ക്കൾക്ക് ദയാവധം നൽകണം. വാസ്തവത്തിൽ നിലവിലെ നിയമങ്ങളിൽ തന്നെ അതിനുള്ള അനുമതിയുണ്ട്. എന്നാൽ അത് പ്രയോഗിക്കാൻ തയ്യാറാകുന്നില്ലെന്നു മാത്രം. തെരുവിൽ നിന്നും നായകളെ മാറ്റുക എന്നതിനു തന്നെയാണ് അടിയന്തര പ്രാധാന്യം നൽകേണ്ടതുണ്ട്. കൂടാതെ, സ്വകാര്യ വ്യക്തികൾക്ക് നായ്ക്കളെ വളർത്തുന്നതിന് ലൈസൻസിങ്ങും പ്രതിരോധകുത്തിവെയ്പ്പും നിർബന്ധമാക്കണം. ഇവയെ കൃത്യമായ ഇടവേളകളിൽ പരിശോധിക്കാനും ഉപേക്ഷിക്കപ്പെടുന്നില്ലെന്ന് ഉറപ്പാക്കാനും സംവിധാനമുണ്ടാകണം. അതേപോലെ തന്നെ, അപകടകാരികളായ പിറ്റ്ബുൾ പോലെയുള്ള ഇനങ്ങളെ വീടുകളിൽ വളർത്തുന്നത് നിരോധിക്കണം. ഷെൽട്ടറുകളിൽ സൂക്ഷിക്കുന്ന നായ്ക്കളെ സ്വകാര്യവ്യക്തികൾക്ക് ദത്തെടുത്തു വളർത്താൻ നല്കാവുന്നതാണ്. ഒപ്പം, മാലിന്യസംസ്കരണം സർക്കാരിന്റെ പൂർണ്ണ ഉത്തരവാദിത്തത്തിൽ കാര്യക്ഷമമാക്കണം. തെരുവുകളിൽനിന്നും നായ്ക്കളെ ഒഴിവാക്കി, പേവിഷബാധയിൽ നിന്ന് ജനങ്ങളുടെ ജീവൻ രക്ഷിക്കണം. സ്വസ്ഥമായി ജീവിക്കാനും സഞ്ചരിക്കാനുമുള്ള സാധാരണക്കാരുടെ അവകാശം സംരക്ഷിക്കപ്പെടണം. ■

# കാലാവസ്ഥാ വ്യതിയാനം ഇന്ത്യയിൽ നാശം വിതയ്ക്കുന്നു

കഴിഞ്ഞ ഏതാനും ദശാബ്ദങ്ങളായി ഇന്ത്യ കാലാവസ്ഥയിൽ വലിയ മാറ്റങ്ങൾക്ക് സാക്ഷ്യം വഹിക്കുകയാണ്. കഴിഞ്ഞ എട്ട്, ഒൻപത് വർഷങ്ങളായി ഇത് വളരെ പ്രകടമാണ്. ഹരിതവാതകങ്ങളുടെ യാതൊരു നിയന്ത്രണവും ഇല്ലാത്ത പുറന്തള്ളൽ ഇതിനൊരു കാരണമാണ്. പെട്രോളിയം പോലുള്ള ഫോസിൽ ഇന്ധനങ്ങളുടെ ഉപയോഗം, വാഹനങ്ങൾ പുറന്തള്ളുന്ന വിഷവാതകങ്ങൾ, മലിനീകരണനിയന്ത്രണ നിയമങ്ങൾ ലംഘിച്ച് ഫാക്ടറികൾ പുറന്തള്ളുന്ന വിഷവസ്തുക്കൾ തുടങ്ങിയവയൊക്കെ ഇതിന് കാരണമാകുന്നു. വീണ്ടുവിചാരമില്ലാത്ത വനനശീകരണം, ചിന്താശൂന്യമായ നഗരവൽക്കരണം, ഇക്കോ ടൂറിസവും വൻതോതിലുള്ള തീർത്ഥാടനവും ഒക്കെ പ്രോത്സാഹിപ്പിക്കാൻ എന്ന പേരിൽ പരിസ്ഥിതി സന്തുലനം താളംതെറ്റിക്കുന്ന സംരംഭങ്ങൾ തുടങ്ങിയവയും കാലാവസ്ഥാ വ്യതിയാനത്തിന് ഇടയാക്കുന്നു. ചുരുക്കത്തിൽ, പരിസ്ഥിതി ദുരന്തങ്ങൾ പ്രകൃതി കോപമല്ല, മനുഷ്യസൃഷ്ടിയാണ് എന്ന് വ്യക്തമാണ്.

1992 മുതൽ ഇന്ത്യയിൽ ഉഷ്ണതരംഗം മൂലം മരിച്ചത് 24,000 പേരാണെന്ന് അടുത്തിടെ പുറത്തുവന്ന പഠനം പറയുന്നു. "2050 ആകുമ്പോഴേക്കും ആരോഗ്യമുള്ള ഒരാൾക്കുപോലും അതിജീവിക്കാൻ കഴിയാത്ത തരത്തിൽ ഇത് മാരകമാകു"മെന്ന് ഒരു പഠനം പറയുന്നു. കൂടാതെ രാജ്യത്തിന്റെ 90% പ്രദേശങ്ങളും "അപകട" മേഖലയിലാകുമെന്നും പ്രവചിക്കുന്നു. കോടിക്കണക്കിനാളുകളുടെ നിലനിൽപ്പുതന്നെ ഇത് അപകടത്തിലാക്കുമത്രേ. 2023ൽ ഇന്ത്യയിൽ ഉണ്ടായ മാരകമായ ഒരു ഉഷ്ണതരംഗത്തിൽ പലസ്ഥലങ്ങളിലും ചൂട് 49 ഡിഗ്രി വരെ ഉയർന്നു.

2023ൽ ചില സ്ഥലങ്ങളിൽ 45 ഡിഗ്രി വരെ ചൂട് ഉയർന്നത് ലക്ഷക്കണക്കിന് ആളുകളുടെ ജീവിതത്തിൽ വലിയ ദുരന്തമായിത്തീർന്നു. 2023 ഏപ്രിൽ 16ന് മുംബൈയിൽ 13 പേർ സൂര്യാഘാതത്തിൽ മരിച്ചു. നൂറോളം പേരെ ആശുപത്രിയിൽ പ്രവേശിപ്പിക്കേണ്ടിവന്നു. രാജ്യത്ത് ചൂട് കൂടിയതുമൂലം 16,700 കോടി തൊഴിൽ മണിക്കൂറുകൾ നഷ്ടപ്പെട്ടതായി 2022ൽ ക്ലൈമറ്റ് ട്രാൻസ്പരൻസി റിപ്പോർട്ട് പറയുന്നു. 1990–99നെ അപേക്ഷിച്ച് ഇതിൽ 39% വർദ്ധന ഉണ്ടായിട്ടുണ്ട്. 2016നും 21നും ഇടയിൽ കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, മിന്നൽ പ്രളയം, ഉരുൾപൊട്ടൽ എന്നിവയൊക്കെ മൂലം 36 മില്യൺ ഹെക്ടർ സ്ഥലത്തെ കൃഷി നശിക്കുകയുണ്ടായി. 375 കോടി ഡോളറിന്റെ നഷ്ടമാണ് ഇതുവഴി ഉണ്ടായത്. അസഹനീയമായ ചൂടുമൂലം തൊഴിൽ സമയം വെട്ടിക്കുറച്ചതുവഴി വ്യവസായ, കാർഷിക, സേവന, നിർമ്മാണ മേഖലകളിൽ വലിയതോതിൽ വരുമാന നഷ്ടം ഉണ്ടായി. ഭാവിയിൽ ഇത് കൂടുതൽ മാരകമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. 2050ഓടെ പകൽ സമയത്ത് പുറത്തുള്ള ജോലികളിൽ 15% കുറവ് വരുമെന്ന് കണക്കാക്കപ്പെടുന്നു.

1986 – 2006 കാലയളവിൽ 1.5 ഡിഗ്രി ചൂട് കൂടിയപ്പോൾ മഴയുടെയും മഞ്ഞുവീഴ്ചയുടെയും ഒക്കെ കാര്യത്തിൽ 6% വർദ്ധനയാണ് ഉണ്ടായത്. ഇത് മൂന്ന് ഡിഗ്രി ആകുമ്പോൾ മൂന്നിരട്ടി ആയിരിക്കും മഴയുടെ അളവ് . കഴിഞ്ഞ 30 വർഷത്തിനിടയിൽ മഴയുടെ ക്രമത്തിലും വലിയ വ്യതിയാനം ഉണ്ടായിട്ടുണ്ട്. കൃഷി, വനസംരക്ഷണം മത്സ്യബന്ധനം, തുടങ്ങിയ മേഖലകളെ ഇത് സാമ്പത്തികമായി പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. മഞ്ഞുവീഴ്ചയുടെ കാര്യത്തിലും വലിയ വ്യത്യാസം ഉണ്ടാകും. 1.5ഡിഗ്രി ചൂട് കൂടുമ്പോൾ നദികൾ കരകവിഞ്ഞ് ഉണ്ടാകുന്ന നഷ്ടം 49 ശതമാനം വർദ്ധിക്കുമെന്ന് കണക്കാക്കപ്പെടുന്നു. ചുഴലിക്കാറ്റ് മൂലം ഉണ്ടാകുന്ന നഷ്ടം 5.7 ശതമാനം വർദ്ധിക്കും. ചൂട് മൂന്നു ഡിഗ്രി ഉയരുമ്പോൾ ഇതിനെ അപേക്ഷിച്ച് 4.6 മുതൽ 5.1 വരെ മടങ്ങ് ആയിരിക്കും നാശനഷ്ടം. ചൂട് കൂടുന്നതുവഴി ജിഡിപിയിൽ ഉണ്ടാകുന്ന നഷ്ടവും അത് ജീവിതനിലവാരത്തിൽ ഉണ്ടാക്കുന്ന പ്രതിഫലനവും 2050ൽ 2.8 ശതമാനവും 2100ൽ 8.7 ശതമാനവും ആയിരിക്കും. ആഗോളതാപനത്തിൽ 1.5 ഡിഗ്രി വർദ്ധനവ് ഉണ്ടായാൽ 1986–2006 കാലയളവിനെ അപേക്ഷിച്ച് തൊഴിലാളികളുടെ ഉത്പാദനക്ഷമതയിൽ 5% കുറവുണ്ടാകുമെന്നും റിപ്പോർട്ട് പറയുന്നു. ആഗോള താപനിലയിൽ 2.5 ഡിഗ്രിയുടെ വർദ്ധന ഉണ്ടായാൽ ഉൽപാദനക്ഷമതയിൽ രണ്ട് മടങ്ങിലേറെ കുറവുണ്ടാകും എന്നും കണക്കാക്കപ്പെടുന്നു.

എന്നാൽ ഇന്ത്യയിലെ ഭരണാധികാരികൾക്ക് ഒരു കുലുക്കവും ഇല്ല. ലാഭം വർദ്ധിപ്പിക്കാനുള്ള ത്വരയിൽ കുത്തകകളും ബഹുരാഷ്ട്ര കോർപ്പറേഷനുകളും പരിസ്ഥിതി നിയമങ്ങളൊക്കെ നിരന്തരം കാറ്റിൽ പറത്തുകയാണ്. അധ്വാനിക്കുന്നവരുടെ ജീവിതത്തിൽ എന്തൊക്കെ കെടുതികൾ ഉണ്ടായാലും കുത്തകകളുടെ വർഗ്ഗതാൽപര്യം സംരക്ഷിക്കപ്പെടുമെന്ന് ഉറപ്പാക്കുകയാണ് അവർക്ക് സേവ ചെയ്യുന്ന ബൂർഷ്വാ പാർട്ടികൾ ചെയ്യുന്നത്. ബിജെപി ഗവൺമെന്റ് കാലാവസ്ഥാവ്യതിയാനത്തെ നേരിടാനുള്ള നടപടികളെടുക്കുന്നതിനു പകരം അതിന് ആക്കം വർദ്ധിപ്പിക്കുന്ന നടപടികളാണ് എടുക്കുന്നത്. ഉത്തരാഖണ്ഡിൽ അടുത്തിടെ വലിയതോതിൽ ഉരുൾപൊട്ടലും മിന്നൽ പ്രളയവുമൊക്കെ ഉണ്ടായി. ഒന്നിലേറെ ജലവൈദ്യുത പദ്ധതികളും ചാർധാമിലേക്കുള്ള ഹിന്ദു തീർത്ഥാടന പദ്ധതികളും ഒക്കെ മണ്ണിന്റെ ഘടന തീരെ പരിഗണിക്കാതെ നടപ്പിലാക്കുന്നതിന്റെ ഫലമായിട്ടാണ് ഇതൊക്കെ സംഭവിക്കുന്നത്. രാജ്യത്ത് പല ഭാഗങ്ങളിൽ, വിശേഷിച്ച് തീരപ്രദേശങ്ങളിൽ സുനാമിയും കൊടുങ്കാറ്റുകളുമൊക്കെ ആവർത്തിച്ച് ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. മരുഭൂമിയിൽ പെരുമഴ പെയ്യുമ്പോൾ കൃഷിഭൂമിയിൽ വരൾച്ച അനുഭവപ്പെടുന്നു.

അടുത്തിടെ ബിജെപി ഗവൺമെന്റ് ആദിവാസികളെ കുടിയിറക്കി വനമേഖലയിൽ ഖനനവും വ്യവസായങ്ങളും ഒക്കെ നടത്താനും കാട്ടുവെട്ടിത്തെളിക്കാനുമൊക്കെ കോർപ്പറേറ്റുകൾക്ക് അനുമതി നൽകുന്ന നിയമ ഭേദഗതികൾ കൊണ്ടുവരികയുണ്ടായി. ശീതളപാനീയ വ്യവസായക്കാർക്ക് ഭൂഗർഭജലവും ഉപരിതല ജലവും വൻതോതിൽ ഊറ്റിയെടുക്കാനും അനുമതി നൽകിയിരിക്കുന്നു. ചില നദികളും നദീതടങ്ങളും പോലും കോർപ്പറേറ്റുകൾക്ക് വിറ്റിരിക്കുകയാണ്. ഇതെല്ലാം കാലാവസ്ഥാ വ്യതിയാനത്തിന് ആക്കം വർദ്ധിപ്പിക്കുകയും പണിയെടുക്കുന്നവരുടെ ജീവിതം കൂടുതൽ ദുരിതമയമാക്കുകയും ചെയ്യും.

പരിസ്ഥിതി നാശം, ആണവ അവശിഷ്ടങ്ങൾ ഉണ്ടാക്കുന്ന അപകടം, റേഡിയോ ആക്ടീവ് വസ്തുക്കളുടെ പ്രസരണം തുടങ്ങിയവയെ മുൻനിർത്തി പല രാജ്യങ്ങളും ആണവ വൈദ്യുതി നിലയങ്ങൾ അടച്ചുപൂട്ടിക്കൊണ്ടിരിക്കുമ്പോൾ ഇന്ത്യാഗവൺമെന്റ് ബദൽ ഊർജ്ജ ഉറവിടം എന്ന പേരിൽ ഈ ഉപേക്ഷിക്കപ്പെട്ട സാങ്കേതികവിദ്യകളും ഉപകരണങ്ങളും ഇന്ത്യയിലേക്ക് വാങ്ങിക്കൊണ്ടു വരികയാണ്. ഇതിന്റെ മറവിൽ ആണവായുധങ്ങൾ ഉണ്ടാക്കുകയാണ് ലക്ഷ്യം. പ്ലാസ്റ്റിക്ക് നിരോധിക്കാൻ വളരെ ശുഷ്കാന്തി കാണിക്കുന്നതായി ഭാവിക്കുന്ന കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ നിർമ്മാണം തടയാൻ യാതൊരു നടപടിയും എടുക്കുന്നില്ല. ഇത് പരിസ്ഥിതിക്ക് വലിയ ഹാനി വരുത്തിവയ്ക്കുന്നു. ഒരേസമയം വേട്ടക്കാരനോടൊപ്പവും ഇരയോടൊപ്പവും ഓടുകയാണ് അവർ.

ഇത് അനുസ്യൂതം തുടരാൻ അനുവദിക്കാമോ ? പാടില്ല. അപ്പോൾ, അന്തരീക്ഷ മലിനീകരണം ഉണ്ടാക്കുന്നതും കാലാവസ്ഥാ വ്യതിയാനത്തിനിടയാക്കുന്നതുമായ നടപടികൾക്കെതിരെ അണിനിരക്കാനും കൂട്ടായ ചെറുത്തുനിൽപ്പിന്റെ ഫലമായി ഗവൺമെന്റ് ഇത്തരം കൊല്ലാക്കൊലയുടെ മാർഗത്തിൽനിന്ന് പിന്തിരിയുന്നു എന്ന് ഉറപ്പാക്കാനുമുള്ള ഉത്തരവാദിത്വം നാം ഏറ്റെടുത്തേ മതിയാകൂ. ■

# രാജ്യദ്രോഹ കുറ്റത്തിൽ കൂടുതൽ കാർക്കശ്യത്തിന് നിയമ കമ്മീഷൻ ശുപാർശ

ഗവൺമെന്റിന് എതിരായ പ്രതിഷേധത്തെ അമർച്ച ചെയ്യാൻ 1870ൽ ബ്രിട്ടീഷ് ഗവൺമെന്റ് കൊണ്ടുവന്നതാണ് രാജ്യദ്രോഹനിയമം. ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ മർദ്ദക ഭരണത്തിന് ഇണങ്ങുന്നതായിരുന്നു അത്. എന്നാൽ, സ്വാതന്ത്ര്യലബ്ധിയെ തുടർന്ന് 1948ൽ രാജ്യദ്രോഹം എന്ന പദം ഭരണഘടനയിൽ നിന്ന് ഒഴിവാക്കി. പകരം ജനങ്ങൾക്ക് അഭിപ്രായസ്വാതന്ത്ര്യം അനുവദിക്കുന്ന 19(1)(എ) വകുപ്പ് ഉൾപ്പെടുത്തി. ബ്രിട്ടീഷ് സാമ്രാജ്യത്വവുമായി സന്ധിചെയ്ത് അധികാരം കയ്യടക്കിയ ഇന്ത്യൻ മുതലാളി വർഗ്ഗത്തിന് ഇത് സ്വീകാര്യമായില്ല. ഇന്ത്യയിലെ മുതലാളിത്ത ഭരണം ബ്രിട്ടീഷ് വാഴ്ചയേക്കാൾ മർദ്ദകസ്വഭാവം ഒട്ടും കുറഞ്ഞതായിരിക്കില്ല എന്നതിനാൽ ജനങ്ങളുടെ പ്രതിഷേധം ഉയർന്നുവരുമെന്ന് ന്യായമായും കരുതാമല്ലോ. അതുകൊണ്ടു തന്നെ, 1860ലെ ഇന്ത്യൻ ശിക്ഷാനിയമത്തിലെ രാജ്യദ്രോഹ കുറ്റം സംബന്ധിച്ച 124എ വകുപ്പ് അതേപടി നിലനിർത്തി. മൗലികാവകാശങ്ങൾക്കും പൗരസ്വാതന്ത്ര്യത്തിനുംമേൽ നിയന്ത്രണങ്ങൾ കൊണ്ടുവരുന്ന നിയമങ്ങളുടെ വ്യാഖ്യാനം വളരെ വികസ്വരം ആയിരിക്കണം എന്നത് നീതിന്യായത്തിലെ ഒരു അംഗീകൃത തത്വമാണ്. സുപ്രീം കോടതിയുടെയും വിവിധ ഹൈക്കോടതികളുടെയും നിരവധി വിധികൾ ഇത് വ്യക്തമാക്കിയിട്ടുണ്ട്.

വിഖ്യാതമായ കേദാർനാഥ് സിംഗ് vs സ്റ്റേറ്റ് ഓഫ് ബീഹാർ കേസിൽ സുപ്രീംകോടതിയുടെ അഞ്ചംഗ ഭരണഘടനാ ബെഞ്ച് 124എ വകുപ്പിന്റെ സാധുത അംഗീകരിച്ചെങ്കിലും ഗവൺമെന്റിനെ വിമർശിക്കുകയും അഭിപ്രായസ്വാതന്ത്ര്യം ഏകപക്ഷീയമായി വെട്ടിച്ചുരുക്കുന്നതിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും ചെയ്തു. എന്നാൽ, ഇന്ദിരാഗാന്ധിയുടെ ഭരണകാലത്ത് 1973ൽ ക്രിമിനൽ പ്രൊസീജിയർ കോഡ് ഭേദഗതി ചെയ്ത് വാറണ്ട് കൂടാതെ അറസ്റ്റ് ചെയ്യാമെന്ന വ്യവസ്ഥകൊണ്ടുവന്നു. അന്നുമുതൽ കോൺഗ്രസ്, ബിജെപി ഭേദമില്ലാതെ ബൂർഷ്വാ ഗവൺമെന്റുകൾ പ്രതിപക്ഷത്തിന്റെ വായടപ്പിക്കാൻ ഈ നിയമം ദുരുപയോഗം ചെയ്തു വരുന്നു. ഏതാനും വർഷങ്ങൾക്കു മുമ്പാണ്, തമിഴ്നാട്ടിലെ കൂടംകുളം ആണവ നിലയ പദ്ധതിക്കെതിരെ നീതി നിഷ്ഠമായി പ്രതിഷേധിച്ച 9000ത്തോളം പേർക്കെതിരെ "ഇന്ത്യാഗവൺമെന്റിനെതിരെ യുദ്ധപ്രഖ്യാപനം നടത്തി" എന്നാരോപിച്ച് രാജ്യദ്രോഹക്കുറ്റം ചുമത്തി കേസെടുത്തത്. 2014മുതൽ2019വരെയുള്ളബിജെപി ഭരണകാലത്ത് ഈ വകുപ്പ് ചുമത്തി 330 കേസുകൾ രജിസ്റ്റർ ചെയ്തതായി നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോ വ്യക്തമാക്കുന്നു. ഇതിൽ 3.3 ശതമാനം മാത്രമാണ് ശിക്ഷിക്കപ്പെട്ടത്.

ഇന്ത്യൻ നിയമ കമ്മീഷൻ അതിന്റെ 179-ാമത് റിപ്പോർട്ടിൽ ബ്രിട്ടീഷ് വാഴ്ചക്കാലത്തെ ഈ കരിനിയമം നിലനിർത്തണമെന്ന് മാത്രമല്ല അത് കൂടുതൽ കർശനമാക്കണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു. കർണാടക ഹൈക്കോടതിയിലെ മുൻ ചീഫ് ജസ്റ്റിസ് ഋതുരാജ് അവ്സ്തി അധ്യക്ഷനായ 22-ാം നിയമ കമ്മീഷൻ, 124എ വകുപ്പിൽ താഴെപ്പറയുന്ന ഭേദഗതി നിർദ്ദേശിക്കുകയുണ്ടായി. "ഒരാൾ എഴുതിയോ സംസാരത്തിലൂടെയോ സൂചനകളിലൂടെയോ ദൃശ്യമാംവിധമോ മറ്റു മാർഗ്ഗങ്ങളിലൂടെയോ നിയമപ്രകാരം സ്ഥാപിതമായ ഇന്ത്യാഗവൺമെന്റിനെതിരെ വെറുപ്പോ വിദ്വേഷമോ ജനിപ്പിക്കുകയോ അതിന് ശ്രമിക്കുകയോ, ഗവൺമെന്റിൽ അപ്രീതി ഉളവാക്കുകയോ അതിന് ശ്രമിക്കുകയോ ചെയ്താൽ അയാളെ മൂന്ന് വർഷം മുതൽ ജീവപര്യന്തം വരെ തടവു ശിക്ഷയ്ക്ക് വിധിക്കുകയും പിഴ ഈടാക്കുകയും ചെയ്യാം" എന്നതിനുപകരം 'അക്രമത്തിനോ ക്രമസമാധാന ഭംഗത്തിനോ പ്രേരിപ്പിച്ചാൽ' എന്നുകൂടി ചേർക്കുകയും മൂന്നുവർഷം തടവ് എന്നത് ഏഴ് വർഷം എന്ന് ആക്കുകയും ചെയ്തിരിക്കുന്നു.

ഈ ഭേദഗതി ഉൾപ്പെടുത്തിയാൽ യഥാർത്ഥ അക്രമത്തിന്റെയോ അത്തരമൊരു ഭീഷണിയുടെയോ അഭാവത്തിൽ പോലും ദേശദ്രോഹക്കുറ്റം ചുമത്താൻ കഴിയും. ഗവൺമെന്റിനെ സോഷ്യൽ മീഡിയയിൽ വിമർശിച്ചാൽ പോലും രാജ്യദ്രോഹി ആകുമെന്ന സ്ഥിതി സങ്കൽപ്പിക്കാൻപോലും ആകാത്തതാണ്. ഇത് ബ്രിട്ടീഷ് കാലത്തെ നിയമത്തെക്കാൾ കർക്കശമാണ്. മുതലാളിത്തം മരണാസന്നമായിരിക്കുന്ന, മുതലാളിത്ത വിരുദ്ധ സോഷ്യലിസ്റ്റ് വിപ്ലവത്തെ കുറിച്ചുള്ള ഭീതിയാൽ വേട്ടയാടപ്പെടുന്ന ഇന്നത്തെ മുതലാളിത്ത വ്യവസ്ഥയിൽ, ഫാസിസ്റ്റ് ഏകാധിപത്യ വാഴ്ചയുടെ നാളുകളിൽ ഇത് സ്വാഭാവികമാണ്. ശരിയായ വിപ്ലവ നേതൃത്വത്തിന് കീഴിൽ വളർന്നുവരുന്ന വർഗ്ഗ-ബഹുജന പ്രക്ഷോഭങ്ങളുടെ പരിസമാപ്തി എന്ന നിലയിൽ ഒരു വിപ്ലവം പൊട്ടിപ്പുറപ്പെടുന്നത് തടയാനായി ഈ മുതലാളിത്ത വ്യവസ്ഥ അതിന്റെ ആയുധങ്ങളെല്ലാം എടുത്ത് പ്രയോഗിക്കുകയാണ്. കർക്കശമായ ഈ രാജ്യദ്രോഹ നിയമവും അതിന്റെ ഭാഗം തന്നെയാണ്. ■

കലാപം നിലയ്ക്കാത്ത **മണിപ്പൂർ**

# ബിജെപി സർക്കാരിന്റെ മലയോര മേഖലകളിലെ കുടിയൊഴിപ്പിക്കൽ സംഘർഷത്തിന് വഴിയൊരുക്കി

*(1–ാം പേജിൽ നിന്ന്)*

എന്നാൽ രാഷ്ട്രീയ പ്രക്രിയ ഉപയോഗിച്ച് സൗഹാർദ്ദപരമായ പരിഹാരം കണ്ടെത്തുന്നതിന് പകരം, കുക്കി ഗ്രൂപ്പുകളുമായുള്ള സസ്പെൻഷൻ ഓഫ് ഓപ്പറേഷൻ കരാർ താൽക്കാലികമായി നിർത്തി വെക്കുകയാണ് സർക്കാർ ചെയ്തത്. ഇത് സ്ഥിതി കൂടുതൽ വഷളാക്കി. കുക്കി–സോമി ഗോത്രങ്ങളിൽ നിന്നുള്ള 10 എംഎൽഎമാർ "ഭരണഘടനയ്ക്ക് കീഴിൽ ഒരു പ്രത്യേക ഭരണം" വേണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. അതേസമയം, മണിപ്പൂരിന്റെ അഖണ്ഡത സംരക്ഷിക്കുമെന്ന് മുഖ്യമന്ത്രി എൻ.ബിരേൻ സിംഗ് പറഞ്ഞു. ഇതിനെത്തുടർന്ന്, ചിൻ–കുക്കി–മിസോ–സോമി–ഹമർ സമുദായത്തിൽപ്പെട്ട 10 മണിപ്പൂർ എംഎൽഎമാർ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായ്ക്ക് നൽകിയ മെമ്മോറാണ്ടത്തിൽ തങ്ങളുടെ ജനങ്ങൾക്ക് ബിജെപി നേതൃത്വത്തിലുള്ള സംസ്ഥാന സർക്കാരിൽ വിശ്വാസം നഷ്ടപ്പെട്ടുവെന്ന് പരാതിപ്പെട്ടു. നിലവിലെ അക്രമ പരമ്പരക്ക് ശേഷം താഴ്വരയിൽ പുനരധിവസിക്കുന്നതിനെക്കുറിച്ച് അവർക്കിനി ചിന്തിക്കാനാവില്ല.

സായുധ സേനയുടെ ഒരു വലിയ സംഘം അവിടെ നിലയുറപ്പിച്ചിട്ടുണ്ടെങ്കിലും അക്രമത്തിന് ഒരു കുറവും ഉണ്ടായിട്ടില്ല. മണിപ്പൂരിലെ അക്രമത്തിന് ഇരയായ ഒരാൾ പറയുന്നതനുസരിച്ച്, "മണിപ്പൂർ അക്രമവേളയിൽ ഞങ്ങൾക്ക് തക്ക സമയത്ത് സഹായം ലഭിച്ചില്ല. സർക്കാർ കൃത്യസമയത്ത് ഞങ്ങളെ സഹായിക്കുകയും അക്രമം നിയന്ത്രിക്കുകയും ചെയ്തിരുന്നുവെങ്കിൽ, ഇത്രയും വലിയ നാശനഷ്ടങ്ങൾ ഉണ്ടാകില്ലായിരുന്നു. ഇത് സംസ്ഥാന സർക്കാരിന്റെ പരാജയമാണ്." വാസ്തവത്തിൽ, ഈ കലാപം യഥാസമയം തടയാൻ കഴിയാത്തതിന്റെ പൂർണ്ണ ഉത്തരവാദിത്തം ബിജെപി നേതൃത്വത്തിലുള്ള കേന്ദ്ര–സംസ്ഥാന സർക്കാരുകൾക്ക് തന്നെയാണ്. ഒരു പൊതു ഇന്ത്യൻ ദേശീയ സ്വത്വത്തിൽ അലിഞ്ഞുചേരുന്നതിനു പകരം, ആളുകൾ മതം, ജാതി, ഭാഷ, വംശം എന്നിങ്ങനെ വിഭജിക്കപ്പെട്ടിരിക്കുന്നു.

## മണിപ്പൂരിന്റെ ഇന്ത്യയിലേക്കുള്ള പ്രവേശനം

ഇന്ത്യൻ സ്വാതന്ത്ര്യസമരം ശക്തിപ്രാപിച്ചപ്പോൾ മണിപ്പൂർ ജനത ഫ്യൂഡൽ രാജവാഴ്ചയ്ക്കെതിരെ ജനാധിപത്യത്തിനായി പൊരുതുകയായിരുന്നു. യഥാർത്ഥത്തിൽ, 1930–കളിൽ, ബ്രിട്ടീഷ് ഇന്ത്യയിൽ നിന്ന് വേർപെടുത്തപ്പെടുന്ന ബർമ്മയുടെ (ഇപ്പോൾ മ്യാൻമർ) ഭാഗമാകുന്നതിനുപകരം, ഇന്ത്യൻ സാമ്രാജ്യത്തിന്റെ ഭാഗമായി തുടരാനാണ് അവർ ആഗ്രഹിച്ചത്. ഇതിനായി അവർ ബ്രിട്ടീഷ് ഭരണകൂടവുമായി ചർച്ച നടത്തിയിരുന്നു. ഒടുവിൽ, 1949 സെപ്റ്റംബർ 21ന് മണിപ്പൂർ സ്വതന്ത്ര ഇന്ത്യയിലേക്ക് ലയിക്കുകയും 1949 ഒക്ടോബറിൽ മണിപ്പൂർ ഇന്ത്യൻ റിപ്പബ്ലിക്കിന്റെ ഭാഗമാവുകയും ചെയ്തു. 1956ൽ മണിപ്പൂരിനെ ഒരു കേന്ദ്ര ഭരണ പ്രദേശമാക്കി മാറ്റിയിരുന്നെങ്കിലും പിന്നീട് 1971ലെ വടക്കുകിഴക്കൻ പ്രദേശങ്ങൾ (പുനഃസംഘടന) നിയമത്തിന്റെ അടിസ്ഥാനത്തിൽ 1972ൽ സമ്പൂർണ സംസ്ഥാനമായി മണിപ്പൂർ.




അഖിലേന്ത്യാ പ്രതിഷേധ ദിനാചരണത്തിന്റെ ഭാഗമായി ആലപ്പുഴ ടൗണിൽ നടന്ന പ്രകടനം.

സ്വാതന്ത്ര്യം ലഭിച്ചതിനു ശേഷമുള്ള ഇന്ത്യൻ ഭരണകൂടം, കൊളോണിയൽ നയങ്ങൾ അതേപോലെ തുടരുകയാണ് ചെയ്തത്. 1950കളിലും 1970കളുടെ തുടക്കത്തിലും വിഭജിച്ച് ഭരിക്കാൻ വേണ്ടിയുള്ള ബ്രിട്ടീഷ് നയങ്ങൾ തുടരുക മാത്രമല്ല വിപുലീകരിക്കുകയും ചെയ്തു. അങ്ങനെ, മലയോര ഗോത്രങ്ങളെ 'പട്ടികവർഗങ്ങൾ' എന്നും ബാക്കിയുള്ളവരെ പൊതുവിഭാഗം എന്നും(പിന്നീട്, ഇവരിൽ പലരെയും മറ്റ് പിന്നോക്ക വിഭാഗങ്ങളായി തിരിച്ചിട്ടുണ്ട്) തിരിച്ചു. ഇതേ തുടർന്നുള്ള ഭിന്നത കാരണം മണിപ്പൂരിൽ സായുധരായ നാഗന്മാരും മെയ്തികളും തമ്മിലും നാഗന്മാരും കുക്കികളും തമ്മിലുമുള്ള ഏറ്റുമുട്ടലുകൾ പലപ്പോഴും പൊട്ടിപ്പുറപ്പെട്ടു. 'മണിപ്പൂർ ലാൻഡ് റവന്യൂ ആൻഡ് ലാൻഡ് റിഫോംസ് ആക്ട്, 1960', ആർട്ടിക്കിൾ 371 സി.ഡി എന്നിവ പോലുള്ള നിയമങ്ങൾ വഴി ഭൂമി പങ്കുവെച്ചത് കൂടുതൽ സംഘർഷങ്ങൾക്ക് കാരണമായി.

ബ്രിട്ടീഷ് കൊളോണിയൽ ഭരണത്തിനെതിരായ സ്വാതന്ത്ര്യസമരം, അതിന്റെ ജനാധിപത്യപരമായ ലക്ഷ്യങ്ങൾ പൂർണ്ണമായും നേടാതെ പാതിവെന്ത രീതിയിലാണ് അവസാനിച്ചത്. വിവിധ വംശീയ–മത–ഭാഷാ–പ്രാദേശിക വൈവിധ്യങ്ങൾ സാമൂഹികവും ചരിത്രപരവുമായ കാരണങ്ങളാൽ വിഭാഗീയതയായി വളർന്നു. സ്വതന്ത്ര ഇന്ത്യയിൽ ദേശീയ ബൂർഷ്വാസി അധികാരത്തിൽ വന്നതിനുശേഷം ഈ വിഭാഗീയതകൾ മാറി വിവിധ ജനവിഭാഗങ്ങൾ ഒരു പൊതു ഇന്ത്യൻ ദേശീയ സ്വത്വത്തിൽ ലയിക്കേണ്ടതായിരുന്നു. എന്നാൽ, അവർക്കിടയിലെ സംഘർഷങ്ങൾ വഷളാവുകയാണ് ഉണ്ടായത്. ജാതീയ–വംശീയ സംഘർഷങ്ങൾ, വർഗീയ സംഘർഷങ്ങൾ എന്നിവ ഇടയ്ക്കിടെ പൊട്ടിപ്പുറപ്പെടുന്ന രൂപത്തിലേക്ക് അത് വളർന്നു. എന്തുകൊണ്ട് വിവിധ സമുദായങ്ങൾക്കിടയിലുള്ള ഐക്യം വളർത്തിയെടുക്കാൻ സ്വതന്ത്ര ഇന്ത്യയിലെ ഭരണകൂടങ്ങൾ തുനിഞ്ഞില്ല എന്ന ചോദ്യം ഇവിടെ പ്രസക്തമാണ്. അതിനു പകരം, വംശീയ–വർഗീയ കലാപങ്ങളുടെയും കൂട്ടക്കൊലകളുടെയും അതിപ്രസരമാണ് നാം കാണുന്നത്. നൂറുകണക്കിന് നിരപരാധികളുടെ ജീവൻ അപഹരിക്കുകയും സ്വത്തുക്കൾ നശിപ്പിക്കുകയും ചെയ്യുന്ന ഒരു രാഷ്ട്രമായാണ് ഇന്ത്യ രൂപം കൊണ്ടത്. എന്തുകൊണ്ട് ഇങ്ങനെ സംഭവിച്ചു? എസ്‌യുസിഐ(സി) സ്ഥാപക ജനറൽ സെക്രട്ടറിയും പ്രമുഖ മാർക്സിസ്റ്റ് ചിന്തകനുമായ സഖാവ് ശിബ്ദാസ് ഘോഷിന്റെ അമൂല്യമായ പാഠം ഇവിടെ സ്മരണീയമാണ്:

"സാമ്രാജ്യത്വത്തിനെതിരായ രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ ഗതിയിൽ, വിവിധ ഭാഷകൾ സംസാരിക്കുന്നവരും വിവിധ മതങ്ങളിൽ വിശ്വസിക്കുന്നവരുമായ ഇന്ത്യൻ ജനത രാഷ്ട്രീയമായി ഒരു രാഷ്ട്രമായി മാറി. സാമൂഹിക ചുമതലകൾ നിറവേറ്റുന്നതിൽ പക്ഷേ നമ്മുടെ ദേശീയ വിമോചന പ്രസ്ഥാനത്തിന്റെ നേതൃത്വം പരാജയപ്പെട്ടു. ജന്മിത്തത്തിനും ജന്മിത്ത അനൈക്യത്തിനും മതപരമായ അടിമത്തത്തിനുമെതിരെ സമൂഹത്തിന്റെ ജനാധിപത്യവൽക്കരണത്തിനായുള്ള സാംസ്കാരിക




കോഴിക്കോട് നഗരത്തിൽ നടന്ന പ്രതിഷേധ യോഗം ജില്ലാ സെക്രട്ടറി സഖാവ് എ.ശേഖർ ഉദ്ഘാടനം ചെയ്യുന്നു.

വിപ്ലവങ്ങൾ, പൂർത്തീകരിക്കപ്പെട്ടില്ല. ഇന്ത്യൻ ജനത സാമൂഹികമായും സാംസ്കാരികമായും മതം, ജാതി, ഭാഷ, വംശം മുതലായവയാൽ വിവിധ വിഭാഗങ്ങളായി വിഭജിക്കപ്പെട്ടു". *(വർഗീതാ പ്രശ്നത്തെപ്പറ്റി, SW വാല്യം II)* സ്വാതന്ത്ര്യത്തിന് മുമ്പും ശേഷവും 'നമ്മളെല്ലാം ഇന്ത്യാക്കാരാണ്' എന്ന സന്ദേശം മണിപ്പൂരിലെ മാത്രമല്ല, വടക്കുകിഴക്കൻ മേഖലയിലെ മറ്റ് ജനവിഭാഗങ്ങളിലേക്കും എത്തിക്കാൻ കോൺഗ്രസ് നേതൃത്വത്തിന് അവസരമുണ്ടായിരുന്നെങ്കിലും, ആ ഉത്തരവാദിത്തം അവർ ഏറ്റെടുത്തില്ല.

## എന്താണ് ഇപ്പോഴത്തെ സംഘർഷത്തിന് കാരണം

മണിപ്പൂർ നിവാസികൾ പ്രധാനമായും മൂന്ന് സമുദായങ്ങളിൽ പെട്ടവരാണ്. ജനസംഖ്യയുടെ 53 ശതമാനത്തോളം വരുന്ന മെയ്തികൾ ഇംഫാൽ താഴ്വരയിലാണ് കൂടുതലും താമസിക്കുന്നത്. നാഗന്മാരും കുക്കികളും ഉൾപ്പെടുന്ന ആദിവാസികൾ മലയോര ജില്ലകളിലാണ് താമസിക്കുന്നത്. മേയ്തികൾ 2,000 വർഷത്തിലേറെയായി സ്ഥിരതാമസമാക്കിയ ഒരു കാർഷിക സമൂഹമായാണ് അറിയപ്പെടുന്നത്. പതിനെട്ടാം നൂറ്റാണ്ടിന്റെ മധ്യത്തിൽ ബ്രിട്ടീഷ് ഭരണാധികാരികൾ കുക്കികളെ മണിപ്പൂർ കുന്നുകളിൽ സ്ഥിരതാമസമാക്കാനും അവരുടെ ചുമട്ടുതൊഴിലാളികളും കൂലിപ്പടയാളികളും ആയി ജോലി ചെയ്യാനും കൊണ്ടുവന്നു. 'വിഭജിച്ച് ഭരിക്കുക' എന്ന തങ്ങളുടെ ദുഷിച്ച അജണ്ടയെ അടിസ്ഥാനമാക്കി, മെയ്തികളും കുക്കികളും തമ്മിൽ ഭിന്നത വളർത്തിയെടുത്തത് ബ്രിട്ടീഷ് ഭരണാധികാരികളാണ്. ബ്രിട്ടീഷ് സാമ്രാജ്യത്വവുമായി ഒത്തുതീർപ്പിലൂടെ അധികാരം നേടിയെടുത്ത ഇന്ത്യൻ ദേശീയ ബൂർഷ്വാസി, ഈ വിഭാഗീയത തങ്ങളുടെ വർഗ താൽപ്പര്യത്തിന് അനുയോജ്യമാണെന്ന് തിരിച്ചറിഞ്ഞു. അതിനാൽസ്വാതന്ത്ര്യത്തിന് ശേഷവും സ്ഥിതി മാറിയില്ല. അങ്ങനെ, മണിപ്പൂർ സംഘർഷഭരിതമായി തുടർന്നു.

## വർഗീയ ബിജെപി അധികാരത്തിൽ വന്നതോടെ സ്ഥിതി സങ്കീർണ്ണമായി

ഭൂരിഭാഗം മെയ്തികളും ഹിന്ദുമത വിശ്വാസികളാണ്. കുക്കികൾ ക്രിസ്ത്യാനികളും. വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ പരമ്പരാഗത മതങ്ങളെ തങ്ങളുടെ ബാനറിനു കീഴിൽ കൊണ്ടുവരാൻ ബിജെപി ശ്രമിച്ചു. അതിന്റെ ഭാഗമായി, മറ്റ് മതങ്ങൾക്കെതിരെ, പ്രധാനമായും ക്രിസ്തുമതത്തിനും ഇസ്ലാമിനും എതിരെ വിദ്വേഷ പ്രചാരണം വളർത്തിക്കൊണ്ടിരുന്നു. അതിനാൽ, മെയ്തികളും കുക്കികളും തമ്മിലുള്ള മതപരമായ ഭിന്നത കൂടുതൽ രൂക്ഷമായി. കേന്ദ്ര ബിജെപി സർക്കാർ കുക്കികളെ പിന്തുണക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചപ്പോൾ, സംസ്ഥാന ബിജെപി–സർക്കാർ സംഘട്ടനവും അക്രമവും വർദ്ധിപ്പിക്കാൻ മെയ്തികൾക്കൊപ്പം നിന്നു.

എന്നാൽ അസ്ഥിരമായ ഈ സാഹചര്യം കൂടുതൽ അപകടകരമാകുന്നതിലേക്ക് നയിച്ച മറ്റ് കാരണങ്ങളുമുണ്ട്. പരിസ്ഥിതിലോലമായ മലയോര മേഖലകളിൽ അനധികൃത കുടിയേറ്റക്കാർക്കെതിരെ ബിജെപി സർക്കാർ കഴിഞ്ഞ ഫെബ്രുവരിയിൽ കുടിയൊഴിപ്പിക്കൽ നടപടി ആരംഭിച്ചതോടെയാണ് സംഘർഷം ആരംഭിച്ചത്. എന്നാൽ, കുക്കികളുടെ അഭിപ്രായത്തിൽ, 1000–ത്തിലധികം ആളുകൾ വീതമുള്ള 38 ഗ്രാമങ്ങൾ കഴിഞ്ഞ 50–60 വർഷങ്ങളായി ഇവിടെ നിലനിൽക്കുന്നുണ്ടായിരുന്നു. വനസംരക്ഷണത്തിന്റെയും "പുറത്തുള്ളവരെ" നീക്കം ചെയ്യുന്നതിന്റെയും പേരിൽ നടത്തുന്ന കുടിയൊഴിപ്പിക്കലുകൾ ഉപജീവനത്തിനായി കുന്നുകളെ ആശ്രയിക്കുന്ന ആളുകൾക്കിടയിൽ അരക്ഷിതാവസ്ഥ ഉണ്ടാക്കുന്നു; പുനരധിവാസത്തിനും നഷ്ടപരിഹാരത്തിനും വഴിയുണ്ടാക്കാതെ അങ്ങനെ ചെയ്യുന്നത് അനീതിയുടെ ആഴം വർദ്ധിപ്പിക്കുന്നു. ഈ വിഷയം പാർട്ടിക്കകത്ത് ഉന്നയിക്കാനും പാർട്ടിയുടെ സംസ്ഥാന നേതൃത്വത്തിൽ മാറ്റം ആവശ്യപ്പെടാനും ഭരണകക്ഷിയായ ബിജെപിയുടെ ചില ഗോത്രവർഗ എംഎൽഎമാർ ശ്രമിച്ചു.

ഈ വർഷം മാർച്ചിൽ, ആദിവാസികളുടെ ഭൂമി കയ്യേറിയെന്നാരോപിച്ച് കുക്കി ജനത നടത്തിയ പ്രതിഷേധ റാലിയിൽ കാങ്പോപ്പിയിൽ അഞ്ച് പേർക്ക് പരിക്കേറ്റിരുന്നു. ഈ സംഭവത്തെത്തുടർന്ന്, മാർച്ച് 11 ന്, ബിജെപി നയിക്കുന്ന സംസ്ഥാന ഗവൺമെന്റ് ത്രികക്ഷി ചർച്ചകളിൽ നിന്ന് പിന്മാറിക്കൊണ്ട് കുക്കികൾക്കെതിരെ പ്രതികാരം ചെയ്തു. രണ്ട് സായുധ രാഷ്ട്രീയ ഗ്രൂപ്പുകളായ കുക്കി നാഷണൽ ആർമി, സോമി റെവല്യൂഷണറി ആർമി എന്നിവയുമായുള്ള സസ്പെൻഷൻ ഓഫ് ഓപ്പറേഷൻ കരാർ പിൻവലിച്ചു. ആദിവാസി സംഘടനകൾ വനം കയ്യേറ്റക്കാരെ പ്രക്ഷോഭത്തിന് പ്രേരിപ്പിക്കുകയാണെന്നും റാലിക്ക് സംഘടനകളുടെ പിന്തുണയുണ്ടെന്നും സർക്കാർ പറഞ്ഞു. ആദിവാസികളുടെ ഉടമസ്ഥതയിലുള്ള വനഭൂമി ബലം പ്രയോഗിച്ച് കൈവശപ്പെടുത്തുക, വനവാസികളായ

(ശേഷം 7–ാം പേജിൽ)

# നിയമവിരുദ്ധ പോപ്പി കൃഷിയിലും മയക്കുമരുന്ന് വ്യാപാരത്തിലും മുഴുവൻ കുക്കി ജനതയും പങ്കാളികളാണെന്ന ആരോപണം പ്രകോപനപരമായി

**കലാപം നിലയ്ക്കാത്ത മണിപ്പൂർ**

(6-ാം പേജിൽ നിന്ന്)

പാവപ്പെട്ട ജനങ്ങളെ കുടിയൊഴിപ്പിക്കുക, വനം ഉപയോഗപ്പെടുത്തി വൻ ലാഭം കൊയ്യാൻ കുത്തകകൾക്കും ബഹുരാഷ്ട്ര കോർപ്പറേഷനുകൾക്കും അവസരമൊരുക്കുക എന്നീ ലക്ഷ്യത്തോടെയുള്ള ഇപ്പോഴത്തെ സർക്കാരിന്റെ പ്രഖ്യാപിത നയത്തിന് അനുസൃതമായി ആദിവാസി കുന്നുകളിലെ വനഭൂമി ഇനിമുതൽ സർക്കാരിന്റെ ഉടമസ്ഥതയിൽവരും എന്ന് ഗവണ്മെന്റ് പ്രഖ്യാപിച്ചു. ഗോത്രവർഗ കുക്കികൾ അത്തരമൊരു പ്രഖ്യാപനത്തിൽ രോഷാകുലരായിരുന്നു. തങ്ങളെ വീടുകളിൽ നിന്നും കുടിയൊഴിപ്പിക്കുക മാത്രമല്ല, മൊത്തത്തിൽ നശിപ്പിക്കാനുള്ള ഗൂഢാലോചന നടക്കുകയാണെന്ന് അവർ ആരോപിക്കുന്നു.

ഈ പശ്ചാത്തലത്തിൽ, കുക്കികൾ സ്വാഭാവികമായും അരക്ഷിതാവസ്ഥയിലാണ്. ഒരു പ്രത്യേക കുക്കി ഭരണം സ്ഥാപിക്കണമെന്ന് അവർ ആവശ്യപ്പെടുന്നു. മണിപ്പൂരിലെരാഷ്ട്രീയ-സാമ്പത്തിക അധികാരം നിയന്ത്രിക്കുന്ന മെയ്തികൾക്ക് പ്രത്യേകാവകാശം നൽകുന്നതിനായി തങ്ങളെ അടിച്ചമർത്തുകയാണ് എന്ന ബോധ്യത്തിൽനിന്നാണ് ഈ ആവശ്യം ഉടലെടുത്തത്. ഒരു പ്രത്യേക ഭരണകൂടം, അവരുടെ സ്വത്വം സംരക്ഷിക്കുമെന്ന് കുക്കികൾ വാദിക്കുന്നു. പ്രത്യേക ഭരണപ്രദേശത്തിന്റെ പേരിൽ തെറ്റായ വ്യാഖ്യാനങ്ങൾ പ്രചരിപ്പിക്കാൻ ഒരു വിഭാഗം ബൂർഷ്വാ മാധ്യമങ്ങൾ ശ്രമിക്കുന്നുണ്ടെങ്കിലും സാധാരണ കുക്കികൾ മണിപ്പൂരിൽ നിന്ന് പുറത്തുപോകാൻ ഉദ്ദേശിക്കുന്നില്ല എന്നതാണ് സത്യം.

അതിനിടെ, നിയമവിരുദ്ധ പോപ്പി കൃഷിയിലും മയക്കമരുന്ന് വ്യാപാരത്തിലും മുഴുവൻ കുക്കി ജനതയും പങ്കാളികളാണെന്ന് ആരോപിച്ച് മെയ്തി സമുദായത്തിൽപ്പെട്ടമണിപ്പൂരിലെബിജെപി മുഖ്യമന്ത്രി പ്രസ്താവനയിറക്കി. മണിപ്പൂരിലെ കുക്കികളുടെ പരമോന്നത സംഘടനയായ കുക്കി ഇൻപി മണിപ്പൂർ (കെഐഎം) ഈ ആരോപണം തെറ്റാണെന്നും മണിപ്പൂരിലെ "സ്വേച്ഛാധിപത്യ ഭരണ"ത്തിനെതിരായ ആദിവാസി സമൂഹങ്ങളുടെ വിയോജിപ്പിൽ നിന്ന് ശ്രദ്ധ തിരിക്കാൻ ഉദ്ദേശിച്ചുള്ളതാണെന്നും വിശേഷിപ്പിച്ചു. ബിജെപി ഭരിക്കുന്ന സംസ്ഥാന സർക്കാർ തങ്ങളെ പ്രത്യേകം ലക്ഷ്യം വെക്കുന്നതിനെതിരെ കുക്കി സമുദായത്തിനുള്ളിൽ രോഷവും കുമിഞ്ഞുകൂടിയിരുന്നു. മെയ്തികൾക്ക് പട്ടികവർഗ പദവി നൽകാനുള്ള മെയ്തി ട്രൈബ് യൂണിയന്റെ അഭ്യർത്ഥന നാലാഴ്ചയ്ക്കകം പരിഗണിക്കാൻ ഈ വർഷം മാർച്ച് 27ന് മണിപ്പൂർ ഹൈക്കോടതി, സംസ്ഥാന സർക്കാരിനോട് നിർദ്ദേശിച്ചതോടെ സ്ഥിതി കൂടുതൽ വഷളായി. ഇതുവരെ, ആദിവാസി മേഖലകളിൽ ഭൂമി വാങ്ങാൻ ആദിവാസികൾ അല്ലാത്തവർക്ക് അനുവാദമില്ലായിരുന്നു (മെയ്തികൾക്കും മറ്റ് ആദിവാസികളല്ലാത്തവർക്കും സമതലങ്ങളിൽമാത്രമേഭൂമികൈവശം വയ്ക്കാൻ കഴിയൂ). അതേസമയം ആദിവാസികൾക്ക് സമതലങ്ങളിൽ ഭൂമി വാങ്ങാനും സ്വന്തമാക്കാനും കഴിയും. മണിപ്പൂർ പോലുള്ള സംസ്ഥാനങ്ങളിലെ ആദിവാസി വിഭാഗങ്ങളുടെ ഭൂമിയുടെ മേലുള്ള അവകാശം സംരക്ഷിക്കാൻവേണ്ടി ഭരണഘടന നൽകുന്ന പരിരക്ഷയാണ് ഇത്തരം നിയമങ്ങൾ. എന്നാൽ മെയ്തികൾക്ക് പട്ടികവർഗ പദവി നൽകിയാൽ, കുക്കികളുടെ താൽപ്പര്യത്തിന് വിരുദ്ധമായി വനഭൂമി വാങ്ങാൻ അവർക്ക് അർഹതയുണ്ടാകും.

കൂടാതെ, സംസ്ഥാന ബിജെപി സർക്കാർ പൊതുവെ കുക്കി ജനസംഖ്യ അനധികൃത പോപ്പി കൃഷിയിൽ ഏർപ്പെട്ടിരിക്കുകയാണെന്നും ഉൽപ്പന്നങ്ങൾ അതിർത്തി രാജ്യമായ മ്യാൻമറിലേക്ക് കടത്തുന്നുവെന്നും ആരോപിക്കുന്നു. ഈ അനധികൃത പോപ്പി കച്ചവടം മാഫിയയും മയക്കമരുന്ന് കടത്തും വളരാൻ ഇടയാക്കുകയാണെന്നും സർക്കാർ ആരോപിച്ചു. ഇത് നിയമവിരുദ്ധമാണ്, നിയന്ത്രിക്കേണ്ടതുണ്ട് എന്ന പേരിൽ വനപ്രദേശങ്ങളിൽ വലിയ തോതിലുള്ള അടിച്ചമർത്തൽ നയങ്ങൾ സർക്കാർ സ്വീകരിച്ചു. അതിനെ "മയക്കമരുന്ന് പ്രഭുക്കന്മാർ" ക്കെതിരായ യുദ്ധം എന്ന് വിളിക്കുന്നുവെങ്കിലും, യഥാർത്ഥത്തിൽ ഇത് കുക്കികളെ ലാക്കാക്കിയുള്ള യുദ്ധമാണ്. മുൻ ബിജെപി സർക്കാരിന്റെ കാലത്ത് ഇതിന്റെ പേരിൽ മലയോര ജില്ലകളിലെ 14,315 ഏക്കർ പോപ്പി കൃഷിഭൂമി സുരക്ഷാസേന നശിപ്പിക്കുകയും, ആദിവാസികളുടെ വലിയൊരുഭാഗം ഭൂമി കൈവശപ്പെടുത്തുകയും ചെയ്തിരുന്നു.




സെക്രട്ടേറിയറ്റിന് മുന്നിൽ നടന്ന പ്രതിഷേധ യോഗത്തിൽ ജില്ലാ സെക്രട്ടറി സഖാവ് ആർ.കുമാർ പ്രസംഗിക്കുന്നു.




പാലക്കാട് ടൗണിൽ നടന്ന യോഗത്തിൽ ജില്ലാ സെക്രട്ടറി സഖാവ് എ.അബ്ദുൾ അസീസ് പ്രസംഗിക്കുന്നു.

ഒരു ഹെക്ടർ സ്ഥലത്ത് നെൽകൃഷിക്ക് ഒരു ലക്ഷം രൂപ ലഭിക്കുമ്പോൾ, പോപ്പി കൃഷിക്ക് ഏകദേശം 7 മുതൽ 8 ലക്ഷം രൂപ വരെ ലഭിക്കുന്നുണ്ട്. കുക്കികൾക്ക് ഉപജീവനമാർഗം കണ്ടെത്താൻ അവസരമൊരുക്കാതെ ഈ മയക്കമരുന്ന് കൃഷിയിലേക്ക് അവരെ തള്ളിവിടുകയായിരുന്നു. മലനിരകളിലെ ദൈനംദിന ജീവിതം വളരെ ദുഷ്കരമാണ്, വർദ്ധിച്ചുവരുന്ന ദാരിദ്ര്യത്താൽ അത് കൂടുതൽ കഠിനമാവുകയുമാണ്. ആദിവാസികൾക്ക് അടിസ്ഥാന സൗകര്യങ്ങൾപോലും ലഭിക്കാത്ത അവസ്ഥയിലാണ്. ഇംഫാലിൽ നിന്ന് കഷ്ടിച്ച് മൂന്ന് മണിക്കൂർ മാത്രം അകലെയുള്ള മലനിരകളിലെ ഉഖ്റുലിൽ ആംബുലൻസ് ലഭിക്കാനോ അടിസ്ഥാന രക്ത പരിശോധനയോ ഫിസിയോതെറാപ്പിയോ ചെയ്യാനോ പോലും ബുദ്ധിമുട്ടാണ്. ചികിത്സാ സൗകര്യങ്ങളുടെ അഭാവത്തിനപ്പുറമെ രൂക്ഷമായ ജലക്ഷാമവും ഇവിടെയുണ്ട്. ഇന്നും ആളുകൾക്ക് അവരുടെ ഗ്രാമങ്ങളിൽനിന്ന് നിത്യോപയോഗ സാധനങ്ങൾ വാങ്ങാൻ കിലോമീറ്ററുകൾ നടന്ന് ഉഖ്റുലിലേക്ക് പോകണം. എന്നാൽ സർക്കാർ ഈ യാഥാർത്ഥ്യം അവഗണിക്കുകയും പോപ്പി ഉൽപാദനത്തിന് കുക്കികളെകുറ്റപ്പെടുത്തുകയും ചെയ്യുന്നു. ഈ അനധികൃത പോപ്പി കച്ചവടം നിയന്ത്രിക്കുന്ന മാഫിയകൾ സത്യത്തിൽ സർക്കാരിന്റെ രഹസ്യാനുഗ്രഹം ആസ്വദിക്കുന്നവരുമാണ്. ഈ മാഫിയകൾ, അവരേത് വംശത്തിൽ പെട്ടവരാണെങ്കിലും ബൂർഷ്വാ ഗവൺമെന്റുകളുടെ പിന്തുണയുള്ളസായുധ കുറ്റവാളികൾ ആയിരിക്കും. എന്നിട്ടും, മയക്കമരുന്ന് കടത്തും പോപ്പി കള്ളക്കടത്തും കൈകാര്യം ചെയ്യുന്നതിന്റെ പേരിൽ, കുക്കികൾക്കെതിരായ ആക്രമണം തുടരുകയാണ്. കുക്കികൾ ഈ ആക്രമണത്തെ 'വംശീയ ഉന്മൂലനത്തിന്റെ' തന്ത്രമായി കാണുന്നു. മറുവശത്ത്, 'നിയമവിരുദ്ധ' കുക്കി നുഴഞ്ഞുകയറ്റക്കാരാൽ തങ്ങൾ ന്യൂനപക്ഷമാകുമെന്ന ഭയം പ്രചരിപ്പിച്ച് സാധാരണ മെയ്തികളെ അക്രമത്തിന് ഇളക്കിവിടുന്നു.

## ഇപ്പോഴത്തെ അക്രമത്തിന്റെ തുടക്കം

മെയ്തികൾക്ക് എസ്ടി പദവി നൽകാനുള്ള മണിപ്പൂർ ഹൈക്കോടതി ഉത്തരവിനെതിരെ ഓൾ ട്രൈബൽ സ്റ്റുഡന്റ്സ് യൂണിയൻ മണിപ്പൂർ കഴിഞ്ഞ മെയ് 3ന് എല്ലാ ജില്ലകളിലും ഐക്യദാർഢ്യ മാർച്ച് നടത്തിയതിന് പിന്നാലെയാണ് കലാപം ആരംഭിച്ചത്. ചുരചന്ദ്പൂർ ജില്ലയിലെ ടോർബംഗിലെ മെയ്തി സെറ്റിൽമെന്റിൽ സായുധതീവ്രവാദിഗ്രൂപ്പുകൾ ആക്രമണം നടത്തുകയും മെയ്തികളുടെ വീടുകൾകത്തിക്കുകയും 4000ത്തോളം മെയ്തികളെ പ്രദേശത്തുനിന്ന് പലായനം ചെയ്യാൻ നിർബന്ധിക്കുകയും ചെയ്തു. തുടർന്ന് കുക്കി സായുധ സംഘങ്ങൾ ഉയർന്ന പ്രദേശങ്ങളിൽ നിന്ന് താഴേക്കിറങ്ങി മെയ്തി ഗ്രാമങ്ങളെ ആക്രമിക്കാൻ തുടങ്ങി. താമസിയാതെ, മെയ്തി സംഘങ്ങൾ ഇംഫാൽ പ്രദേശത്തെ കുക്കി സെറ്റിൽമെന്റുകൾ ലക്ഷ്യമിടാൻ തുടങ്ങി.

കലാപം പടർന്ന് 20 ദിവസത്തിന് ശേഷവും സാധാരണ നില പുനഃസ്ഥാപിക്കാൻ കഴിയാത്തതിനെത്തുടർന്ന്, മെയ്തികളുടെ മുൻനിര ഗ്രൂപ്പായ കംഗ്ലീപാക് കൻബ ലുപ്പ് (കെകെഎൽ), പരാജയപ്പെട്ട ബിജെപി മുഖ്യമന്ത്രി രാജിവെക്കാൻ ആവശ്യപ്പെട്ടു. മണിപ്പൂരിൽ വംശീയ കലഹം തുടരുന്നതിനാൽ, പ്രത്യേക കുക്കി ഭരണകൂടത്തിന്റെ ആവശ്യത്തിന് പിന്തുണ വർദ്ധിച്ചു. പ്രധാനമായും തങ്ഖുൽ ഗോത്രത്തിൽപ്പെട്ടവരും പ്രത്യേകിച്ച് മണിപ്പൂരിലെ ഉഖ്റുൽ ജില്ലയിൽ പ്രബലരായ നാഗന്മാരും പ്രത്യേക സംസ്ഥാനത്തിനായുള്ള കുക്കി ആവശ്യത്തെ എതിർക്കുന്നു. എന്നാൽ അവർ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന വംശീയ അക്രമങ്ങളിൽ നിന്ന് വിട്ടുനിൽക്കുകയാണ്. കുക്കി എന്ന് തിരിച്ചറിയപ്പെടുന്നവരിൽ ഭൂരിഭാഗവും മ്യാൻമറിൽ നിന്നുള്ള അനധികൃത കുടിയേറ്റക്കാരാണെന്ന് കണ്ടെത്തി നാട്ടുകടത്തേണ്ടവരാണ് എന്ന് ഭരണകക്ഷികളുടെ പിന്തുണ ആസ്വദിക്കുന്ന മെയ്തികൾക്കിടയിലെ വർഗീയ-സങ്കുചിത ശക്തികൾ വാദിക്കുന്നു. മത-ഭാഷാ ന്യൂനപക്ഷങ്ങളിൽപെട്ട യഥാർത്ഥ ഇന്ത്യൻ പൗരന്മാരെ "അനധികൃത കുടിയേറ്റക്കാർ" എന്ന് തരംതിരിക്കുകയും നാടുകടത്തുകയോ തടങ്കൽ കേന്ദ്രങ്ങളിലേക്ക് അയക്കുകയോ ചെയ്യുന്ന അസം സാഹചര്യത്തെ ഇത് ഓർമ്മിപ്പിക്കുന്നു. എന്നാൽ കുക്കികളുടെ അഭിപ്രായത്തിൽ, 1,000-ത്തിലധികം ആളുകൾ വീതമുള്ള 38 ഗ്രാമങ്ങൾ കഴിഞ്ഞ 50-60 വർഷങ്ങളായി നിലനിൽക്കുന്നു. സമീപകാലത്തെ അക്രമം, തീവെപ്പ്, കൊള്ള, നിർബന്ധിത കുടിയേറ്റം എന്നിവ മണിപ്പൂരിലെ മെയ്തികൾക്കൊപ്പമുള്ള ജീവിതം അസാധ്യമാക്കുന്നുവെന്ന് കുക്കികൾ വാദിക്കുന്നു. ബിജെപി ഭരിക്കുന്ന സംസ്ഥാന ഗവൺമെന്റിന്റെ "തിരഞ്ഞുപിടിക്കൽ" നയത്തിനെതിരായ രോഷം നിലവിലെ പ്രതിഷേധ മാർച്ചിലും പ്രകടമായി. ഇത് അക്രമത്തിലേക്ക് നയിച്ചു.

സംസ്ഥാനം കത്തിക്കൊണ്ടിരിക്കുമ്പോഴും, പ്രധാനമന്ത്രിക്കോ ആഭ്യന്തര മന്ത്രിക്കോ അവിടെ എത്താൻ സമയം കിട്ടിയിട്ടില്ല, കാരണം അവർ കർണാടകയിൽ തിരഞ്ഞെടുപ്പ് പ്രചരണത്തിലായിരുന്നു. കർണ്ണാടക തെരഞ്ഞെടുപ്പായിരുന്നു അവർക്ക് മുഖ്യം. രാജ്യഭരണത്തിന്റെ ഉന്നതരെന്ന നിലയിൽ ദുരിതമനുഭവിക്കുന്ന ജനങ്ങൾക്ക് അരികിലെത്താനോ ആശ്വാസം നൽകാനോ അവർ തയാറായില്ല. എന്നാൽ, കർണാടക തെരഞ്ഞെടുപ്പിൽ പരാജയപ്പെട്ടതിനുശേഷം, സാധാരണ നില പുനഃസ്ഥാപിക്കുന്നതിനായി വിവിധ വിഭാഗങ്ങളുമായി സംസാരിക്കുമെന്ന പ്രഖ്യാപനത്തോടെ ആഭ്യന്തര മന്ത്രി മെയ് 29ന് മണിപ്പൂരിൽ ഇറങ്ങി. അവിടെ വെച്ച് അക്രമത്തെ പ്രേരിപ്പിക്കുന്നതിൽ ബിജെപി ഭരിക്കുന്ന സംസ്ഥാന സർക്കാരിന്റെ സംശയാസ്പദമായ പങ്കിനെക്കുറിച്ചുള്ള ചോദ്യത്തെ അദ്ദേഹം കൗശലപൂർവ്വം അവഗണിക്കുകയും പകരം തീ ആളിക്കത്തിച്ചതിന് കോടതിവിധിയെ കുറ്റപ്പെടുത്തുകയും ചെയ്തു.

## മുതലാളിത്തം സൃഷ്ടിച്ച സായുധ സംഘങ്ങൾ എല്ലാ സമുദായങ്ങളിലും

മണിപ്പൂരിലെ എല്ലാ സമുദായങ്ങൾക്കും സായുധ സംഘങ്ങൾ ഉണ്ട് എന്നത് സ്ഥിതിഗതികൾ കൂടുതൽവഷളാക്കുന്നു. ഈ സായുധ ഗ്രൂപ്പുകളും വിമത ഗ്രൂപ്പുകളും രാഷ്ട്രീയ പാർട്ടികളുമായി ബന്ധപ്പെട്ടിരിക്കുന്നു. അധികാരത്തിന്റെ ഇടനാഴിയിൽ ഈ അവിശുദ്ധ ബന്ധത്തിൽ നിന്ന് വേറിട്ടുനിൽക്കാൻ കഴിയുന്ന ഒരു രാഷ്ട്രീയ പാർട്ടിയും ഇല്ല. ആയുധങ്ങൾ എവിടെ നിന്ന് വരുന്നു? മാധ്യമ

(ശേഷം 8-ാം പേജിൽ)

# മെയ്തികൾക്ക് പട്ടികവർഗ പദവി നൽകാനുള്ള മണിപ്പൂർ ഹൈക്കോടതി ഉത്തരവ് ഇതര വിഭാഗങ്ങളെ രോഷാകുലരാക്കി

(7–ാം പേജിൽ നിന്ന്)

റിപ്പോർട്ടുകൾ പ്രകാരം, അക്രമത്തിന്റെ ആദ്യ ദിവസങ്ങളിൽ മെയ്തി സമുദായത്തിൽപ്പെട്ട സായുധ സംഘങ്ങൾ മണിപ്പൂർ പോലീസ് ട്രെയിനിംഗ് കോളേജ്, രണ്ട് പോലീസ് സ്റ്റേഷനുകൾ, ഇംഫാലിലെ ഒരു ഐആർബി ബറ്റാലിയൻ ക്യാമ്പ് എന്നിവിടങ്ങളിൽ നിന്ന് 1,000ലധികം ആയുധങ്ങളും 10,000 റൗണ്ട് ബുള്ളറ്റുകളും കൊള്ളയടിച്ചു. മണിപ്പൂരിൽ. ഈ ആയുധങ്ങൾ അക്രമം നിലനിർത്താൻ അധികാരികൾ സായുധ സംഘങ്ങൾക്ക് "സമ്മാനം" നൽകിയതാണെന്ന കിംവദന്തികൾ പ്രചരിക്കുന്നുണ്ട്. വോട്ട് ലക്ഷ്യമാക്കിയുള്ള രാഷ്ട്രീയ പാർട്ടികളും സംഘടിത വംശീയ വിഭജനത്തിൽ കളിക്കുകയും സങ്കുചിത രാഷ്ട്രീയ നേട്ടങ്ങൾക്കായി അവരെ ചൂഷണം ചെയ്യുകയുമാണ്. മെയ്തി സമുദായത്തെ പിന്തുണച്ചും അവരെ ഹിന്ദുക്കളായി ഉയർത്തിക്കാട്ടിയും പ്രശ്നം പരിഹരിക്കാനുള്ള ബിജെപിയുടെ ശ്രമം സ്ഥിതിഗതികൾ കൂടുതൽ വഷളാക്കുകയേയുള്ളൂ. പല മെയ്തികളും അവരുടെ സായുധ സംഘങ്ങളും അവരുടെ ഹിന്ദു ബന്ധം നിരസിക്കുകയും തിരികെ പോയി അവരുടെ പഴയ സംസ്കാരവും മതവും വീണ്ടെടുക്കുകയും ചെയ്തു. കോൺഗ്രസിനോടും പ്രാദേശിക പാർട്ടികളോടുമുള്ള അതൃപ്തിക്ക് ശേഷമാണ് മണിപ്പൂരിലെ ജനങ്ങൾ ബിജെപിക്ക് വോട്ട് ചെയ്തത്. വംശീയമോ മതപരമോ ആയ വ്യത്യാസമില്ലാതെ ശരിയായ ചിന്താഗതിക്കാരായ മണിപ്പൂരികൾ സായുധ സംഘങ്ങളെയും ഫലത്തിൽ ഭരണവർഗത്തിന്റെ പിണിയാളുകളായ വിഭജന ശക്തികളെയും വിമർശിക്കുന്നു.

## ബ്രിട്ടീഷുകാരുടെ 'വിഭജിച്ച് ഭരിക്കൽ' നയമാണ് ഇന്ത്യയും പിന്തുടരുന്നത്

ഇന്ത്യയിലെ ബൂർഷ്വാ ഗവൺമെന്റ് നിലനിൽക്കുന്ന വിഭാഗീയത ഇല്ലാതാക്കാൻ ഒരു ശ്രമവും നടത്തിയിട്ടില്ല. മാത്രവുമല്ല തങ്ങളുടെ നീചമായ വർഗ താൽപ്പര്യങ്ങൾക്കനുസൃതമായി 'വിഭജിച്ച് ഭരിക്കുക' എന്ന ബ്രിട്ടീഷ് പാരമ്പര്യം പിന്തുടരാനാണ് അവർ ശ്രമിച്ചത്. ഇന്ത്യയിൽ ചേരുന്നതിനെ എതിർത്ത വർഗീയ-പ്രാദേശിക ശക്തികളെ, പിന്നീട് ഭരിച്ച സർക്കാരുകൾ ജനങ്ങളുടെ മനസ്സിൽ ഭിന്നിപ്പും പൊരുത്തക്കേടുകളും നിലനിർത്താനായി ഉപയോഗിച്ചു. ഭരണസംവിധാനത്തിന്റെ രക്ഷാകർതൃത്വത്തോടെ, വർഗീയ-വംശീയ കലാപത്തിന് പ്രേരണ നൽകുന്ന വിധം, മെയ്തികൾ, കുക്കികൾ എന്നിവരിൽ നിന്നുള്ള വിവിധ സായുധ ഗ്രൂപ്പുകളും ആ സംസ്ഥാനത്ത് ഉയർന്നുവന്നു. മെയ്തി, കുക്കി വിഭാഗങ്ങൾ തമ്മിലുള്ള വിള്ളലുകൾ ആഴത്തിൽ തുടർന്നു. മണിപ്പൂരിലെയും കേന്ദ്രത്തിലെയും ഗവൺമെന്റുകൾ പല തവണ മാറി. എന്നാൽ, വർഗീയ അന്തരീക്ഷത്തിന് അയവ് വന്നില്ല, മറിച്ച് അത് വർധിച്ചു. പിന്തിരിപ്പൻ മുതലാളിത്ത ഭരണാധികാരികളും അവരുടെ സേവകരും പ്രോത്സാഹിപ്പിക്കുന്നതിനാൽ അസമിലും മറ്റ് വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലും വംശീയ-വർഗീയ സംഘർഷത്തിന്റെ തീജ്വാലകൾ വീണ്ടും പൊട്ടിപ്പുറപ്പെട്ടു കൊണ്ടിരിക്കുന്നു. നിരവധി നിരപരാധികളുടെ ജീവൻ അപഹരിക്കുകയും നിരവധി പേർക്ക് ഗുരുതരമായ പരിക്കേൽപ്പിക്കുകയും ലക്ഷങ്ങളെ ഭവനരഹിതരാക്കുകയും ചെയ്തുകൊണ്ട് അതിങ്ങനെ തുടരുന്നു.

## സ്വത്വ രാഷ്ട്രീയവും 'സംവരണ' കാർഡും

നമ്മെ പോലെ വിവിധ ജന വിഭാഗങ്ങൾ അടങ്ങുന്ന ഒരു രാജ്യത്ത് ഭരണത്തിലൂടെ ഐക്യത്തിനും സമത്വത്തിനും വേണ്ടി പരിശ്രമിക്കുമ്പോൾ തന്നെ സാമൂഹിക-സാംസ്കാരിക മേഖലയിലെ വൈവിധ്യത്തെ ഉൾക്കൊള്ളുകയെന്നതും പുരോഗതിക്ക് അനിവാര്യമാണ്. പക്ഷേ, മുതലാളിത്ത ഇന്ത്യയിൽ, വിവിധ വംശീയ-മത-ഭാഷാ സമൂഹങ്ങൾക്കിടയിലെ വൈവിധ്യം വിഭാഗീയതയായി മാറുകയാണ് ഉണ്ടായത്. ഭരണകക്ഷികൾ അവരുടെ പ്രചാരണ യന്ത്രങ്ങളുടെ സഹായത്തോടെ, ഇപ്പോഴത്തെ അക്രമത്തെ സ്വത്വപ്രശ്നത്തിലും, ജോലിയിലും വിദ്യാഭ്യാസത്തിലും സംവരണത്തെച്ചൊല്ലിയുള്ള സംഘട്ടനങ്ങളിലും കേന്ദ്രീകരിച്ചിരിക്കുന്നതായി ചിത്രീകരിക്കാൻ ശ്രമിക്കുകയാണ്. എന്നാൽ വംശീയ അക്രമത്തിലും കൂട്ടക്കൊലയിലും കലാശിക്കുന്ന തരത്തിൽ ഈ പ്രശ്നങ്ങൾ ഉയർത്തിയതിന് പിന്നിൽ എന്താണ് പ്രവർത്തിച്ചത്? കേന്ദ്രവും അസമും മണിപ്പൂരും ഉൾപ്പെടെയുള്ള വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ ഭരണകൂടങ്ങളും വിഭാഗീയത വർദ്ധിപ്പിക്കാൻവേണ്ടി അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങൾക്കിടയിൽ 'സ്വത്വ' പ്രശ്നം തുടർച്ചയായി വളർത്തിയെടുക്കുന്നു. ഒരു സമുദായം മറ്റൊരു സമുദായത്തിന്റെ കൈകളിൽ അപകടത്തിലാണെന്ന വ്യാജപ്രചാരണമാണ് പിന്തിരിപ്പൻ ഭരണകേന്ദ്രങ്ങൾ നടത്തുന്നത്. അങ്ങനെയാണ് ഒരു തരം ബംഗാളി വിരുദ്ധത ആസാമീസ് ജനങ്ങളിൽ വളർന്നുവന്നത്. ഈ തന്ത്രം തിരിച്ചറിയാനുള്ള ശരിയായ രാഷ്ട്രീയ അവബോധത്തിന്റെ അഭാവത്തിൽ, ആസാമിൽ ഏറ്റവും മോശമായ കലാപങ്ങളും പ്രാകൃതമായ ആൾക്കൂട്ട കൊലപാതകങ്ങളും ഉണ്ടായി. അതുപോലെ, മണിപ്പൂരിൽ, കുക്കികൾക്കും മെയ്തികൾക്കും ഇടയിൽ വളരെ നാളുകളായി ശത്രുത നിലനിർത്തിയിരിക്കുകയാണ്.

'സംവരണം' എന്ന വ്യവസ്ഥയും ഭരണ മുതലാളിത്തവും അതിന്റെ ഏജന്റുമാരും ഒരു തർക്കവിഷയമാക്കിയിരിക്കുന്നു. ജോലിക്കോ, ശരിയായ വിദ്യാഭ്യാസത്തിനോ ഇന്ന് അവസരമില്ല. എന്നിട്ടും, ജാതി, വംശം, മതം, അടി

**കലാപം നിലയ്ക്കാത്ത മണിപ്പൂർ**

സ്ഥാനമാക്കിയുള്ള സംവരണത്തിന് വേണ്ടിയുള്ള മുറവിളികൾ ഇന്ന് നമ്മുടെ രാഷ്ട്രീയത്തിൽ സ്ഥിരമായി ഉയരുന്നു. അദ്ധ്വാനിക്കുന്ന മനുഷ്യരുടെ ഇടയിൽ ഭിന്നിപ്പുണ്ടാക്കാൻ ഇന്ന് രാഷ്ട്രീയക്കാർ സംവരണത്തെ ഉപയോഗിക്കുന്നു. ഈ ഭിന്നത പരസ്പരമുള്ള ഏറ്റുമുട്ടലുകളിലേക്കും കൊലപാതകങ്ങളിലേക്കും വരെ നയിക്കുന്നത് നാം കാണുന്നുണ്ട്. ബ്രിട്ടീഷ് ഭരണാധികാരികളിൽനിന്ന് രാഷ്ട്രീയ സ്വാതന്ത്ര്യം നേടുന്ന സമയത്ത്, തികച്ചും അവശരായ ദലിതരുടെയോ പിന്നാക്ക വിഭാഗക്കാരുടെയോ മനസ്സിൽ ന്യായമായ ആവലാതികൾ കുമിഞ്ഞുകൂടിയിരുന്നു എന്നത് പരാമർശിക്കേണ്ടതാണ്. പൊതു സമ്മർദത്തെത്തുടർന്ന്, ഭരണഘടനയുടെ രചയിതാക്കൾ എസ്‌സി, എസ്ടി വിഭാഗങ്ങൾക്ക് ജോലിയിലും വിദ്യാഭ്യാസത്തിലും പ്രത്യേക സംവരണം ഉൾപ്പെടുത്തി, ഇത് പത്ത് വർഷത്തേക്കായിരിക്കുമെന്നും അതിനുശേഷം ഈ സംവരണം എത്ര മാത്രം




അഖിലേന്ത്യാ പ്രതിഷേധ ദിനത്തോടനുബന്ധിച്ച് കൊല്ലം നഗരത്തിൽ എസ്‌യുസിഐ ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നടന്ന പ്രകടനം.

അധഃസ്ഥിതരെ ദേശീയ ജീവിതത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരിക എന്ന ലക്ഷ്യം കൈവരിച്ചു എന്നതിനെ കുറിച്ച് ഒരു അവലോകനം നടത്തണം എന്നും അന്നു ധാരണയിൽ എത്തിയിരുന്നു. എന്നാൽ ഭരണവർഗവും അതിന്റെ സേവകരും ജനങ്ങളെ ഭിന്നിപ്പിക്കാനുള്ള സൗകര്യപ്രദമായ സംവിധാനം എന്ന നിലയിൽ ഇതിനെ നിലനിർത്തി. ജാതി, മത, വംശ, ഭാഷ ഭേദമില്ലാതെ എല്ലാ സമുദായങ്ങളും മുതലാളിത്തത്തിൻ കീഴിൽ ഒരുപോലെ ഞെരുങ്ങി കഴിയുന്നവരാണ് എന്നതാണ് വസ്തുത. അവർ വർഗീയ കലാപങ്ങളിലും അക്രമങ്ങളിലും കുടുങ്ങിക്കിടക്കുമ്പോൾ, വംശീയ-വർഗീയ സംഘർഷങ്ങൾക്ക് ആളുകളെ പ്രേരിപ്പിക്കുന്ന അധികാരമോഹികളായ രാഷ്ട്രീയക്കാർ അവരുടെ ജാതി-മത പശ്ചാത്തലം എന്തായാലും അധികാരം ആസ്വദിച്ച്, അസാമാന്യമായ സമ്പത്ത് സമ്പാദിയ്ക്കുന്നു. ഇതിന്റെ വ്യക്തമായ ഉദാഹരണങ്ങൾ നമുക്കുചുറ്റും സുലഭമാണ്.

## എവിടെയാണ് പരിഹാരം

മണിപ്പൂരിലെ ജനങ്ങൾ മാരകമായ 'സ്വത്വ' രാഷ്ട്രീയത്തിന്റെ ഇരകളാണെന്നതാണ് ആദ്യം തിരിച്ചറിയേണ്ടത്. സായുധ സംഘങ്ങളും കലാപകാരികളും ബൂർഷ്വാ പെറ്റിബൂർഷ്വാ രാഷ്ട്രീയ പാർട്ടികളും രഹസ്യാന്വേഷണ ഏജൻസികളും 'സ്വത്വ' രാഷ്ട്രീയത്തിന്റെ ഈ വളർച്ചയ്ക്ക് സംഭാവന നൽകുകയും അതിന് കൂട്ടുനിൽക്കുകയും ചെയ്തു. 'സംവരണ' തന്ത്രം പ്രയോഗിച്ച ഭരണാധികാരികൾ സംസ്ഥാനത്തിന്റെ അന്തരീക്ഷത്തെ കൂടുതൽ വിഷലിപ്തമാക്കി. 'സ്വത്വ' രാഷ്ട്രീയത്തിന്റെയും 'സംവരണ'ത്തിന്റെയും പിറകിലുള്ള വഞ്ചനയെക്കുറിച്ച് ശരിയായ ധാരണ എല്ലാ സമുദായങ്ങളിലും പെട്ട ദുരിതമനുഭവിക്കുന്ന മണിപ്പൂരി ജനത ആർജ്ജിക്കാതെ അവർക്ക് ഈ ദൂഷിതവലയത്തിൽനിന്നും പുറത്ത് കടക്കാൻ കഴിയില്ല.

## നിലവിലുള്ള മുറിവുകളും ഭിന്നതയും നീതിയുക്തമായി പരിഹരിക്കണം

ഈ ഇരുണ്ട നാളുകളിലും ചില രജത രേഖകൾ നമ്മൾ കാണുന്നുണ്ട്. എല്ലാ സമുദായങ്ങളിലും ഈ അക്രമത്തെ അംഗീകരിക്കാത്തവരുണ്ട്. ഈ രക്തച്ചൊരിച്ചിലിനിടയിലും, രണ്ട് സമുദായങ്ങളിലെയും നല്ല സമരിയാക്കാർ അദൃശ്യരല്ല എന്നത് പരാമർശിക്കേണ്ടതാണ്. കുക്കി പ്രദേശങ്ങളിൽ കുടുങ്ങിക്കിടക്കുന്ന ചില മെയ്തികളെ രക്ഷിക്കാൻ സൈന്യം പോയപ്പോൾ, പ്രകോപിതരായ സായുധ കുക്കി ഗ്രൂപ്പുകൾ അവരെ ആക്രമിക്കാൻ സംഭവസ്ഥലത്തേക്ക് പാഞ്ഞു. അതേ സമയം, കുക്കികൾക്ക് നേരെ ആക്രമണം നടത്താൻ സൈന്യവും തയാറെടുത്തു. ക്രൂരമായ ഈ ആക്രമണങ്ങൾക്കും പ്രത്യാക്രമണങ്ങൾക്കും ഇടയിൽ, ധീരരായ കുക്കി സമുദായത്തിൽപ്പെട്ട സ്ത്രീകളും വിദ്യാർത്ഥികളും ഒരു മനുഷ്യ ചങ്ങല രൂപീകരിച്ച്, തങ്ങൾ ജീവിച്ചിരിക്കുന്നിടത്തോളം കാലം തങ്ങളുടെ മെയ്തി സഹോദരങ്ങൾക്കും സഹോദരിമാർക്കും ഒരു ഉപദ്രവവും ഏൽക്കാൻ അനുവദിക്കില്ലെന്ന് പ്രഖ്യാപിച്ചു. അവർ മെയ്തികളെ സംരക്ഷിക്കുക മാത്രമല്ല, അവരെ ഒഴിപ്പിക്കാൻ സഹായിക്കുകയും ചെയ്തു. അതുപോലെ, മണിപ്പൂർ സർവ്വകലാശാലയിലെ ഹോസ്റ്റലിൽ കുക്കി പെൺകുട്ടികളെ മെയ്തി മതഭ്രാന്തന്മാർ ലക്ഷ്യമിട്ടപ്പോൾ, മെയ്തി വിദ്യാർത്ഥികൾ ഒറ്റക്കെട്ടായി അക്രമികളെ ചെറുക്കുകയും അവരുടെ സുഹൃത്തുക്കളെ ആക്രമണത്തിൽ നിന്ന് രക്ഷിക്കുകയും ചെയ്തു. സമാനമായ സംഭവങ്ങൾ പല വർഗീയ അല്ലെങ്കിൽ വംശീയ കലാപങ്ങൾക്കിടയിലും റിപ്പോർട്ട് ചെയ്യപ്പെടുന്നു. അടുത്തിടെ, ഒരു കൂട്ടം കശ്മീരി പണ്ഡിറ്റുകളെ അവരുടെ മുസ്ലീം അയൽവാസികൾ തീവ്രവാദികളുടെ ആക്രമണത്തിൽ നിന്ന് രക്ഷിച്ചത് വെളിച്ചത്ത് വന്നു. അദ്ധ്വാനിക്കുന്ന സാധാരണ ജനങ്ങൾ പിണക്കങ്ങളും ഏറ്റുമുട്ടലുകളും ആഗ്രഹിക്കുന്നില്ല, മറിച്ച് തങ്ങളുടെ സഹോദരങ്ങളുമായി സമാധാനത്തിലും സൗഹാർദ്ദത്തിലും സഹവസിക്കാനാണ് ആഗ്രഹിക്കുന്നതെന്ന് ഇത് കാണിക്കുന്നു. എന്നാൽ അധികാരം, അതിന്റെ നിക്ഷിപ്ത താൽപ്പര്യം, അവരെ വിഭജിക്കുകയും പരസ്പരം തമ്മിലടിപ്പിക്കുകയും ചെയ്യുന്നു.

36 ശതമാനം ആളുകൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഒരു ദരിദ്ര സംസ്ഥാനമാണ് മണിപ്പൂർ. തൊഴിൽ അവസരങ്ങൾ ഫലത്തിൽ ഇല്ല. സംഘടിത, അസംഘടിത മേഖലകളിൽ 36% മാത്രമാണ് ജോലി ചെയ്യുന്നത്. ഭൂരിഭാഗം ആളുകളും സ്വയം തൊഴിൽ ചെയ്യുന്നവരാണ്. ജീവിതത്തിന്റെ അടിസ്ഥാന ആവശ്യങ്ങൾ പോലും നിഷേധിക്കപ്പെട്ട, എല്ലാ വിധത്തിലുമുള്ള അടിച്ചമർത്തലിനും ഇരകളായ അധ്വാനിക്കുന്ന ജനങ്ങളിൽ ജാതി -മത- വംശഭേദമെന്യെ അസംതൃപ്തിയും നീരസവും കുമിഞ്ഞുകൂടുകയാണ്. ഇത് എല്ലാ തീവ്രതയിലും പ്രക്ഷുബ്ധതയിലും പൊട്ടിപ്പുറപ്പെടുന്നതിന് ന്യായമായ എല്ലാ കാരണവുമുണ്ട്.

അധ്വാനിക്കുന്ന ദശലക്ഷക്കണക്കിന് ആളുകൾ എല്ലാ വിഭാഗീയ പരിഗണനകൾക്കും അതീതമായി ഉയരുകയും അവരുടെ ഐക്യം ഉറപ്പിക്കുകയും ജീവിതത്തിന്റെ നീറുന്ന പ്രശ്നങ്ങൾക്ക് പരിഹാരം തേടിക്കൊണ്ട് ശക്തമായ സംഘടിത ജനാധിപത്യ ബഹുജന പ്രസ്ഥാനം ആരംഭിക്കുകയും ചെയ്യുക എന്നതാണ് വേണ്ടത്. അതിന് പകരം പരസ്പരം പോരടിക്കുന്നതുകൊണ്ട് ഒരു പ്രയോജനവും ഇല്ല. വർഗീയ കലാപങ്ങൾ, അതിനെ തുടർന്നുള്ള ഭര

(ശേഷം 9–ാം പേജിൽ)

# ഒഡിഷ ട്രെയിൻ അപകടം ഉയർത്തുന്ന ചോദ്യങ്ങൾ

**കഴിഞ്ഞ ജൂൺ 2ന് ഒഡീഷയിലെ ബാലസോറിനടുത്തുള്ള ബഹനാഗ ബസാർ സ്റ്റേഷനിൽ നടന്ന ട്രെയിൻ അപകടം രാജ്യത്തെയാകമാനം ഞെട്ടിച്ചു. മൂന്ന് ട്രെയിനുകൾ തമ്മിൽ കൂട്ടിയിടിച്ച ദാരുണമായ അപകടത്തിൽ, 296 പേർ കൊല്ലപ്പെടുകയും 1000ലധികം പേർക്ക് പരുക്കേൽക്കുകയും ചെയ്തുവെന്നാണ് ഔദ്യോഗിക റിപ്പോർട്ട്. യഥാർത്ഥത്തിൽ അത്യാഹിതത്തിന്റെ വ്യാപ്തി ഇതിലും ഏറെയാകാം.**

**ചെ**ന്നൈയിലേക്ക് പോവുകയായിരുന്ന കൊറോമാണ്ടൽ എക്സ്പ്രസ് പാളം തെറ്റി ഒരു ഗുഡ്സ് ട്രെയിനിൽ ഇടിച്ച് നിരവധി കോച്ചുകൾ മറിഞ്ഞതിനെ തുടർന്നാണ് അപകടമുണ്ടായത്. മൂന്നാമതൊരു ട്രാക്കിൽ എതിർദിശയിൽ നിന്ന് അതിവേഗത്തിൽ വരികയായിരുന്ന ബെംഗളൂരു-ഹൗറ സൂപ്പർഫാസ്റ്റ് എക്സ്പ്രസ് പാളം തെറ്റിയ കോച്ചുകളിൽ ഇടിക്കുകയായിരുന്നുവെന്ന് ചില മാധ്യമങ്ങൾ റിപ്പോർട്ടു ചെയ്തു. ഇതിൽ നിന്ന് വിഭിന്നമായ ചില വാർത്തകളും വരികയുണ്ടായി. അതായത് അപകടം വന്ന വഴിയെ സംബന്ധിച്ചുപോലും കൃത്യമായ ചിത്രം നൽകാൻ റെയിൽവേക്ക് കഴിഞ്ഞില്ല എന്നാണ് ഇത് വ്യക്തമാക്കുന്നത്.

റെയിൽവേ കൈവരിച്ച പുരോഗതിയെക്കുറിച്ച് ബിജെപി ഗവൺമെന്റ്, പ്രത്യേകിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി വലിയ അവകാശവാദങ്ങളാണ് ഉയർത്തുന്നത്. ജീവിത സൗകര്യം വർധിപ്പിക്കുകയും വിനോദസഞ്ചാരം പോഷിപ്പിക്കുകയും സമ്പദ്‌വ്യവസ്ഥയ്ക്ക് നേട്ടമുണ്ടാക്കുകയും ചെയ്യുന്ന 'വന്ദേ ഭാരത് എക്സ്പ്രസ്' പുതിയ ഇന്ത്യ അതിവേഗ പാതയിലായിരിക്കുന്നതിന്റെ പ്രതീകമാണെന്ന് ചിത്രീകരിച്ചുകൊണ്ട്, ഏറ്റവും ചെലവേറിയ ഈ ട്രെയിനുകൾ പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തുകൊണ്ടിരിക്കുകയാണ്. വാസ്തവത്തിൽ, ജൂൺ 3ന് അദ്ദേഹം മുംബൈക്കും ഗോവയ്ക്കും ഇടയിലുള്ള 'വന്ദേ ഭാരത്' ട്രെയിൻ ഫ്ലാഗ് ഓഫ് ചെയ്യേണ്ടതായിരുന്നു, എന്നാൽ ഒഡിഷയിലെ ഭയാനകമായ അപകടത്തെത്തുടർന്ന് പരിപാടി റദ്ദാക്കി. മരണമടഞ്ഞ കുടുംബങ്ങളോടും പരിക്കേറ്റവരോടും പ്രധാനമന്ത്രി അനുഭാവം പ്രകടിപ്പിക്കുകയും അവർക്ക് സാമ്പത്തിക സഹായം പ്രഖ്യാപിക്കുകയും ഈ അപകടത്തിൽ കുറ്റക്കാർക്കെതിരെ കർശന നടപടിയെടുക്കുമെന്ന് പ്രഖ്യാപിക്കുകയും ചെയ്യുമ്പോൾത്തന്നെ, രാജ്യത്തെ ട്രെയിൻ യാത്ര സുരക്ഷിതമാക്കുന്നതിനായി തന്റെ സർക്കാർ എന്തെങ്കിലും ചെയ്യുന്നതായി വാക്കാൽപ്പോലും അവകാശപ്പെടാൻ അദ്ദേഹത്തിനായില്ല. അപകടത്തെത്തുടർന്ന് രാജ്യം മുഴുവൻ ഉയർത്തിയ ചോദ്യം ട്രെയിൻ യാത്രയുടെ സുരക്ഷയെക്കുറി ച്ചായിരുന്നു. എന്നാൽ അതിനുമാത്രം ഉത്തരം ഉണ്ടായില്ല.

## സുരക്ഷ ഏറ്റവും പ്രാധാന്യമേറിയ വിഷയം

ചില വസ്തുതകൾ നോക്കുക. റെയിൽവേയുടെ സുരക്ഷ നാല് ഘടകങ്ങളുടെ കാര്യക്ഷമതയെ ആശ്രയിച്ചിരിക്കുന്നു: 1) ട്രാഫിക് നിയന്ത്രണ സംവിധാനം 2) ബോഗി അറ്റകുറ്റപ്പണികൾ 3) ട്രാക്ക് അറ്റകുറ്റപ്പണി കൂടാതെ 4) ട്രാക്ക് ബാരിക്കേഡിംഗ്. ട്രാഫിക് നിയന്ത്രണ സംവിധാനത്തിന്റെ പരാജയമാണ് കോറമാണ്ടൽ അപകടത്തിൽപെടാൻ കാരണമായത് എന്ന് ലഭ്യമായ പ്രാഥമിക വിവരങ്ങളിൽനിന്ന് വ്യക്തമാണ്. അടുത്തകാലത്തായി അപകടങ്ങൾക്ക് കാരണമാകുന്ന മറ്റ് കാര്യങ്ങളിലും ആവർത്തിച്ചുള്ള വീഴ്ചകൾ ഉണ്ടായിട്ടുണ്ടെന്ന് ആർക്കാണ് അറിയാത്തത്? റെയിൽവേയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ചെയ്ത കാര്യങ്ങളൊക്കെ എണ്ണിപ്പറഞ്ഞ് സർക്കാർ ഒരു പ്രചാരണതന്ത്രം പയറ്റി നോക്കി. എന്നാൽ ഗവൺമെന്റിന്റെ വിവരണം അതിന്റെ സ്വന്തം ഓഡിറ്ററായ സിഎജി 2022ൽ 'ഇന്ത്യൻ റെയിൽവേയിലെ പാളം തെറ്റൽ' എന്ന റിപ്പോർട്ടിൽ പറഞ്ഞ കാര്യങ്ങളുമായി പൊരുത്തപ്പെടുന്നില്ല. യാത്രക്കാരുടെ സുരക്ഷയോടുള്ള സർക്കാരിന്റെ പ്രതിബദ്ധതയെ ക്കുറിച്ചുള്ള ഔദ്യോഗിക കാഴ്ചപ്പാടും, റിപ്പോർട്ട് നൽകുന്ന ഡാറ്റയുമായി പൊരുത്തപ്പെടുന്നതല്ല. 2017നും 2021നും ഇടയിൽ നടന്ന റെയിൽവേ അപകടങ്ങളെക്കുറിച്ചുള്ള സിഎജിയുടെ വിശകലനം സൂചിപ്പിക്കുന്നത്, ഈ കാലയളവിലെ മൊത്തം 2017 അപകടങ്ങളിൽ, പാളം തെറ്റിയത് 1392 അപകടങ്ങളാണ്, അതായത് 69%. തീവണ്ടി അപകടങ്ങളുടെ മറ്റു കാരണങ്ങളുമായി താരതമ്യം ചെയ്യുകയാണെങ്കിൽ പാളം തെറ്റലും കൂട്ടിയിടിയും മൂലമുണ്ടാകുന്ന അപകടങ്ങൾ 80% ആണ്. വൻ അപകടങ്ങളിൽ ഭൂരിഭാഗത്തിനും കാരണം 'മനുഷ്യരുടെ വീഴ്ച'(Human Error) ആണെന്ന് കുറ്റപ്പെടുത്തുന്നത് ഒരു പൊതു പ്രവണതയായി മാറിയിരിക്കുന്നു. ബാലസോർ അപകടത്തെക്കുറിച്ചും പ്രധാനമന്ത്രി ഇപ്രകാരം സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ സിഎജി സമാഹരിച്ച വിവരങ്ങളും സിഎജിയുടെ നിഗമനങ്ങളും പ്രശ്നം സ്ഥാപനത്തിന്റേതാണെന്ന് സൂചിപ്പിക്കുന്നു. 'ഇന്ത്യൻ റെയിൽവേ ഒരുപാട് ഒഴിവുകൾ നികത്താതെ നാമമാത്രമായ ഔട്ട്സോഴ്സിംഗിലൂടെ അറ്റകുറ്റപ്പണികൾ കൈകാര്യം ചെയ്തു. സുരക്ഷാ വിഭാഗത്തിൽ മതിയായ ജീവനക്കാരെ നിയമിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടില്ലെന്ന് വ്യക്തം, ഇത് അറ്റകുറ്റപ്പണിയുടെ ഗുണനിലവാരത്തെ ബാധിക്കും' റെയിൽവേ സുരക്ഷാ ഫണ്ടി (രാഷ്ട്രീയ റെയിൽ സംരക്ഷ കോശ്(ആർആർഎസ്കെ)) നെക്കുറിച്ച്, 2017-18ൽ അവതരിപ്പിച്ച സിഎജി റിപ്പോർട്ട് പറയുന്നു '2017-21 കാലയളവിൽ ഉണ്ടായ 1127 പാളം തെറ്റലുകളിൽ, 289 എണ്ണവും(26%) ട്രാക്ക് പുതുക്കലുമായി ബന്ധപ്പെട്ടിരിക്കുന്നു, ഫണ്ട് വിനിയോഗിക്കാത്തതാണ് പ്രധാനകാരണം' 'സുരക്ഷാ ഫണ്ടിൽ നിന്ന് മുൻഗണനാ ജോലികൾക്കുള്ള മൊത്തത്തിലുള്ള ചെലവ് 2017-18 ൽ 81.55% ൽ നിന്ന് 2019-20ൽ 73.76% ആയി കുറഞ്ഞു. ട്രാക്ക് പുതുക്കൽ ജോലികൾക്കുള്ള ഫണ്ട് വിഹിതം 9607.65 കോടി രൂപയിൽ നിന്ന് 2019-20ൽ 7417 കോടി രൂപയായി കുറഞ്ഞു. കൂടാതെ, മുൻഗണനയില്ലാത്ത മേഖലകൾക്കായുള്ള ഫണ്ടുകളുടെ ഉപയോഗം പല മേഖലകളിലും 25% വരെ ഉയർന്നതായും റിപ്പോർട്ട് ചൂണ്ടിക്കാട്ടി. 'ഫണ്ട് പരിമിതികൾ കാരണം സുരക്ഷാ സംബന്ധിയായ ജോലികൾ നിർത്തിവയ്ക്കേണ്ടിവന്ന സാഹചര്യത്തിൽ, സുരക്ഷയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകുന്നതിനായി പ്രത്യേക സമർപ്പിത ഫണ്ട് സൃഷ്ടിച്ചെങ്കിലും അതിന്റെ ലക്ഷ്യവും പരാജയപ്പെട്ടു' സിഎജി അഭിപ്രായപ്പെട്ടു.

2023 മാർച്ച് 31 വരെ 18 സോണുകളിലായി 3.15 ലക്ഷത്തിലധികം ഗസറ്റഡ്, നോൺ ഗസറ്റഡ് തസ്തികകൾ ഇന്ത്യൻ റെയിൽവേയിൽ ഒഴിഞ്ഞുകിടക്കുന്നുണ്ടെന്ന്, റെയിൽവേ മന്ത്രി തന്നെ 2022 ഡിസംബർ 1ന് പാർലമെന്റിനെ അറിയിച്ചു. ഗ്യാങ്മാൻ, ട്രാക്ക്മാൻ, പെട്രോൾമാൻ, ക്ലീനർ, ലോക്കോ ഇൻസ്പെക്ടർ, സിഗ്നൽ ടെലികമ്മ്യൂണിക്കേഷൻ, ട്രാഫിക് ഇൻസ്പെക്ടർ, ട്രോളിമാൻ, ഗേറ്റ്കീപ്പർ, ബ്രിഡ്ജ് ഇൻസ്പെക്ടർ എന്നീ തസ്തികകളിലാണ് ഈ ഒഴിവുകളിൽ ഭൂരിഭാഗവും. അവയിൽ മിക്കതും യാത്രക്കാരുടെ സുരക്ഷയുമായി ബന്ധപ്പെട്ടിരിക്കുന്നു. എന്നാൽ ഈ ഒഴിവുകൾ നികത്താൻ ഒരു ശ്രമവും നടക്കുന്നില്ല. റെയിൽവേയുടെ പ്രധാന മേഖലകൾ സ്വകാര്യ ഓപ്പറേറ്റർമാർക്ക് കരാറടിസ്ഥാനത്തിൽ കൈമാറുന്നത് മോദി സർക്കാരിന്റെ നയമാണ്. റെയിൽവേയുടെ പുതുതായി അവതരിപ്പിച്ച എൽഎച്ച്ബി കോച്ചുകളിലെ സ്പ്രിംഗ് പൊട്ടുന്നത് പതിവാണെന്ന് മാധ്യമ റിപ്പോർട്ടുകൾ വെളിപ്പെടുത്തുന്നു. തത്ഫലമായുണ്ടാകുന്ന നിയന്ത്രണരഹിതമായ ചലനം ചിലപ്പോൾ പാളം തെറ്റലിലേക്ക് നയിക്കുന്നു. സ്വകാര്യ കരാറുകാരെ ഏൽപ്പിക്കുന്നതിനാൽ ട്രാക്കിന്റെ അറ്റകുറ്റപ്പണിയും, മോശമാണ്. ട്രെയിനുകളുടെ സുരക്ഷിതമായ ഓട്ടം ഉറപ്പാക്കാൻ നിലവിലുള്ള മനുഷ്യവിഭവത്തിന്റെ അളവും ഗുണനിലവാരവും പര്യാപ്തമല്ല. ജീവനക്കാരുടെ അമിത ജോലിഭാരം, ജാഗ്രത ഇല്ലാതാക്കി, അശ്രദ്ധ വർദ്ധിപ്പിക്കുന്നു. സ്വകാര്യകരാറുകാർ സ്ഥാപിക്കുന്ന ഉപകരണങ്ങളുടെ ഗുണനിലവാരം കുറവായതിനാൽ സാങ്കേതിക തകരാറുകളും സംഭവിക്കുന്നു. ഈ ഉപകരണങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കാൻ നഷ്ടപരിഹാര നിബന്ധനകളൊന്നുമില്ല. ഒരു മേൽനോട്ടവുമില്ലാതെ നടത്തുന്ന ഈ കരാർ ജോലിയാണ് ട്രെയിൻ യാത്രയുടെ സുരക്ഷിതത്വത്തിന് ഏറ്റവും വലിയ ഭീഷണി.

ഇന്ത്യൻ ഗവൺമെന്റിന്റെ സിവിൽ ഏവിയേഷൻ മന്ത്രാലയത്തിന്റെ അഡ്മിനിസ്ട്രേറ്റീവ് നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന റെയിൽവേ സുരക്ഷാ കമ്മീഷൻ(സിആർഎസ്) ആണ് ട്രെയിൻ യാത്രയുടെയും ട്രെയിൻ പ്രവർത്തനത്തിന്റെയും സുരക്ഷയുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതും റെയിൽവേ നിയമപ്രകാരമുള്ള(1989) പ്രവർത്തനങ്ങളുടെ ഉത്തരവാദിത്വം വഹിക്കുകയും ചെയ്യുന്നത്. ഗുരുതരമായ ട്രെയിൻ അപകടങ്ങളെക്കുറിച്ച് നിയമപരമായ അന്വേഷണം നടത്താനും റെയിൽവേയുടെ സുരക്ഷ മെച്ചപ്പെടുത്തുന്നതിനുള്ള ശുപാർശകൾ നൽകാനും ഈ കമ്മീഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നിയമങ്ങൾ ഭേദഗതി ചെയ്യുന്നതിനുമുമ്പ്

(ശേഷം 10-ാം പേജിൽ)

## കലാപം നിലയ്ക്കാത്ത മണിപ്പൂർ

(8-ാം പേജിൽ നിന്ന്)

ണകൂട ഭീകരത, ക്രൂരമായ പോലീസ് നടപടി എന്നിവ നിമിത്തം നിരവധി ജീവനുകൾ നഷ്ടപ്പെടുന്നു. എന്നാൽ ഈ വർഗീയ സംഘർഷങ്ങളിൽനിന്ന് ജനങ്ങൾക്ക് എന്തെങ്കിലും ആശ്വാസം ലഭിക്കുന്നുണ്ടോ? അവരുടെ കഷ്ടപ്പാടിന്റെ ഒരംശം പോലും ലഘൂകരിക്കപ്പെട്ടിട്ടുണ്ടോ, അതോ അവരുടെ ദുരിതം വർധിപ്പിക്കുകയാണോ? പകരം അടിച്ചമർത്തലിനെതിരെ ഒന്നിച്ചു പൊരുതേണ്ട സാധാരണ ജനങ്ങളുടെ ഇടയിൽ വിള്ളലുണ്ടാക്കുക മാത്രമാണ് ഇതിന്റെ അനന്തരഫലം. മാത്രമല്ല, കപട മാർക്സിസ്റ്റുകൾ ഉൾപ്പെടെ എല്ലാ ബൂർഷ്വാ പാർട്ടികളും ബൂർഷ്വാ തിരഞ്ഞെടുപ്പിനെ ക്കുറിച്ച് വ്യാമോഹം സൃഷ്ടിച്ച് കഷ്ടപ്പെടുന്ന ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുകയും പരസ്യമായും രഹസ്യമായും ജാതി-വർഗീയ ചിന്താഗതികൾ ഇളക്കിവിട്ട് വോട്ട് ബാങ്കുകൾ സൃഷ്ടിക്കുകയും ചെയ്യുന്നു. ഇനി ആളുകൾ ഈ കെണിയിൽ വീഴരുത്. ഒരു സമുദായത്തിലെ അധ്വാനിക്കുന്ന ആളുകൾ മറ്റൊരു സമുദായത്തിന്റെ എതിരാളികളല്ല. വാസ്തവത്തിൽ, കഷ്ടപ്പാടും കൂലിയടിമത്വവും ഇല്ലാത്ത മാന്യമായ ഒരു ജീവിതത്തിനായുള്ള പോരാട്ടത്തിൽ എല്ലാവരും ഒരുമിച്ച് നിൽക്കേണ്ടവരാണ്.. അവരുടെ ജീവിതത്തിലെ എല്ലാ തിന്മകളുടെയും മൂലകാരണം മുതലാളിത്ത വ്യവസ്ഥയാണ്. അതിനാൽ, അവരുടെ സമരൈക്യം ഉറപ്പിക്കുക. പൊതുശത്രു, അതായത് മുതലാളിത്തത്തിനെതിരെ തോളോടുതോൾ ചേർന്ന് പോരാടുക. എല്ലാ ചങ്ങലകളിൽനിന്നും പുറത്തുവരാനും യഥാർത്ഥ ഇടതുപക്ഷ-ജനാധിപത്യ പ്രസ്ഥാനത്തിന്റെ ധാരയിൽ ചേരാനും എല്ലാത്തരം വിഭജന പ്രേരണകളും ഉപേക്ഷിക്കാനും തിരഞ്ഞെടുപ്പ് വ്യാമോഹത്തിൽനിന്ന് മോചിതരാവാനും മനുഷ്യത്വരഹിതമായ മുതലാളിത്ത ഭരണത്തിൽനിന്നുള്ള മോചനത്തിനായുള്ള പോരാട്ടം മുന്നോട്ട് കൊണ്ടുപോകാനും എല്ലാവരോടും അഭ്യർത്ഥിക്കുന്നു. അതിനാൽ, എല്ലാവരോടും ഞങ്ങളുടെ അഭ്യർത്ഥന പോരാട്ടത്തിന്റെ പാതയിൽ മുന്നോട്ട് വരണം എന്നാണ്. അടിച്ചമർത്തപ്പെട്ട മനുഷ്യരെല്ലാം ശരിയായ വിപ്ലവ നേതൃത്വത്തിൻകീഴിൽ യഥാർത്ഥ പ്രസ്ഥാനം കെട്ടിപ്പടുക്കുകയും ചെയ്യണം. ഇതു മാത്രമാണ് പോംവഴി. ■

# യാത്രാനിരക്കുകൾ കുത്തനെ ഉയർത്തുന്ന സർക്കാർ യാത്രാസൗകര്യങ്ങളും സുരക്ഷയും പരിഗണിക്കുന്നതേയില്ല

**ഒഡിഷ ട്രെയിൻ അപകടം**



**2023 മാർച്ച് 31 വരെ 18 സോണുകളിലായി 3.15 ലക്ഷത്തിലധികം ഗസറ്റഡ്, നോൺ ഗസറ്റഡ് തസ്തികകൾ ഇന്ത്യൻ റെയിൽവേയിൽ ഒഴിഞ്ഞു കിടക്കുന്നുണ്ടെന്ന്, റെയിൽവേ മന്ത്രി തന്നെ 2022 ഡിസംബർ 1ന് പാർലമെന്റിനെ അറിയിച്ചു. ഗ്യാങ്മാൻ, ട്രാക്ക്മാൻ, പെട്രോ ൾമാൻ, ക്ലീനർ, ലോക്കോ ഇൻസ്പെക്ടർ, സിഗ്നൽ ടെലികമ്മ്യൂണിക്കേഷൻ, ട്രാഫിക് ഇൻസ്പെക്ടർ, ട്രോളിമാൻ, ഗേറ്റ്കീപ്പർ, ബ്രിഡ്ജ് ഇൻസ്പെക്ടർ എന്നീ തസ്തികകളിലാണ് ഈ ഒഴിവുകളിൽ ഭൂരിഭാഗവും. അവയിൽ മിക്കതും യാത്രക്കാരുടെ സുരക്ഷയുമായി ബന്ധപ്പെട്ടിരിക്കുന്നു.**

*(9–ാം പേജിൽ നിന്ന്)*

റെയിൽവേ ബോർഡ് തങ്ങളോട് കൂടിയാലോചിക്കുന്നി ല്ലെന്നും, ട്രെയിൻ യാത്രയുടെ സുരക്ഷ സംബന്ധിച്ച തങ്ങളുടെ അധികാരങ്ങളിൽ പലതും തങ്ങളെ അറിയിക്കാതെ റദ്ദാക്കുന്നുണ്ടെന്നും കമ്മീഷൻ അംഗങ്ങൾ പാർലമെന്റിന്റെ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് മുമ്പാകെ ആരോപിച്ചിരുന്നു. സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ റിപ്പോർട്ടും, കമ്മീഷൻ അംഗങ്ങളുടെ അഭിപ്രായം ശരിവയ്ക്കുകയും, റെയിൽവേ അപകടങ്ങളുടെ 8% അന്വേഷണങ്ങൾ മാത്രമാണ് കമ്മീഷനെ ഏൽപ്പിച്ചതെന്നും ബാക്കിയുള്ളവ ബോർഡ് തന്നെ നടത്തിയെന്നും പരാമർശിച്ചു. കമ്മിഷന്റെ ശുപാർശകൾ ബോർഡ് ചെവിക്കൊണ്ടില്ലെന്നും സമിതി ചൂണ്ടിക്കാട്ടി. റെയിൽവേയുടെ വീഴ്ചകളും പരാധീനതകളും റിപ്പോർട്ട് ചെയ്യാനും തിരുത്താനും അവകാശമുള്ള ഒരു ഏജൻസിയെന്ന നിലിലുള്ള റെയിൽവേ സുരക്ഷാ കമ്മീഷന്റെ പ്രവർത്തനങ്ങളെ കഴിയുന്നത്ര തിരസ്കരിക്കുകയാണ് റെയിൽവേ ചെയ്യുന്നത്. റെയിൽവേ, അവരുടെ ഗുരുതരമായ വീഴ്ചകളും വഴിവിട്ട പ്രവർത്തനങ്ങളും അവർക്കുള്ളിൽ തന്നെ കുഴിച്ചുമൂടാനാണ് ശ്രമിക്കുന്നത്. സുരക്ഷയെ സംബന്ധിക്കുന്ന കാര്യങ്ങളിലാണ് ആപൽക്കരമായ ഈ സമീപനം സ്വീകരിക്കുന്നതെന്ന് നാമോർക്കണം.

കൂടാതെ, സിഗ്നലിംഗ് സംവിധാനത്തിലെ തകരാറുകൾ എപ്പോൾ വേണമെങ്കിലും വലിയ അപകടത്തിന് കാരണമാകുമെന്ന് നാല് മാസം മുമ്പ് സൗത്ത് ഈസ്റ്റേൺ റെയിൽവേയുടെ പ്രിൻസിപ്പൽ ചീഫ് ഓപ്പറേഷൻ മാനേജർ മുന്നറിയിപ്പ് നൽകിയിരുന്നു. എന്നാൽ അത്തരം സമയോചിതമായ മുന്നറിയിപ്പുകൾ ആരും ശ്രദ്ധിക്കാൻ തയ്യാറായില്ല. മാത്രമല്ല, അപകടത്തിന് ഏതാനും മണിക്കൂറുകൾക്ക് മുമ്പ് റെയിൽവേ മന്ത്രിയുടെ അധ്യക്ഷതയിൽ ഡൽഹിയിൽ ഉന്നതതല കൂടിയാലോചന നടന്നിരുന്നു. എല്ലാ റെയിൽവേ സോണുകളും അതത് അധികാരപരിധിയിലെ സുരക്ഷാ നടപടികളുടെ പുരോഗതി സംബന്ധിച്ച് അവിടെ റിപ്പോർട്ട് നൽകേണ്ടതായിരുന്നു. എന്നാൽ അത്തരം ചർച്ചകൾ മാറ്റിവച്ച്, കൂടുതൽ 'വന്ദേ ഭാരത്' ട്രെയിനുകൾ ഓടിക്കുന്നതിലേക്കും വരുമാനം വർധിപ്പിക്കാനുള്ള മാർഗങ്ങളിലേക്കും ചർച്ചകൾ മാറ്റി. റെയിൽവേ മന്ത്രാലയം 'വന്ദേ ഭാരത്' തിരക്കിലായതിനാൽ യാത്രക്കാരുടെ സുരക്ഷയുടെ പ്രശ്നം പിന്നിലേയ്ക്ക് തള്ളി.

## ഫണ്ടില്ലെന്ന വാദമുയർത്തി സുരക്ഷയെ ബലികഴിക്കുന്നു

മാനുഷിക പിഴവ് മൂലമുണ്ടാകുന്ന സിഗ്നൽ തകരാറ്, അമിതവേഗം എന്നിവ മൂലമുണ്ടാകുന്ന അപകടങ്ങൾ തടയാൻ 'കവച്' എന്ന പേരിൽ തദ്ദേശീയമായ ഓട്ടോമാറ്റിക് ട്രെയിൻ സംരക്ഷണ സംവിധാനം വികസിപ്പിച്ചതായി ഇന്ത്യൻ റെയിൽവേ കൊട്ടിഘോഷിക്കുകയുണ്ടായി. ഈ സംവിധാനം തികച്ചും കുറ്റവിമുക്തമാണെന്നും, ഒരിക്കൽ പോലും തകരാറിലാകാൻ സാധ്യതയില്ലെന്നും അധികൃതർ അവകാശപ്പെട്ടു. 2022 മാർച്ച് വരെ ദക്ഷിണ സെൻട്രൽ റെയിൽവേയുടെ 1455 റൂട്ട് കിലോമീറ്റർ കവചിന് കീഴിൽ കൊണ്ടുവന്നു എന്ന് കഴിഞ്ഞ മാർച്ച് 29ന് റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് പാർലമെന്റിൽ പറഞ്ഞു. അതിൽ 576 റൂട്ട് കിലോമീറ്റർ മഹാരാഷ്ട്ര സംസ്ഥാനത്തിന് കീഴിലാണ്. ഇത് ഇന്ത്യൻ റെയിൽവേയുടെ മൊത്തം ശൃംഖലയുടെ ഏകദേശം 2 ശതമാനം മാത്രമായിരുന്നു. ഏറ്റവും പുതിയ അപകടം നടന്ന കൊൽക്കത്ത-ചെന്നൈ റൂട്ട് ഇതിൽ ഉൾപ്പെട്ടന്നില്ല. 'കവച്' സ്ഥാപിക്കുന്നതിന് ഒരു കിലോമീറ്ററിന് 50 ലക്ഷം രൂപയാണ് ചെലവ് വരുന്നതെന്ന് റെയിൽവേ അധികൃതർ പറയുന്നു. അതിനാൽ, 68,000 കിലോമീറ്റർ നീളമുള്ള റെയിൽവേ ശൃംഖല മുഴുവനായും ഉൾപ്പെടുത്തുന്നതിനായി, ഏകദേശം 32,000 കോടി രൂപ ചെലവ് വരും. 2.1 ലക്ഷം കോടി രൂപ മൊത്തം റെയിൽവേക്കായി നീക്കിവച്ചിട്ടുണ്ടെങ്കിലും ഇത്രയും ചെലവു വഹിക്കാൻ സർക്കാരിന്റെ പക്കൽ ഫണ്ടില്ലത്രേ! ഇത് തീർത്തും അടിസ്ഥാനരഹിതമാണ്.

മുതിർന്ന പൗരന്മാർക്കുള്ള ഇളവുകൾ പിൻവലിക്കുകയും, പ്ലാറ്റ്ഫോം ടിക്കറ്റ് നിരക്ക് അസാധാരണമായി വർധിപ്പിക്കുകയും, പാസഞ്ചർ ട്രെയിനുകളുടെ പേരുമാറ്റി എക്സ്പ്രസ് ട്രെയിനുകളാ ക്കുകയും, 'ഡൈനാമിക് പ്രൈസ് സിസ്റ്റം' എന്ന പുതിയ രീതി ഏർപ്പെടുത്തിക്കൊണ്ട് യാത്രക്കാരിൽ നിന്ന് കൂടുതൽ പണം തട്ടിയെടുക്കുകയും ചെയ്തുകൊണ്ട് വൻതോതിൽ വരുമാനം വർദ്ധിപ്പിച്ചു. കൂടിയ നിരക്കുള്ള തൽക്കാൽ ക്വോട്ടാ വർദ്ധിപ്പിക്കുകയും അവയെ വീണ്ടും പ്രീമിയം തൽക്കാലാക്കുകയും ചെയ്തു. കാൻസലേഷൻ നിരക്കുകളും വർദ്ധിപ്പിച്ചു. ഇപ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ 2.40 ലക്ഷം കോടി രൂപയുടെ റെക്കോർഡ് വരുമാനം നേടിയതായി റെയിൽവേ അവകാശപ്പെടുന്നുണ്ട്. ഇത് മുൻവർഷത്തേക്കാൾ ഏകദേശം 49,000 കോടി രൂപയുടെ വർദ്ധനവാണ്. സുരക്ഷാ നടപടികളുടെ നവീകരണത്തിനുള്ള തങ്ങളുടെ മുൻഗണനയെക്കുറിച്ച് ആവർത്തിച്ചു പറഞ്ഞ അധികാരികൾ, ഈ വർദ്ധിച്ച വരുമാനം ഉപയോഗിച്ച് എന്താണ് ചെയ്തത്?

## യാത്രക്കാരുടെ സൗകര്യത്തിന് ഒരു വിലയുമില്ല

യാത്രക്കാരുടെ സുരക്ഷയുടെ കാര്യം വളരെ പരിതാപകരമായിരിക്കുന്നു. കൂടാതെ, യാത്രാസൗകര്യവും സർക്കാരിന്റെ പരിഗണനയിൽ ഇല്ല. അറ്റകുറ്റപ്പണികൾ നടത്താത്തതിനാൽ രാജ്യം മുഴുവൻ ഓടുന്ന റേക്കുകൾ മിക്കവാറും തകർന്ന നിലയിലാണ്. സാധാരണ പാസഞ്ചർ, എക്സ്പ്രസ് ട്രെയിനുകളുടെ കാര്യത്തിൽ ഇത് കൂടുതൽ ശരിയാണ്. സീറ്റുകളും ബർത്തുകളും പൊട്ടിപ്പൊളിഞ്ഞ അവസ്ഥയിലാണ്. പലപ്പോഴും, ലൈറ്റും, ഫാനും ശരിയായി പ്രവർത്തിക്കുന്നില്ല. ഏതാണ്ട് 80 ശതമനം ട്രെയിനുകളിലും മലിനമായ കക്കൂസുകളാണുള്ളത്. ഓടിക്കൊണ്ടിരിക്കുന്ന ട്രെയിനിൽ ജലവിതരണം നിലക്കുന്നു. പലപ്പോഴും, ട്രെയിനുകൾ കൃത്യമായ ഷെഡ്യൂളിൽ ഓടുന്നില്ല. 'തുരന്തോ' അല്ലെങ്കിൽ രാജധാനി എക്സ്പ്രസ് പോലുള്ള പ്രീമിയം ബ്രാൻഡ് ട്രെയിനുകൾ പോലും പലപ്പോഴും വൈകും, ചിലപ്പോൾ 4-5 മണിക്കൂർ വരെ. പരിമിതമായി ഉണ്ടായിരുന്ന ജനറൽ കോച്ചുകളുടെ എണ്ണം വീണ്ടും വെട്ടിക്കുറയ്ക്കുന്നു. സ്ലീപ്പർ കോച്ചുകൾ പിൻവലിച്ച് എ.സി.കോച്ചുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നു. ഇങ്ങിനെ അടിമുടി സാധാരണ യാത്രക്കാർക്ക് മിനിമം സുരക്ഷയും അടിസ്ഥാന സൗകര്യങ്ങളുംപോലും നിഷേധിക്കപ്പെടുമ്പോൾ, കുത്തനെയുള്ള യാത്രാനിരക്ക് വർദ്ധനയാൽ വലയുമ്പോൾ, പ്രധാനമന്ത്രി 'വന്ദേ ഭാരത്' വർണ്ണാഭമായി പ്രദർശിപ്പിക്കുന്ന തിരക്കിലാണ്.

## 'വന്ദേ ഭാരതി'നെ ഉയർത്തിക്കാട്ടി റെയിൽവേയുടെ അടിമുടിയുള്ള ജനദ്രോഹത്തെ മറയ്ക്കുന്നു

സാധാരണ എക്സ്പ്രസ് ട്രെയിനുകളുടെ കുറഞ്ഞ വേഗതയിൽ 'ഹൈസ്പീഡ്' ട്രെയിനുകൾ ഓടിക്കുന്നതിന്റെ പരിഹാസ്യമായ കാഴ്ചയാണ് നാമിപ്പോൾ കാണുന്നത്. കാരണം, അതിവേഗ ട്രെയിനുകൾ ഓടിക്കാൻ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഇപ്പോഴും റെയിൽവേ വികസിപ്പിച്ചിട്ടില്ല. 'വന്ദേ ഭാരത്' പോലെയുള്ള ട്രെയിനുകൾ മണിക്കൂറിൽ 160-180 കിലോമീറ്റർ വേഗതയിൽ ഓടിക്കണമെങ്കിൽ, നിലവിലുള്ള ട്രാക്കുകളുടെ നവീകരണം മാത്രം മതിയാകില്ല. ഈ 'വന്ദേ ഭാരതി'നും സമാനമായ മറ്റ് അതിവേഗ ട്രെയിനുകൾക്കും വേണ്ടി മാത്രമായ ടൂ-വേ ഡെഡിക്കേറ്റഡ് ട്രാക്കുകൾ ആവശ്യമാണ്. എന്നാൽ, നിലവിൽ ഇന്ത്യയിൽ എല്ലാ ട്രെയിനുകളും ഒരേ ട്രാക്കിലാണ് ഓടുന്നത്. പ്രധാനമന്ത്രിയുടെ സങ്കുചിതരാഷ്ട്രീയതാൽപ്പര്യം നിറവേറ്റുന്നതിനായി, പദ്ധതി അതിവേഗം മുന്നോട്ട് കൊണ്ടുപോകാൻ സർക്കാർ റെയിൽവേ ബ്യൂറോക്രസിക്കുമേൽ സമ്മർദ്ദം ചെലുത്തുന്നു. നിലവിലെ അടിസ്ഥാന സൗകര്യങ്ങളുപയോഗിച്ച് 400 വന്ദേ ഭാരത് ട്രെയിനുകൾ ഓടിക്കാൻ റെയിൽവേ മുതിരുമ്പോൾ, വന്ദേഭാരതിന് വഴിയൊരുക്കാൻ രാജ്യമെമ്പാടും സാധാരണ എക്പ്രസ്സ് ട്രെയിനുകൾ മണിക്കൂറുകൾ പിടിച്ചിടുന്ന അവസ്ഥയുണ്ടാകും. അത് ലക്ഷക്കണക്കിന് സാധാരണയാത്രകകാർക്ക് വിവരണാതീതമായ ദുരിതങ്ങൾ സമ്മാനിക്കും. പൊതുബജറ്റും റെയിൽവേബജറ്റുമായി ലയിപ്പിക്കുന്നതുൾപ്പെടെയുള്ള ഒരു കൂട്ടം നടപടികൾ കാലക്രമേണ, തീവണ്ടി സർവീസ് പൂർണ്ണമായും സ്വകാര്യവത്കരിക്കുമെന്നും, നിരക്ക് വർദ്ധിപ്പിച്ചുകൊണ്ട്, തുടർച്ചയായി ലാഭം വർദ്ധിപ്പിക്കുക എന്ന തത്വത്തിൽ പ്രവർത്തിക്കാൻ ഒരുങ്ങുകയാണെന്നും വ്യക്തമായി സൂചിപ്പിക്കുന്നു.

## യഥാർത്ഥ പ്രതികളെ രക്ഷിക്കുന്ന അന്വേഷണങ്ങൾ

ബാലസോർ അപകടത്തിന്റെ കാരണം തിരിച്ചറിഞ്ഞതായി റെയിൽവേ മന്ത്രിയും റെയിൽവേ ബോർഡ് അംഗം ജയ സിൻഹയും അവകാശപ്പെടുകയുണ്ടായി. അങ്ങിനെയെങ്കിൽ പിന്നെ എന്തിനാണ് സിബിഐ അന്വേഷണത്തിന് ഉത്തരവിട്ടത്? സാങ്കേതിക തകരാർ മൂലവും അതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ മൂലവും സംഭവിച്ച അപകടത്തെക്കുറിച്ച് അന്വേഷിക്കാൻ സിബിഐയോട് ആവശ്യപ്പെടുന്നതിലെ യുക്തി യെന്താണ്? റെയിൽവേയുടെ ഭരണപരമായ നയങ്ങൾ ഈ അപകടത്തിന്റെ കാരണമായിട്ടുണ്ടെങ്കിൽ അത് സിബിഐ അന്വേഷണത്തിലൂടെ പുറത്ത് വരില്ലല്ലോ. പ്രത്യേകിച്ച്, റെയിൽവേ, 3 ലക്ഷത്തിലധികം തൊഴിലവസരങ്ങൾ നികത്താത്ത സാഹചര്യത്തിൽ ഉണ്ടാകുന്ന ജീവനക്കാരുടെ കുറവും അതുവഴി ഉണ്ടാകുന്ന സുരക്ഷാ നടപടികളിലെ വീഴ്ചകളും അന്വേഷണത്തിന്റെ പരിധിയിൽ വരില്ല. അവയൊന്നും ഒരിക്കലും പുറത്തുവരില്ലെന്ന് ഉറപ്പാക്കാനാണ് ഈ സിബിഐ അന്വേഷണം. ഒപ്പം ചില വ്യാജകാരണങ്ങൾ കണ്ടെത്തി, അപകടത്തിന്റെ യഥാർത്ഥ ഉത്തരവാദികളെ കുറ്റവിമുക്ത രാക്കുന്നതിനും സിബിഐ അന്വേഷണം സഹായിച്ചേക്കാം.

മോദി ഭരണത്തിന്റെ ആദ്യ പകുതിയിൽ, 2016ൽ കാൺപൂരിൽ നടന്ന ഗുരുതരമായ ട്രെയിൻ അപകടത്തിന്റെ അന്വേഷണ ചുമതല ദേശീയ അന്വേഷണ ഏജൻസിയെ (എൻഐഎ) ഏൽപ്പിച്ചു. 2017ലെ തിരഞ്ഞെടുപ്പ് പ്രചാരണ വേളയിൽ അപകടം ഗൂഢാലോചനയുടെ ഫലമാണെന്ന് പ്രധാനമന്ത്രി തന്നെ സൂചിപ്പിച്ചിരുന്നു. എന്നാൽ 200ഓളം വിലപ്പെട്ട ജീവനുകൾ പൊലിഞ്ഞ സംഭവത്തിൽ 2018ൽ എൻഐഎ അന്വേഷണം നിർത്തി. എൻഐഎ റിപ്പോർട്ട് ഇതുവരെ വെളിച്ചം കണ്ടിട്ടില്ല. അതിനാൽ, ഇത്രയും മരണങ്ങൾക്ക് ഉത്തരവാദി ആരാണെന്ന് ആർക്കും അറിയില്ല. 200 പേർ മരിച്ച ജ്ഞാനേശ്വരി എക്സ്പ്രസ് അപകടവും ഉത്തരബംഗ എക്സ്പ്രസ്-വനാഞ്ചൽ എക്സ്പ്രസ് 2010 ജൂലൈ 9ന് സൈന്തിയയിൽ കൂട്ടിയിടിച്ചതും അന്വേഷിക്കാൻ സിബിഐ ചുമതലപ്പെടുത്തിയിരുന്നു. 12 വർഷത്തിലേറെയായിട്ടും ഒന്നും കണ്ടെത്തിയിട്ടില്ല. രാജ്യത്തിന്റെ നീതിന്യായ വ്യവസ്ഥയ്ക്കുമുമ്പിൽ വിചാരണചെയ്യപ്പെടേണ്ട കുറ്റകൃത്യമാണ് ഈ അപകടങ്ങൾക്ക് കാരണമായ സുരക്ഷാ വീഴ്ച. അതിന് ഉത്തരവാദികളായവരെ നിയമത്തിനുമുമ്പിൽ കൊണ്ടുവരുന്നതിനു പകരം അവരെ രക്ഷിക്കുകയാണ് ഈ അന്വേഷണങ്ങളിലൂടെ ഉണ്ടായത്. ബാലസോർ അപകടത്തിന്റെ യഥാർത്ഥകാരണവും ജനങ്ങൾ അറിയുകയില്ല. ഈ അപകടങ്ങൾ ആവർത്തിക്കപ്പെടും. നൂറു കണ

*(ശേഷം 11–ാം പേജിൽ)*

# കെ റയിൽ വിരുദ്ധ സമരം: കാട്ടിലപ്പീടികയിലെ സത്യാഗ്രഹം 1000 ദിനങ്ങൾ പിന്നിട്ടു

**കെ** റെയിൽ സിൽവർ ലൈൻ പദ്ധതിക്കെതിരെ കോഴിക്കോട് ജില്ലയിലെ കാട്ടിലപ്പീടികയിൽ നടന്നുവരുന്ന അനിശ്ചിതകാല സത്യാഗ്രഹം ആയിരം ദിനങ്ങൾ പിന്നിട്ടു. ജൂലൈ 6ന് കാട്ടിലപ്പീടികയിൽ നടന്ന സമ്മേളനം പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ ഉദ്ഘാടനം ചെയ്തു.

സമിതി സംസ്ഥാന വൈസ് ചെയർമാൻ ടി.ടി.ഇസ്മയിൽ അദ്ധ്യക്ഷത വഹിച്ചു. കെ.എം.ഷാജി മുഖ്യപ്രഭാഷണം നടത്തി. മുൻ എംഎൽഎ ജോസഫ് എം.പുതുശ്ശേരി, അഡ്വ. പ്രവീൺ കുമാർ എന്നിവർ മുഖ്യാതിഥികൾ ആയിരുന്നു. സി.ആർ.നീലകണ്ഠൻ, കെ റെയിൽസിൽവർ ലൈൻ വിരുദ്ധ ജനകീയ സമിതി സംസ്ഥാന ചെയർമാൻ എം.പി.ബാബുരാജ്, ജനറൽ കൺവീനർ എസ്.രാജീവൻ, വിജയരാഘവൻ ചേലിയ, സമിതി വൈസ് ചെയർമാൻ മുസ്തഫ ഒലിവ്, കൺവീനർ മൂസക്കോയ, നസീർ ന്യൂജല്ല, പ്രവീൺ ചെറുവത്ത്, സുനീഷ് കീഴാരി, മുഹമ്മദ് ഫാറൂഖ്, പി.കെ.ഷിജു, ടി.എം.ഉബൈബ്, നസീർ ചേവുമ്പുരക്കൽ, ബാബു ചെറുവത്ത്, ഷാലു തോട്ടോളി എന്നിവർ പ്രസംഗിച്ചു.



അനിശ്ചിതകാല സത്യാഗ്രഹം ആയിരം ദിവസങ്ങൾ പൂർത്തിയാക്കിക്കൊണ്ട് കാട്ടിലപ്പീടികയിൽ നടന്ന പ്രകടനം.

സിൽവർലൈൻ പദ്ധതി പിൻവലിക്കും വരെ ശക്തമായ പരിപാടികളുമായി മുന്നോട്ടു പോകുമെന്ന് കാട്ടിലപ്പീടികയിൽ നടന്ന സംസ്ഥാന സമിതി യോഗം പ്രഖ്യാപിച്ചു. ആഗസ്റ്റ് 9 ക്വിറ്റിന്ത്യാ ദിനത്തിൽ ക്വിറ്റ് കെ റെയിൽ ദിനാചരണവും ആഗസ്റ്റ് 15 സ്വാതന്ത്ര്യ ദിനത്തിൽ കെ റെയിലിൽ നിന്ന് കേരളത്തിന് സ്വാതന്ത്ര്യം എന്ന മുദ്രാവാക്യം ഉയർത്തി ഫ്രീഡം ഫ്രം കെ റെയിൽ ദിനാചരണവും നടത്തും. കെ റെയിൽ സിൽവർ ലൈൻ പദ്ധതിക്കായി ഭൂമി ഏറ്റെടുക്കൽ ഉത്തരവിറക്കിയ ആഗസ്റ്റ് 18ന്റെ വാർഷിക ദിനത്തിൽ സമരസമിതി സംസ്ഥാന വ്യാപകമായി കരിദിനാചരണം നടത്തും. കോട്ടയം ജില്ലയിലെ മാടപ്പള്ളി സമരപ്പന്തലിൽ 500 ദിവസം പൂർത്തിയാക്കുന്ന സെപ്റ്റംബർ ഒന്നിന് സമര സംഗമം നടത്താനും സംസ്ഥാന സമിതി യോഗം തീരുമാനിച്ചു. ■

# കേരള ആശ ഹെൽത്ത് വർക്കേഴ്സ് അസോസിയേഷൻ ആരോഗ്യ മന്ത്രി വീണ ജോർജ്ജിന് നിവേദനം സമർപ്പിച്ചു

**62** വയസ്സ് പൂർത്തിയായവരും മൂന്ന മാസം തുടർച്ചയായി ഇൻസന്റീവ് തുക 500 രൂപയിൽ താഴെയാകുന്നവരുമായ ആശ വർക്കർമാരെ സർവ്വീസ്സിൽനിന്നും ഒഴിവാക്കുമെന്നതുൾപ്പെടെയുള്ള സർക്കാർ ഉത്തരവ് ഉടൻ പിൻവലിക്കണമെന്നാവശ്യപ്പെട്ട് കേരള ആശ ഹെൽത്ത് വർക്കേഴ്സ് അസോസിയേഷൻ ആരോഗ്യ മന്ത്രി വീണ ജോർജ്ജിന് നിവേദനം സമർപ്പിച്ചു.

ഉത്തരവിനെതിരെ എൻഎച്ച്എം സ്റ്റേറ്റ് മിഷൻ ഓഫീസ്സിനുമുമ്പിലും ജില്ലകളിൽ ഡിപിഎം ഓഫീസ്സുകൾക്കു മുമ്പിലും കേരള ആശ ഹെൽത്ത് വർക്കേഴ്സ് അസോസിയേഷന്റെ നേതൃത്വത്തിൽ ശക്തമായ പ്രതിഷേധങ്ങൾ സംഘടിപ്പിക്കപ്പെട്ടിരുന്നു. പ്രതിഷേധം വ്യാപകമായപ്പോൾ, പ്രസ്തുത ഉത്തരവ് ഉദ്യോഗസ്ഥരുടെ കൈപ്പിഴയാൽ ഉണ്ടായതാണെന്നും അതുകൊണ്ടുതന്നെ നടപ്പാക്കുകയില്ലെന്നും അത് മരവിപ്പിച്ചുകൊണ്ടുള്ള ഉത്തരവ് ഉടൻ വരുമെന്നും ആരോഗ്യമന്ത്രി പറഞ്ഞിരുന്നുവെങ്കിലും നാളിതുവരെയായിട്ടും അത് പ്രാബല്യത്തിലായിട്ടില്ല. അതുകൊണ്ട്തന്നെ കാസർഗോഡ് ജില്ലയിൽ 62 വയസ്സ് പൂർത്തിയായ ആശവർക്കറെ സർവ്വീസ്സിൽനിന്നും ടെർമിനേറ്റ് ചെയ്തുകൊണ്ട് ഏതാനും ദിവസങ്ങൾക്കുമുമ്പ് കാസർഗോഡ് ഡിപിഎംന്റെയും കുമ്പഡാജെ പിഎച്ച്സി മെഡിക്കൽ ഓഫീസ്സറുടെയും ഉത്തരവിറങ്ങിയിരുന്നു. സ്വാഭാവികമായും ഈ നടപടി, കാസർഗോഡ് ജില്ലയിലെതന്നെ മറ്റ് ആരോഗ്യകേന്ദ്രങ്ങളിലേക്കും മറ്റ് ജില്ലകളിലേക്കും വ്യാപിക്കുമെന്നതിൽ സംശയമില്ല. രണ്ട് പതിറ്റാണ്ടിലേറെക്കാലം ആരോഗ്യവകുപ്പിനുവേണ്ടി നിസ്വാർത്ഥ സേവനം നടത്തിയ സഹോദരിമാരെ യാതൊരു വിരമിക്കൽ ആനുകൂല്യങ്ങളും നൽകാതെ പിരിച്ചുവിടുന്നത് അപലപനീയമാണ്.

2023 മാർച്ച് 2ലെ ഉത്തരവ് പിൻവലിച്ചുകൊണ്ട് ഉടൻ ഉത്തരവിറക്കണമെന്നും കേരള ആശ ഹെൽത്ത് വർക്കേഴ്സ് അസോസിയേഷൻ (KAHWA) നേതാക്കളായ എം.എ. ബിന്ദു, എസ്. മിനി, ആർ. ഗിരിജ എന്നിവർ ആരോഗ്യ വകുപ്പ് മന്ത്രി വീണ ജോർജിന് സെക്രട്ടേറിയറ്റിൽവച്ച് നൽകിയ നിവേദനത്തിൽ ആവശ്യപ്പെട്ടു. കാസർഗോഡ് കുമ്പഡാജെ പിഎച്ച്സിയിലെ സിസിലിയ എന്ന ആശ വർക്കറെ പിരിച്ചുവിട്ട നടപടിയെ മുൻനിർത്തിയാണ് കേരള ആശാ ഹെൽത്ത് വർക്കേഴ്സ് അസോസിയേഷൻ വീണ്ടും ആരോഗ്യമന്ത്രിയെക്കണ്ട് നിവേദനം നൽകിയത്. നിവേദനത്തിൽ ഉടൻ നടപടിയുണ്ടാകുകയും ആശാവർക്കറെ പിരിച്ചുവിട്ട നടപടി റദ്ദാക്കുകയും ചെയ്തു. ■

# ദേശീയ വിദ്യാഭ്യാസ നയം 2020 പിൻവലിക്കുക; പ്രതിഷേധവാരം

**ദേ**ശീയ വിദ്യാഭ്യാസ നയം 2020 പിൻവലിക്കുക എന്നാവശ്യപ്പെട്ടുകൊണ്ട് ജൂൺ 21 മുതൽ 27 വരെ എഐഡിഎസ്ഒ അഖിലേന്ത്യാ തലത്തിൽ പ്രതിഷേധവാരം ആചരിച്ചു. സംസ്ഥാനത്ത് വിവിധ ജില്ലകളിൽ പ്രതിഷേധ പരിപാടികൾ സംഘടിപ്പിച്ചു. വിദ്യാർത്ഥികളുടെ യാത്ര കൺസഷൻ സംരക്ഷിക്കുക, ഭരണ സ്വാധീനം ഉപയോഗിച്ചുകൊണ്ട് ഉന്നത വിദ്യാഭ്യാസ മേഖലയിൽ അനധികൃത നേട്ടങ്ങൾ ഉണ്ടാക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുക, നാലുവർഷ ഡിഗ്രി കേരളത്തിൽ നടപ്പാക്കരുത് തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചു കൊണ്ടാണ് പ്രതിഷേധ പരിപാടികൾ സംഘടിപ്പിച്ചത്. കോട്ടയം ജില്ലയിൽ നടന്ന വാരാചരണം സംസ്ഥാന സെക്രട്ടറി ആർ.അപർണ ഉദ്ഘാടനം ചെയ്തു. എറണാകുളം ജില്ലയിൽ നടന്ന പ്രതിഷേധ പരിപാടി സംസ്ഥാന സെക്രട്ടറിയേറ്റ് അംഗം ആർ.ജതിൻ ഉദ്ഘാടനം ചെയ്തു. തിരുവനന്തപുരം ജില്ലയിൽ നടന്ന പ്രതിഷേധ പരിപാടി സംസ്ഥാന സെക്രട്ടറിയേറ്റ് അംഗം ഗോവിന്ദ് ശശി ഉദ്ഘാടനം ചെയ്തു. കൊല്ലം ജില്ലയിൽ നടന്ന പരിപാടി സംസ്ഥാന സെക്രട്ടറിയേറ്റ് അംഗം ഡോ.സുകന്യ കുമാർ ഉദ്ഘാടനം ചെയ്തു.

ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിലെ അനനുരഞ്ജനധാരയുടെ നേതാക്കളായ നേതാജി, ഭഗത് സിംഗ്, ഖുദിറാം ബോസ്, ചന്ദ്രശേഖർ ആസാദ് തുടങ്ങിയവർ മുന്നോട്ടുവെച്ച മൂല്യങ്ങൾ സ്വാംശീകരിച്ചുകൊണ്ട് വിദ്യാർഥി രാഷ്ട്രീയത്തിന്റെ മഹത്വം വീണ്ടെടുക്കാനുള്ള പാതയിൽ വിദ്യാർത്ഥി സമൂഹം ഒന്നിക്കണമെന്ന് വാരാചരണത്തിലൂടെ ആഹ്വാനം ചെയ്തു. ■

# റെയിൽവേ സേവനങ്ങളുടെ സ്വകാര്യവൽക്കരണവും വാണിജ്യവൽക്കരണവും അവസാനിപ്പിക്കുവാൻ ജനങ്ങൾ സംഘടിതമായി മുന്നോട്ടുവരണം

*(10–ാം പേജിൽ നിന്ന്)*




ക്കിന് സാധാരണക്കാരുടെയും കുടിയേറ്റത്തൊഴി ലാളികളുടെയും ജീവൻ ഇനിയും ട്രാക്കുകളിൽ പൊലിയും. അവരുടെ ജീവന് എന്തുവില!

ബാലസോർ ദുരന്തത്തിനു ശേ ഷം, 48 മണിക്കൂറിനുള്ളിൽ ഒഡീഷയിലെ ബർഗഡിൽ ഗുഡ്സ് ട്രെയിൻ പാളം തെറ്റിയ മറ്റൊരു സംഭവം റിപ്പോർട്ട് ചെയ്യപ്പെട്ടു. കൂടാതെ, ജൂൺ 5ന് തമിഴ്നാട്ടിലെ ചെങ്കോട്ട റെയിൽവേ സ്റ്റേഷനിൽ കൊല്ലം ജംഗ്ഷൻ–ചെന്നൈ എഗ്മോർ എക്സ്പ്രസിന്റെ ഒരു കോച്ചിന്റെ ചേസിസിൽ വിള്ളൽ ശ്രദ്ധയിൽപ്പെട്ട റെയിൽവേ ജീവനക്കാർ ഒരു വലിയ ദുരന്തം കൂടി ഒഴിവാക്കി. അത് മാത്രമല്ല. കദിരി ടൗണിലെ ദേശീയപാത നമ്പർ 42ൽ കൂട്ടഗുള്ള റെയിൽവേ ഗേറ്റിൽ ജൂൺ 3ന് പുലർച്ചെ 12.04ന് നാഗർകോവിൽ–മുംബൈ എക്സ്പ്രസ് ഗേറ്റ് കടക്കാനിരിക്കെ ഗേറ്റ് തുറന്ന് കിടന്നതിനാൽ ഉണ്ടാകാമായിരുന്ന മറ്റൊരു വലിയ അപകടം പൊതുജനങ്ങളുടെ സമയോചിതമായ ഇടപെടൽ മൂലം ഒഴിവായി. ജൂൺ 6 ന് പോലും, ഡൽഹി–ഭുവനേശ്വർ രാജധാനി എക്സ്പ്രസ് പശ്ചിമ ബംഗാളിലെ സന്താൽഡി സ്റ്റേഷന് സമീപം ഡീസൽ ബാരൽ കയറ്റിക്കൊണ്ടിരുന്ന ട്രാക്ടറിൽ ഏതാണ്ട് ഇടിച്ചു. ഇവയെല്ലാം, തീവണ്ടിപ്പാതകളുടെ ഉലയുന്ന അടിത്തറയിലാണ് റെയിൽവേ സംവിധാനം പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുന്നു. ഒപ്പം യാത്രക്കാരുടെ സുരക്ഷയ്ക്കും ജീവനും ഒരുവിലയുമില്ലെന്നും തെളിയിക്കുന്നു.

അപകടസ്ഥലത്തിനടുത്തുള്ള നിർമ്മാണത്തിലിരിക്കുന്ന ക്ഷേത്രം, മുസ്ലീം പള്ളിയായി മോർഫ് ചെയ്ത് സോഷ്യൽ മീഡിയയിൽ പ്രചരിപ്പിച്ചുകൊണ്ട് ന്യൂനപക്ഷ സമുദായത്തെ വേട്ടയാടാൻ ബിജെപിയുടെ കുപ്രസിദ്ധ ഐടി സെൽ, ദാരുണമായ ഒരപകടത്തിന്റെ വേള പോലും ഹീനമായ വർഗ്ഗീയമുതലെടുപ്പിന് ഉപയോഗപ്പെടുത്തുമെന്ന് തെളിയിച്ചു. അതേസമയം, ബിജെപി മന്ത്രിമാരുടെയും നേതാക്കളുടെയും ട്വിറ്റർ കുറിപ്പുകളിലും സോഷ്യൽ മീഡിയ അക്കൗണ്ടുകളിലും ഇരകളോടും അവരുടെ കുടുംബങ്ങളോടും യാതൊരുവിധ സഹതാപവും കാണാനില്ല. പകരം, രക്ഷാപ്രവർത്തനത്തിനു പ്രചോദനം നൽകിയതിന് പ്രധാനമന്ത്രി മോദിയെയും, 51 മണിക്കൂർ സ്ഥലത്ത് നിലയുറപ്പിച്ച് ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിച്ചതിന് റെയിൽവേ മന്ത്രിയെയും പ്രശംസ കൊണ്ട് പൊതിയുകയും ചെയ്യുന്നു. അങ്ങിനെ യഥാർത്ഥ പ്രതികൾ സമർത്ഥമായി കുറ്റവിമുക്തരാക്ക പ്പെട്ടു.

ദുരിതമനുഭവിക്കുന്ന ജനങ്ങൾ ഇത്തരം നികൃഷ്ടമായ സ്ഥിതി നിർബാധം തുടരാൻ അനുവദിക്കണമോ? അതോ അവരുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ അവർ ശബ്ദിക്കണമോ? ട്രെയിൻ യാത്രക്കാരുടെ സുരക്ഷ, സൗകര്യങ്ങൾ എന്നിവ ഉറപ്പുവരുത്തുന്നതിനു ഫലപ്രദമായ നടപടികൾ കൈക്കൊള്ളാൻ സർക്കാരിനെ നിർബന്ധിക്കാൻ രാജ്യത്തുടനീളം ജനങ്ങളുടെ യാത്രാ സുരക്ഷാ സമിതികൾ രൂപീകരിക്കുകയും സംഘടിത പ്രസ്ഥാനം വളർത്തിയെടുക്കുകയും ചെയ്യുക എന്നതാണ് എല്ലാവരുടെയും ചുമതല. റെയിൽവേ സേവനത്തിന്റെ സ്വകാര്യവൽക്കരണവും വാണിജ്യവൽക്കരണവും പിൻവലിക്കണം, സാധാരണക്കാരുടെ താൽപര്യം കണക്കിലെടുത്ത് മതിയായ മാനവശേഷിയും, ശരിയായ മേൽനോട്ടവും, വിഭവങ്ങളുടെ വിവേകപൂർണ്ണമായ വിനിയോഗവുംവഴി ഈ അവശ്യയാത്രാ സർവീസ് നടത്താനുള്ള ഉത്തരവാദിത്തം സർക്കാർ ഏറ്റെടുക്കണം. ഇന്ത്യൻ റെയിൽവേയുടെ ബലഹീനമായ അസ്ഥികൂടത്തെ പൊതുജനങ്ങളിൽനിന്ന് മറച്ചുവെക്കാനുള്ള 'വന്ദേ ഭാരത്' അല്ലെങ്കിൽ 'ബുള്ളറ്റ് ട്രെയിൻ' കേന്ദ്രീകരിച്ചുള്ള പ്രചാരണതന്ത്രങ്ങളെ തുറന്നുകാട്ടണം. ശരിയായ ലക്ഷ്യത്തിനായി ജനങ്ങൾ ഐക്യത്തോടെയും സംഘടിതമായും നിലകൊണ്ടാൽ, സ്വേച്ഛാധിപത്യ ഭരണാധികാരികൾക്ക് മുട്ടുമടക്കേണ്ടി വരും. ഇതാണ് ചരിത്രം നൽകുന്ന പാഠം. ■

# നിർമ്മിതബുദ്ധി(AI)യും ചാറ്റ് ജിപിടിയും മനുഷ്യ വംശത്തിന് ഗുണപ്രദമാകുമോ ?



**കം**പ്യൂട്ടർ സാങ്കേതികവിദ്യയിലെ ശ്രദ്ധാകേന്ദ്രമായ വാക്കായി മാറിയിരിക്കുന്നു കൃത്രിമബുദ്ധി എന്നത്. സാധാരണഗതിയിൽ മനുഷ്യബുദ്ധി ഉപയോഗിച്ചു നിർവ്വഹിക്കേണ്ട കൃത്യങ്ങൾ ചെയ്യുവാൻ ശേഷിയുള്ള യന്ത്രങ്ങളുടെ നിർമ്മാണവും ഉപയോഗവും കൊണ്ട് ശ്രദ്ധേയമായ ആധുനിക സാങ്കേതികവിദ്യയാണിത്. ഉപഭോക്തൃസേവനങ്ങൾക്കായുള്ള ചാറ്റ്ബോട്ടുകൾ തുടങ്ങി ഉയർന്ന ശേഷിയുള്ള ജിപിഎസ്, മാപ്പിംഗ് ഉപയോഗങ്ങളെയും വിവിധ വ്യവസായങ്ങളെയും സാമൂഹികഘടകങ്ങളെയും കൃത്രിമ ബുദ്ധി മാറ്റിമറിച്ചിരിക്കുന്നു.

**ചാ**റ്റ് ജിപിടി (Generative Pre-trained Transformer) എന്ന കൃത്രിമ ബുദ്ധിയുടെ ഒടുവിലത്തെ അവതാരം മനുഷ്യസംഭാഷണങ്ങളെ അനുകരിക്കാനും സ്വയം തീരുമാനങ്ങളെടുക്കാനും ശേഷി നേടിയതായി അവകാശപ്പെടുന്നുണ്ട്.കൃത്രിമബുദ്ധിയുടെ പൊതുപ്രയോഗങ്ങളിൽ ഇന്നുള്ളതിൽനിന്നുള്ള യഥാർത്ഥ വ്യതിയാനമായിതിനെ കണക്കാക്കാം. അഭിപ്രായപ്രകടനങ്ങളോടുംഅഭ്യർത്ഥനകളോടും അത് സംഭാഷണരൂപത്തിൽ പ്രതികരിക്കു കയും അനുബന്ധചോദ്യങ്ങൾ ചോദിച്ചും അനുചിതങ്ങളായ അഭ്യർത്ഥനകളെ നിരസിച്ചും സംഭാഷണം തുടരുകയും ചെയ്യും. ഒരു ചോദ്യത്തിലെ തെറ്റായ ആധാരപ്രസ്താവങ്ങളെ ചോദ്യം ചെയ്യാനുള്ള ശേഷിയും ചാറ്റ്ജിപിടിയുടെ മറ്റൊരു പ്രത്യേകതയാണ്. സാങ്കല്പികമായ ചോദ്യങ്ങളെ പരിഗണിക്കാനും ചർച്ചചെയ്യാനും അതിനു കഴിയും. തെറ്റും അർത്ഥശൂന്യവുമായ ഉത്തരങ്ങൾ ശരിയെന്ന മട്ടിൽ ചിലപ്പോഴതു നൽകാം. അനുചിതങ്ങളായ അഭ്യർത്ഥനകളെ നിരസിക്കാനായി അതിനെ പരിശീലിപ്പിച്ചിട്ടുണ്ട്. ചിലപ്പോഴത് ഹാനികരമായ നിർദ്ദേശങ്ങളോടു പ്രതികരിക്കുകയും പക്ഷപാതപരമായ സ്വഭാവം കാണിക്കുകയും ചെയ്യും.

ഒരു വാക്യത്തിൽ ഏറ്റവും യോജിക്കുന്ന അടുത്തവാക്ക് പ്രവചിക്കാനതിനു കഴിയും. താരതമ്യേന കൃത്യമായ നിരവധി പ്രവചനങ്ങൾ കൊണ്ട് യുക്തിപൂർവ്വകമായ ഖണ്ഡികകൾ നിർമ്മിക്കാനതിനു കഴിയും. ഇത്ര വിശ്വസനീയമായ രീതിയിൽ മനുഷ്യസംഭാഷണങ്ങളെ അനുകരിക്കാനതിനെങ്ങനെ കഴിയുന്നു? അതിനു നൽകപ്പെട്ട വിവരങ്ങളുടെയടിസ്ഥാനത്തിലാണിതു ചെയ്യുന്നത്. മാത്രമല്ല, 'മനുഷ്യപ്രതികരണത്തിൽക്കൂടിയു ള്ള പഠനദൃഢീകരണം' (Reinforcement Learning from Human Feedback) എന്ന സങ്കേതത്താൽ അതു പ്രോഗ്രാം ചെയ്യപ്പെട്ടുമിരിക്കുന്നു.

### ശാസ്ത്രത്തിന്റെ നേട്ടങ്ങൾ ജനതാല്പര്യത്തിനായാണ് പ്രയോഗിക്കേണ്ടത്

മറ്റു സാങ്കേതിക വിശദാംശങ്ങൾ മാറ്റിവയ്ക്കാം. സാധാരണക്കാരെ സംബന്ധിച്ചിടത്തോളം ചാറ്റ്ജിപിടി പോലുള്ള കൃത്രിമ ബുദ്ധി സംവിധാനങ്ങളെക്കുറിച്ച് അറിയേണ്ട പ്രധാനപ്പെട്ട കാര്യം തങ്ങളുടെ അധ്വാനഭാരം ലഘൂകരിച്ചുകൊണ്ട്, നടുവൊടിക്കുന്ന കഠിനാധ്വാനത്തിൽ നിന്ന് ആശ്വാസം നേടി, ആവർത്തിക്കുന്നതും സമയമെടുക്കുന്നതുമായ കഠിന ജോലികളിൽ നിന്ന് മോചിതരായി അധ്വാനത്തിന്റെ അർത്ഥപൂർണ്ണവും ക്രിയാത്മകവും താല്പര്യജനകവുമായ കാര്യങ്ങളിൽ മുഴുകാൻ അതവർക്ക് എങ്ങനെയൊക്കെ എവിടെയൊക്കെ ഉപകരിക്കുമെന്നാണ്. അതു മാത്രമല്ല. സ്വന്തം കഠിനാധ്വാനത്തിലൂടെ നാഗരികത സൃഷ്ടിക്കുന്ന തൊഴിലാളികൾക്ക് ഇന്ന്, ഈ മുതലാളിത്ത വ്യവസ്ഥിതിയിൽ അപകടകരമായ തൊഴിലുകളിൽനിന്ന് മോചനം കിട്ടേണ്ടതെങ്ങനെയാണ്? ഇതു ചർച്ച ചെയ്യേണ്ട വിഷയമാണ്.

സൃഷ്ടിയുടെ ഉന്നതങ്ങളിൽ എത്താനുള്ള മനുഷ്യരുടെ ശ്രമത്തിൽ, നാഗരികതയെ മുന്നോട്ടു കൊണ്ടുപോകാൻ സഹായിക്കുന്ന ഉപകരണമെന്ന നിലയിൽ ശാസ്ത്രം മനുഷ്യരെ സഹായിച്ചിട്ടുണ്ട്. ജനതാൽപര്യത്തെ ഹനിക്കുന്ന വിധത്തിൽ ഭരണവർഗ്ഗത്തിനു വേണ്ടി ഉപയോഗിക്കപ്പെടുന്നില്ലെങ്കിൽ ഏതൊരു ശാസ്ത്രവികാസവും ജനങ്ങൾക്ക് ഉപകാരപ്രദമാകേണ്ടതാണ്. പക്ഷേ ശാസ്ത്രം എന്നുള്ളത് ഒരു വ്യക്തിയല്ല. ശാസ്ത്രജ്ഞരും രാഷ്ട്രീയനയങ്ങൾ തീരുമാനിക്കുന്നവരും ഈ ഏകധ്രുവ സാമ്രാജ്യത്വ-മുതലാളിത്ത ലോകത്തിൽ ഭരണം കയ്യാളുന്ന അധികാരമോഹികളുമാണ് ആധുനിക ശാസ്ത്രത്തിന്റെ നേട്ടങ്ങൾ മനുഷ്യരാശിയെ രക്ഷിക്കാനോ അല്ലെങ്കിൽ മനുഷ്യനാഗരികതയെ നശിപ്പിക്കാനോ ഉപയോഗിക്കണമെന്ന് തീരുമാനിക്കുന്നത്. ഉദാഹരണത്തിന്, പിണ്ഡവും ഊർജ്ജവും തമ്മിലുള്ള ബന്ധത്തെക്കുറിക്കുന്ന ഐൻസ്റ്റൈന്റെ ഉജ്ജ്വലമായ സമവാക്യത്തെ ദുരുപയോഗം ചെയ്താണ് യുദ്ധവെറിയന്മാരായ സാമ്രാജ്യത്വശക്തികൾ ആറ്റം ബോംബ് നിർമ്മിച്ചത്. അതാണ് 1945 ആഗസ്റ്റ് 6നും 9നും യഥാക്രമം ഹിരോഷിമയിലും നാഗസാക്കിയിലും നിഷ്കളങ്കരായ ജപ്പാൻ ജനതക്കുമേൽ വർഷിക്കുകയും 2.25 ലക്ഷത്തിലധികം പേരെ കൊല്ലുകയും 3.5 ലക്ഷത്തിലധികം പേർക്ക് അംഗവൈകല്യം വരുത്തുകയും വികിരണം മൂലം അവിടുത്തെ അന്തരീക്ഷത്തിനു പരിഹരിക്കാനാകാത്ത ഹാനി വരുത്തുകയും ചെയ്തത്. വികിരണബാധമൂലമുണ്ടായ കാൻസർ രോഗത്തെത്തുടർന്ന് പിന്നീടുള്ള വർഷങ്ങളിൽ ആയിരക്കണക്കിനാളുകൾ അകാലത്തിൽ മരിച്ചുപോയി. ഇപ്പോഴുമതു തുടരുന്നു. യുഎസ് സാമ്രാജ്യത്വം ആറ്റംബോംബുപയോഗിച്ചത് അവരുടെ സൈനിക മേധാവിത്വം പ്രദർശിപ്പിക്കാനും അതുവഴി മുതലാളിത്ത സാമ്രാജ്യത്വരാഷ്ട്രങ്ങൾക്കിടയിൽ തങ്ങളുടെ അധീശത്വം സ്ഥാപിച്ചെടുക്കുന്നതിനുമായിരുന്നു. കാരണം, സോവിയറ്റ് ചെമ്പട അതിനകംതന്നെ ഹിറ്റ്ലറുടെ ഫാസിസ്റ്റു ഭരണത്തെ തകർക്കുകയും 1945 മെയ് 2ന് ജർമൻ പാർലമെന്റായ റീഷ്സ്റ്റാഗിൽ ചെങ്കൊടി ഉയർത്തുകയും ചെയ്തിരുന്നു. കുട്ടക്കുരുതിയിൽ അത്യന്തം രോഷവാനായ ഐൻസ്റ്റൈൻ ഐക്യരാഷ്ട്രസഭയ്ക്ക് ഒരു പരസ്യസന്ദേശമയച്ചു. ജപ്പാനുമേൽ ആണവായുധം പ്രയാഗേിക്കരുതെന്നാവശ്യപ്പെട്ടുകൊണ്ട് അതിനുമുമ്പുതന്നെഅദ്ദേഹംഅന്നത്തെയുഎസ് പ്രസിഡന്റ് റൂസ്‌വെൽറ്റിന് എഴുതിയിരുന്നു. ആണവായുധങ്ങൾക്കെതിരെയുള്ള ഐൻസ്റ്റൈന്റെ എതിർപ്പ് ഇങ്ങനെ രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു. "ജപ്പാനെതിരെയുള്ള ആണവായുധപ്രയോഗത്തിനെ ഞാനെല്ലായ്പ്പോഴുമെതിർത്തിരുന്നു, പക്ഷേ ദൗർഭാഗ്യകരമായ ആ തീരുമാനത്തെ തടയാൻ എനിക്കൊന്നും ചെയ്യാൻ കഴിഞ്ഞില്ല." അദ്ദേഹം ഊർജ്ജതന്ത്രജ്ഞനായ സുഹൃത്ത് ഷിനോഹാരക്കെഴുതി. ആണവായുധങ്ങളുടെ ഉപയോഗം തടയുന്നതിനായി ഒരു ലോക ഗവൺമെന്റ് സ്ഥാപിക്കണമെന്ന് അദ്ദേഹം പില്ക്കാലത്ത് ആവശ്യപ്പെടുകയുണ്ടായി. ഇത്തരത്തിലൊരു കൂട്ടക്കുരുതി നടന്നത് തന്റെ കണ്ടെത്തലിനെ അടിസ്ഥാനമാക്കിയാണെന്നതിൽ വിലപിക്കുകയും ചെയ്തു അദ്ദേഹം.

ഒരു പ്രധാന വിഷയം അവതരിപ്പിക്കുന്നതിനാണീ സംഭവം ഓർമ്മിപ്പിച്ചത്. റൊബോട്ടുകളുടെയും റൊബോട്ടിക്സിന്റെയും വികാസത്തിനും രാജ്യങ്ങളിലും സമൂഹത്തിലും അതിന്റെ പ്രചാരത്തിനുമനുസരിച്ച് ജനങ്ങൾക്ക് കുറഞ്ഞ സമയത്തെ അധ്വാനം കൊണ്ട് കൂടുതൽ ഉല്പാദിപ്പിക്കാമെന്ന നിലവന്നുവെന്ന് ഞങ്ങൾ നേരത്തേ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അങ്ങനെയെങ്കിൽ, ഏതു തൊഴിൽ ചെയ്യുന്നവർക്കും കൂടുതൽ ഒഴിവുസമയം ലഭിക്കുകയും വിദ്യാഭ്യാസ സാംസ്കാരിക പ്രവർത്തനങ്ങളിൽ ഇടപെടാനുമുള്ള അവസരം ലഭിക്കുകയും വ്യക്തിജീവിതവും സാമൂഹികജീവിതവും കൂടുതൽ അർത്ഥപൂർണ്ണമാക്കുകയും ചെയ്യാൻ കഴിയുമായിരുന്നു; സാങ്കേതികവിദ്യയിലെയും ശാസ്ത്രത്തിലെയും ഈ മുന്നേറ്റങ്ങൾ മാനവരാശിയുടെ പ്രയോജനത്തിനായി ഉപയോഗിച്ചിരുന്നുവെങ്കിൽ. ഇതൊരു വ്യാമോഹമല്ല. ഉദാഹരണത്തിന്, ഭാഷാസങ്കീർണ്ണതകളുടെ ഉള്ളറകൾ അഴിച്ചെടുക്കാൻ കൃത്രിമബുദ്ധിക്കു കഴിയും. ഇപ്പോഴാദ്യമായി മെഷീനുകൾക്ക് സ്വതന്ത്രമായി, സന്ദർഭവും ഉദ്ദേശ്യവുമുൾപ്പെടെ, പുനരുല്പാദനപരമായും സർഗ്ഗാത്മകമായും ഭാഷ മനസ്സിലാക്കാൻ കഴിയും. ടെക്സ്റ്റുകളും ഇമേജുകളും ഓഡിയോയും ഉൾപ്പെടെ വലിയ അളവിലുള്ള ഡാറ്റയുടെ അടിസ്ഥാനത്തിൽ പരിശീലിക്കപ്പെട്ടിട്ടുള്ളതിനാൽ ഈ കൃത്രിമബുദ്ധി മോഡലുകളെ വളരെ വിപുലമായ കർത്തവ്യങ്ങളുടെ ചടുലമായ നിർവ്വഹണത്തിനായി സൂക്ഷ്മമായി രൂപപ്പെടുത്തിയെടുക്കാൻ സാധിക്കും. അധ്യാപകർക്ക് ഇപ്പോൾ ചെയ്യേണ്ടി വരുന്ന പല ക്ലറിക്കൽ ജോലികളും നിർമ്മിതബുദ്ധി വഴി ചെയ്യുകയാണെങ്കിൽ അവർക്കു വിദ്യാർത്ഥികളുമായി ഇടപഴകാൻ കൂടുതൽ സമയം ലഭിക്കുകയും വിദ്യാഭ്യാസരംഗത്തെ കൂടുതൽ ചലനാത്മകമാക്കാൻ വഴിയൊരുങ്ങുകയും ചെയ്യും. വ്യക്തിഗതവും കാര്യക്ഷമവുമായ രോഗനിർണ്ണയ, പ്രതിരോധ, ചികിത്സാ മാർഗ്ഗങ്ങൾ സ്വീകരിക്കാൻ സഹായിച്ചുകൊണ്ട് നിർമ്മിതബുദ്ധിക്ക് രോഗീപരിചരണത്തിലും വലിയ മാറ്റങ്ങൾ കൊണ്ടു വരാൻ സാധിക്കും. ശരിയായി ഉപയോഗിച്ചാൽ ഈ ഉയർന്ന കാര്യക്ഷമത ചികിത്സാച്ചെലവുകളിൽ കുറവുവരുത്തും. പക്ഷേ, ഇന്നു കാണുന്നതുപോലെ ശാസ്ത്രത്തിലെയും സാങ്കേതികവിദ്യയിലെയും വികാസം യുദ്ധവെറിയരും ലാഭാർത്തിപൂണ്ടവരുമായ മർദ്ദക സാമ്രാജ്യത്വ - മുതലാളിത്ത ഭരണാധികാരികളുടെ ചൊൽപ്പടിയിലാണെങ്കിൽ, വിഭാവനം ചെയ്യപ്പെടുന്ന ഈ പ്രയോജനമൊന്നും ജനങ്ങളിലെത്തില്ല. മറിച്ച്, ഭരണബൂർഷ്വാസിയുടെ ഹീന താല്പര്യങ്ങൾക്കായി അവ ദുരുപയോഗം ചെയ്യപ്പെടും.

### മനുഷ്യമസ്തിഷ്കത്തിന്റെ സ്ഥാനമേറ്റെടുക്കാൻ നിർമ്മിതബുദ്ധിക്കാകില്ല

സർഗ്ഗശേഷിയുള്ള മനുഷ്യർക്കു പകരം വയ്ക്കാൻ നിർമ്മിതബുദ്ധിക്കാകില്ല എന്നു നാം മനസ്സിലാക്കണം. മനുഷ്യരാശിയുടെ കൈയിലെ പുതിയൊരുപകരണം മാത്രമാണിത്. പ്രകടമായി മനസ്സിലാക്കാവുന്നതു പോലെ, കലാകാരന്മാരായ മനുഷ്യരെപ്പോലെ എണ്ണച്ചായമോ മറ്റു മാധ്യമങ്ങളോ നിർമ്മിതബുദ്ധി ഉപയോഗിക്കില്ല മറിച്ച്, കേവലം ഡിജിറ്റൽ ചിത്രങ്ങൾ മാത്രം. കംപ്യൂട്ടർ സയൻസിന്റെ വിധാതാക്കളിലൊരാളായ അലൻ ടൂറിംഗ് തന്റെ ചടുലധിഷണയെ ഇഷ്ടമേഖലയായ കൃത്രിമ ബുദ്ധിയിലുള്ള ഗവേഷണത്തിലേക്കു തിരിച്ചിരുന്നു. തന്റെ വീക്ഷണത്തിന്റെ തിരനോട്ടം അദ്ദേഹം 1947ൽ ഇങ്ങനെ അവതരിപ്പിക്കുന്നു. "അനുഭവങ്ങളിൽനിന്നു പഠിക്കുന്ന ഒരു മെഷീൻ ആണ് നമുക്ക് ആവശ്യം."

ചാറ്റ് ജിപിടിയിലേക്കു തിരിച്ചുവരാം. ചില വിവരസാങ്കേതിക വിദഗ്ധർ അതിനെ ഒരു അപൂർവ്വ പ്രതിഭയെന്നു വിളിക്കുന്നു. മനുഷ്യരെപ്പോലെ സംഭാഷണത്തിലേർപ്പെടാനും ലേഖനങ്ങൾ, കവിത, സോഫ്റ്റ് വെയർ കോഡുകൾ, ശാസ്ത്രപ്രബന്ധങ്ങൾ, മാനുവലുകൾ, നോവൽ അങ്ങനെ എന്തും എഴുതാനും നിരവധി ഭാഷകൾക്കിടയിൽ പരിഭാഷ നടത്താനും കഴിവുള്ള ഒന്ന്. അനുചിതങ്ങളായ അഭ്യർത്ഥനകളെ നിരാകരിക്കാനും സ്വന്തം പിഴവുകൾ തിരുത്താനും സംഭാഷണത്തിന്റെ ചരടുവിടാതെ തുടരാനുമുള്ള ശേഷി അതി

(ശേഷം 13–ാം പേജിൽ)

# മനുഷ്യരാശിയുടെ കൈയിലെ പുതിയൊരുപകരണം മാത്രമായ നിർമ്മിത ബുദ്ധിക്ക് സർഗ്ഗശേഷിയുള്ള മനുഷ്യർക്കു പകരമാകാനാവില്ല

### നിർമ്മിതബുദ്ധിയും ചാറ്റ് ജിപിടിയും

*(12–ാം പേജിൽ നിന്ന്)*

ന്നുണ്ട്. 2022 നവംബറിൽ അവതരിപ്പിക്കപ്പെട്ട് അഞ്ചു ദിവസത്തിനുള്ളിൽ പത്തുലക്ഷം ഉപഭോക്താക്കളെ ചാറ്റ്ജിപിടിക്കു നേടാനായി. ഇൻസ്റ്റഗ്രാമിന് ഈ നേട്ടമെത്താൻ രണ്ടര മാസം വേണ്ടിവന്നു. ചില വിവരസാങ്കേതികവിദഗ്ധർ ഈ വികാസത്തെ വിധിയുടെ അനിവാര്യ ഇഴച്ചിലായാണ് കാണുന്നത്, ഒരു ഹിമപ്രവാഹമായല്ല.

എന്നാൽ,ആദ്യവീക്ഷണത്തിൽ അർത്ഥമുണ്ടെന്നു തോന്നിയേക്കാവുന്ന, വാക്കുകളുടെ ക്രമരഹിതമായ വിന്യാസം മാത്രം നടത്താൻ കഴിയുന്ന 'യാദൃശ്ചിക തത്ത' മാത്രമാണിതെന്നു മറ്റുചിലർ അഭിപ്രായപ്പെടുന്നു. ഇത് വാചാലവും ആവർത്തിക്കുന്നതും ഗണിതക്രിയ നേരായി ചെയ്യാൻ കഴിയാത്തതും പലപ്പോഴും ആവശ്യപ്പെട്ടതിനേക്കാൾ കുറഞ്ഞ എണ്ണത്തിലുള്ള വാക്കുകളിൽ പ്രതികരണം നൽകുന്നതുമാണെന്നവർ പറയുന്നു. കാലം പോകുന്നതിനനുസരിച്ച് അത് ദശലക്ഷക്കണക്കിനാളുകളുമായി സംവദിക്കുകയും ഈ വിവരനിക്ഷേപം അതിനെ മെച്ചപ്പെടുത്തുകയും ചെയ്യും. പക്ഷേ മനുഷ്യബുദ്ധിയുമായി ഇതിനെ തുലനം ചെയ്യുന്നത് പരമാബദ്ധമായിരിക്കും. മുഖ്യാംശത്തിൽ, ഒരു സമയത്ത് ഒരു കൃത്യം മാത്രം ചെയ്യാൻ കഴിയുന്ന ഒരു യന്ത്രഗ്രഹണസംവിധാനം (Machine Learning System) മാത്രമാണിത്. നൽകപ്പെട്ട ഡാറ്റയും വിവരങ്ങളുംകൊണ്ടു മാത്രമേ അതിനു പ്രവർത്തിക്കാനാകൂ. ചാറ്റ്ജിപിടിയുമായുള്ള സംഭാഷണങ്ങൾ, അതിനു മനുഷ്യചിന്തയെ അനുകരിക്കാൻ കഴിയുമെന്നാണ് കാണിക്കുന്നതെങ്കിലും അതിനു ചിന്തിക്കാൻ കഴിയില്ല.

എന്നാൽ, നമുക്കറിയാവുന്നതുപോലെ മനുഷ്യമസ്തിഷ്കമെന്നത് അതിന്റെ ഉയർന്ന വികസിതസംവിധാനം കൊണ്ട്, വസ്തുപ്രപഞ്ചത്തെ പരാവർത്തനം ചെയ്യാൻ ശേഷി നേടിയ അഥവാ ചിന്തിക്കാൻ കഴിവുള്ള, അതിസങ്കീർണ്ണമായ ഒരു ഭൗതികവസ്തുവാണ്. സഖാവ് ശിബ്ദാസ് ഘോഷ് സ്പഷ്ടമാക്കിയതുപോലെ, "മനസ്സ് എന്നത് മനുഷ്യമസ്തിഷ്കത്തിന്റെ ഒരു നിശ്ചിതമായ ധർമ്മമാണ്. വസ്തുപ്രപഞ്ചവുമായുള്ള പരസ്പരപ്രവർത്തനത്തിലൂടെയും യുക്തിയിലേക്കുള്ള പരാവർത്തനത്തിലൂടെയും മനുഷ്യമസ്തിഷ്കം അതിന്റെ ഈ നിശ്ചിത ധർമ്മത്തിന് – മനസ്സിന് – ജന്മം കൊടുക്കുന്നു. അതുകൊണ്ട്, മസ്തിഷ്കത്തിന്റെ സവിശേഷഘടനയുടെ ഉല്പന്നവും മനുഷ്യമനസ്സിന്റെ അടിസ്ഥാനവുമായ ചിന്താശേഷി, വസ്തുപ്രപഞ്ചവുമായുള്ള മസ്തിഷ്കത്തിന്റെ പരസ്പരപ്രവർത്തനത്തിലൂടെ വികസിച്ചുവന്നതാണ്." (*മാർക്സിസത്തിന്റെയും ദ്വന്ദ്വാത്മക ഭൗതികവാദത്തിന്റെയും സാരംശങ്ങളിൽ ചിലത്, സമാഹൃതകൃതികൾ (ഇംഗ്ലീഷ്) വാല്യം 2*) "... മനസ്സിന്റെ ബോധം എന്നതുകൊണ്ട് മസ്തിഷ്കത്തിന്റെ പരാവർത്തനശേഷി എന്നാണു നാമർത്ഥമാക്കുന്നത് അതായത്, ചിന്താശേഷി. ആഴത്തിലുള്ള മനസ്സിലാക്കലിൽ നിന്നുരുത്തിരിയുന്ന ബോധമാണിത് – മനുഷ്യമസ്തിഷ്കത്തിന്റെ ചിന്താശേഷിയുമായി ബന്ധപ്പെട്ട ചോദ്യം ഉൾപ്പെടുന്ന പ്രതിഭാസം." (*വിജ്ഞാനശാസ്ത്രം, സമാഹൃതകൃതികൾ (ഇംഗ്ലീഷ്) വാല്യം 4*) മനുഷ്യമസ്തിഷ്കത്തിന്റെ ഈ പ്രത്യേകശേഷിക്കും കാലത്തിനനുസരിച്ച് മാറ്റം സംഭവിക്കുന്നതിനാൽ മാറുന്ന ബാഹ്യലോകവും മാറ്റം സംഭവിക്കുന്ന മസ്തിഷ്കവും തമ്മിലുള്ള പരസ്പരപ്രവർത്തനത്തിലൂടെ രൂപംകൊള്ളുന്ന മനുഷ്യചിന്തയും സ്ഥിരമല്ല, ചലനാത്മകമാണ്. അത് യാന്ത്രികമോ മുൻകൂട്ടി തീരുമാനിക്കപ്പെട്ടതോ അല്ല. എന്നാൽ കൃത്രിമബുദ്ധി മെഷിനിലേക്കു പ്രോഗ്രാം ചെയ്ത് പ്രവർത്തിപ്പിക്കുന്നത് മനുഷ്യരാണ്. അതുകൊണ്ടത് വിവിധ കൃത്യങ്ങൾ അനായാസം ഒരുമിച്ചു ചെയ്യാൻ ശേഷിയുള്ള മനുഷ്യചിന്തയ്ക്കു സമാനമാകില്ല. മനുഷ്യർക്ക് ഒരു സ്രോതസ്സിൽ നിന്നുള്ള വിവരങ്ങൾ സ്വീകരിക്കാനും വ്യത്യസ്തങ്ങളായരീതികളിൽ ഉപയോഗിക്കാനും കഴിയും. അഥവാ, നമ്മുടെ ബുദ്ധി കൈമാറാവുന്നതാണ്, മെഷീനുകളുടെ 'ബുദ്ധി' അങ്ങനെയല്ല. അതുകൊണ്ട് കൃത്രിമബുദ്ധി മനുഷ്യബുദ്ധിയ്ക്കു പകരമാകുമെന്ന അതിരുകടന്ന അവകാശവാദം ശാസ്ത്രീയ സത്യത്തിലധിഷ്ഠിതമല്ല.

### ലാഭാർത്തിപൂണ്ട കുത്തകകളുടെ കൈയിൽ കൃത്രിമബുദ്ധി അനുഗ്രഹമല്ല

മനുഷ്യസമൂഹത്തിന്റെ വികാസനിയമങ്ങളെക്കുറിച്ചുള്ള ശാസ്ത്രീയധാരണകളിൽ നിന്നു നമുക്കറിയാം ഒരു വർഗ്ഗവിഭജിതസമൂഹത്തിൽ സമ്പദ്‌രംഗം നിയന്ത്രിക്കുന്നവർ രാഷ്ട്രീയത്തെയും സംസ്കാരത്തെയും സാമൂഹിക നയങ്ങളെയും നിയന്ത്രിക്കുമെന്ന്. ഇന്നു നിലനില്ക്കുന്നത് വർഗ്ഗവിഭജിതമായ ഒരു മുതലാളിത്ത സമൂഹമാണ്. സമ്പദ്‌രംഗത്തെ നിയന്ത്രിക്കുന്ന ബൂർഷ്വാസി അതുകൊണ്ടുതന്നെ സാമൂഹികമേഖലകളുടെ നടത്തിപ്പിനെ നിർണ്ണയിക്കുന്നുവെന്നതും യാഥാർത്ഥ്യമാണ്. തൊഴിലാളിവർഗ്ഗത്തെയും പണിയെടുക്കുന്ന മറ്റു വിഭാഗങ്ങളെയും നിർദ്ദയം ചൂഷണം ചെയ്തുകൊണ്ട് ഭരിക്കുന്ന ബൂർഷ്വാസിക്ക് പരമാവധി ലാഭം ഉറപ്പാക്കുക എന്നതാണ് മുതലാളിത്ത വ്യവസ്ഥയിൽ ഉല്പാദനത്തിന്റെ ലക്ഷ്യം. അതുകൊണ്ട് ഭരണവർഗ്ഗം ഏതൊരു സാങ്കേതികവികാസത്തെയും മനുഷ്യാദ്ധ്വാനത്തിനു പകരമായുപയോഗിച്ച് ഉല്പാദനച്ചെലവു കുറയ്ക്കാനും പരമാവധി ലാഭം നേടാനും ശ്രമിക്കും. ജനങ്ങളെ നിരീക്ഷിക്കാനും നിയന്ത്രിക്കാനും സാധാരണക്കാരുടെ ജനാധിപത്യാവകാശങ്ങളും പൗരസ്വാതന്ത്ര്യവും ലംഘിക്കാനും കൃത്രിമബുദ്ധി ഉപയോഗിക്കപ്പെടും. ഈ കാഴ്ച്ചപ്പാടിൽ, ശാസ്ത്രവും സാങ്കേതികവിദ്യയും മൂലധനത്തിന്റെ കീഴിലായിരിക്കും. അതുകൊണ്ട്, മുതലാളിത്തത്തിന്റെ മരണമടുത്ത ഈ ഘട്ടത്തിൽ, ഭരണകുത്തകകളുടെ കൈയ്യിൽ കൃത്രിമബുദ്ധി എന്നത് വ്യവസായങ്ങളിലെ തൊഴിൽശക്തിയെ കുറയ്ക്കാനും സൈനികശേഷി ഗണ്യമായി വർധിപ്പിക്കാനുമുള്ള ഉപകരണമായിരിക്കും. ശാസ്ത്ര, സാങ്കേതിക മേഖലകളിലെ പുതുതായ എല്ലാ വികാസങ്ങളും സമൂഹത്തെ ആയുധമണിയിക്കാനാണ് ഉപയോഗിക്കുന്നതെന്നത് മുതലാളിത്ത – സാമ്രാജ്യത്വ ശക്തികൾക്കിടയിൽ സ്വാഭാവികമായ കാര്യമാണ്.

22 തരം ജോലികളിൽ നടത്തിയ ഒരു പഠനം കാണിക്കുന്നത് ചാറ്റ്ജിപിടിയും ലാർജ് ലാംഗ്വേജ്മോഡലുകളും(എൽഎൽഎം) പോലെയുള്ള കൃത്രിമബുദ്ധി, പ്രവൃത്തി ദിനത്തിന്റെ 9% മുതൽ 63% വരെ എല്ലാത്തരം ജോലികളെയും ബാധിക്കുമെന്നാണ്. ഈ 22ലെ അഞ്ചെണ്ണത്തിൽ പകുതിയിൽക്കൂടുതൽ പ്രവർത്തന മണിക്കൂറുകളെയും എൽഎൽഎം മാറ്റിമറിക്കുമത്രെ. ഭാഷാവിദഗ്ധർ, എഐ ഗുണനിയന്ത്രകർ, എഐ എഡിറ്റർമാർ, പ്രോംപ്റ്റ് എഞ്ചിനീയർമാർ തുടങ്ങിയ ജോലികൾക്ക് നൂതനമായ നിബന്ധനകളുണ്ടാകും. ജെനറേറ്റീവ് എഐ കൂടുതൽ ഫലപ്രദമാകുന്ന മേഖലകളിൽ കമ്പനികൾ, താഴെത്തലത്തിലുള്ള ഉത്തരവാദിത്തങ്ങളെയുംകൂടി ഏറ്റെടുക്കുന്ന രീതിയിൽ നിലവിലുള്ള ജോലികളെ വിഭജിക്കാൻ തുടങ്ങും. നിക്ഷേപബാങ്കായ 'ഗോൾഡ്മാൻ സാക്സ്'ന്റെ ഒരു റിപ്പോർട്ട് പറയുന്നത് ഉല്പാദനക്ഷമതയും ശേഷിയും വർദ്ധിപ്പിക്കുകയും കൂടുതൽ വഴക്കം കൊണ്ടുവരികയും തൊഴിൽശക്തിയെ വർദ്ധിപ്പിക്കുകയും ചെയ്തുകൊണ്ട് നിർമ്മാണരംഗത്തെ സഹായിക്കുകയല്ല മറിച്ച്, 30 കോടിക്കു തുല്യമായ മുഴുവൻസമയ തൊഴിലുകൾക്ക് കൃത്രിമബുദ്ധി പകരമാകുമെന്നാണ്. അമേരിക്കയിലെയും യൂറോപ്പിലെയും തൊഴിലുകളിൽ നാലിലൊന്നിനെ അതേറ്റെടുക്കും. ഉദാഹരണത്തിന്, ഗൂഗിൾ ഉൾപ്പടെയുള്ള ഐടി ഭീമന്മാർ ഇപ്പോൾത്തന്നെ വൻതോതിൽ തൊഴിൽ വെട്ടിക്കുറയ്ക്കാൻ തുടങ്ങിയിട്ടുണ്ട്.

ഗൂഗിൾ മേധാവി സുന്ദർ പിച്ചെ ജീവനക്കാർക്കയച്ച ഇമെയിലിൽ പറയുന്നത് മൊത്തം തൊഴിൽശക്തിയുടെ 6% വരുന്ന 12,000ത്തോളം പേരെ പിരിച്ചുവിടുമെന്നാണ്. ഓക്സ്ഫോഡ് സർവ്വകലാശാലയിലെ ഓക്സ്ഫോഡ് മാർട്ടിൻ സ്കൂൾ ഡയറക്ടർ കാൾ ബെനഡിക്ട് ബിബിസി ന്യൂസിനോടു പറഞ്ഞത്, "ജനറേറ്റീവ് എഐ എത്ര തൊഴിലുകളെ മാറ്റിസ്ഥാപിക്കുമെന്ന അറിയാൻ കഴിയില്ല എന്നു മാത്രമാണ് എനിക്കുറപ്പായി പറയാൻ പറ്റുന്ന കാര്യം" എന്നാണ്. ഗൂഗിൾ, മൈക്രോസോഫ്റ്റ് പോലുള്ള ബഹുരാഷ്ട്രകുത്തകകൾക്കിടയിൽ കൃത്രിമബുദ്ധി അധിഷ്ഠിത സേവനങ്ങൾ വൻതോതിൽ ആവിഷ്കരിക്കാനുള്ള മത്സരം തന്നെ നടക്കുകയാണ്. കാരണം, അതു വമ്പിച്ച ലാഭമുണ്ടാക്കാനും വൻതോതിൽ തൊഴിൽശക്തിയെ വെട്ടിക്കുറക്കാനും സഹായിക്കുന്നതാണ്. അവർക്കിത് പുതിയൊരു സ്വർണ്ണഖനിയാണ്. വാട്സ്ആപ്പ്, ഫേസ്ബുക്ക്, ഇൻസ്റ്റഗ്രാം, ടെലഗ്രാം , ട്വിറ്റർ തുടങ്ങിയ ആപ്ലിക്കേഷനുകൾ വർഷം തോറും ശതകോടിക്കണക്കിനു ഡോളർ വരുമാനം നേടിക്കൊടുക്കുന്ന സ്രോതസ്സുകളായി മാറിയെന്നു നമുക്കറിയാം. ദശലക്ഷക്കണക്കിനു തൊഴിലുകൾ കൃത്രിമ ബുദ്ധി ഏറ്റെടുക്കുമെന്നു പ്രവചിക്കപ്പെടുന്നു; അതു സൃഷ്ടിക്കുന്ന തൊഴിലുകളോ വളരെ വിരളവും. തൊഴിലന്വേഷക കമ്പോളത്തിൽ പുതിയ പാതകൾ വെട്ടിത്തുറക്കുന്ന, ഉദിച്ചുയരുന്ന വ്യവസായമായാണ് ഐടി ഒരിക്കൽ കരുതപ്പെട്ടിരുന്നത്. എന്നാൽ 'ദ ചലഞ്ചർ റിപ്പോർട്ട്' പ്രകാരം, 2022 എത്തുമ്പോഴേയ്ക്കും ഈ വ്യവസായരംഗത്ത് പിരിച്ചുവിടൽ 649% ആയി വർദ്ധിച്ചിട്ടുണ്ട്, ഏതാനും ദശകങ്ങൾക്കുമുമ്പു തുടങ്ങിയ 'ഡോട് കോം കുമിള' യ്ക്കുശേഷമുള്ള ഏറ്റവുമുയർന്നതാണിത്. 2020ലും 21ലും പിരിച്ചുവിട്ടതിനേക്കാൾ കൂടുതൽ പേരെ ഐടി വ്യവസായത്തിൽ 2022ൽ പിരിച്ചു വിട്ടിട്ടുണ്ട്.

> **തൊഴിലാളിവർഗ്ഗത്തെയും പണിയെടുക്കുന്ന മറ്റു വിഭാഗങ്ങളെയും നിർദ്ദയം ചൂഷണം ചെയ്തുകൊണ്ട് ഭരിക്കുന്ന ബൂർഷ്വാസിക്ക് പരമാവധി ലാഭം ഉറപ്പാക്കുക എന്നതാണ് മുതലാളിത്ത വ്യവസ്ഥയിൽ ഉല്പാദനത്തിന്റെ ലക്ഷ്യം. അതുകൊണ്ട് ഭരണവർഗ്ഗം ഏതൊരു സാങ്കേതികവികാസത്തെയും മനുഷ്യാദ്ധ്വാനത്തിനു പകരമായുപയോഗിച്ച് ഉല്പാദനച്ചെലവു കുറയ്ക്കാനും പരമാവധി ലാഭം നേടാനും ശ്രമിക്കും.**

2022ൽ ടെക് സെക്ടർ മാത്രം ഒന്നരലക്ഷം ജീവനക്കാരെ ഒഴിവാക്കിയിട്ടുണ്ട്. പുതുവർഷം തുടങ്ങിയപ്പോൾ, 40,000ത്തോളം പേരുടെ ജോലി പോകുമെന്ന പ്രഖ്യാപനവും വന്നിട്ടുണ്ട്. കഴിഞ്ഞ കുറച്ചു മാസങ്ങൾക്കുള്ളിൽ പ്രഖ്യാപിക്കപ്പെട്ട പിരിച്ചുവിടലുകളിലെ 51,000 എണ്ണം ഗൂഗിൾ–പാരന്റ്, ആൽഫാബെറ്റ്, ആമസോൺ, മൈക്രോസോഫ്റ്റ്, ഫേസ്ബുക് തുടങ്ങിയ യുഎസിലെ നാലു വൻകിട ടെക് കമ്പനികളിൽ നിന്നാണ്. അക്സെഞ്ചർ 2023 ൽ അവരുടെ മൊത്തം തൊഴിൽശക്തിയുടെ 2.5% വരുന്ന 19,000 എണ്ണം വെട്ടിക്കുറക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇലോൺ മസ്ക് ഒരു ബിബിസി അഭിമുഖത്തിൽ പറഞ്ഞത് ട്വിറ്റർ ഏറ്റെടുത്തതിനു ശേഷം ജീവനക്കാരുടെ എണ്ണം 80% വെട്ടിക്കുറച്ചിട്ടുണ്ടെന്നും 6000–ത്തിലധികം പേരെ പിരിച്ചു വിട്ടിട്ടുണ്ടെന്നുമാണ്. മസ്ക് ഏറ്റെടുക്കുമ്പോൾ ട്വിറ്ററിലുണ്ടായിരുന്ന ഏതാണ്ട് 8000 ജീവനക്കാരിൽ ഇപ്പോൾ 1500–ഓളം പേർ മാത്രമേ ബാക്കിയുള്ളൂ. ഇന്ത്യൻ ടെക് കമ്പനികൾ എല്ലാം ചേർന്ന് 10,000ത്തോളം പേരെ ഈ വർഷം പിരിച്ചുവിട്ടിട്ടുണ്ട്. ഈ കമ്പനികളുടെ ഊന്നൽ കൃത്രിമബുദ്ധിയിലേക്കും യന്ത്രവൽക്കരണത്തിലേക്കും നീങ്ങുന്നതിനാൽ പിരിച്ചുവിടൽ ഇനിയും വർദ്ധിക്കും. തൊഴിൽനഷ്ടത്തെക്കുറിച്ചു പറയുമ്പോൾ കോർപ്പറേറ്റ് മേലാളന്മാർ വാചകക്കസർത്തുകളിൽ മുഴുകും. ഉയർന്ന ഉല്പാദനശേഷിയും വൻ വരുമാനവും ഉയർന്ന തലത്തിലുള്ള ജോലിയും നേടാൻ സാങ്കേതികവിദ്യ ജീവനക്കാരെ സഹായിച്ചിട്ടേ ഉള്ളൂ എന്നതാണ് എപ്പോഴുമാവർത്തിക്കുന്ന വാദം. അതായത് തൊഴിലുകൾ ഉയർന്ന തലങ്ങളിലേക്കു മാറ്റി സ്ഥാപിക്കപ്പെടുകയാണ് ഇല്ലാതാകുകയല്ല എന്ന്. എന്നാലിത്, ജീർണ്ണിച്ച മുതലാളിത്തത്തിന്റെ അപരിഹാര്യമായ കമ്പോള പ്രതിസന്ധി മൂലവും കൃത്രിമബുദ്ധി ഉൾപ്പടെയുള്ള സാങ്കേതികവിദ്യകൾ വഴി മനുഷ്യാദ്ധ്വാനം അനാവശ്യമാക്കുന്നതു മൂലവും സംഭവിച്ച വമ്പിച്ച തൊഴിൽനഷ്ടത്തിന്റെ യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നില്ല. ഭരണവൃന്ദത്തിന്റെ മറ്റു ചില ഗൂഢലക്ഷ്യങ്ങളെ സഹായിക്കാനും കൃത്രിമബുദ്ധി ഉപയോഗിക്കും. ഉദാഹരണത്തിന് ഒരു വ്യക്തിയുടെ സംഭാഷണത്തിന്റെ ഓഡിയോ ക്ലിപ് കിട്ടിയെന്നിരിക്കട്ടെ, കൃത്രിമ ബുദ്ധി ഉപയോഗിച്ച് അദ്ദേഹത്തിന്റെ പുതിയ സംഭാഷണങ്ങളുടെ ഓഡിയോ സൃഷ്ടിച്ചെടുക്കാനാകും. ഇത്തരത്തിലുള്ള പ്രച്ഛന്നമായ സംഭാഷണങ്ങൾ ഒരു സ്ഥാപനത്തിലെ കീഴുദ്യോഗസ്ഥർക്കുള്ള തെറ്റായ നിർദ്ദേശങ്ങളായോ സുഹൃത്തുക്കളോടോ ബന്ധുക്കളോടോ

*(ശേഷം 14–ാം പേജിൽ)*

# പിണറായി സർക്കാരിന്റെ മാധ്യമവേട്ട അവസാനിപ്പിക്കുക

എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന കമ്മിറ്റി ജൂലൈ 6ന് പുറപ്പെടുവിച്ച പ്രസ്താവന

**മാ**ധ്യമങ്ങൾക്കും മാധ്യമപ്രവർത്തകർക്കുമെതിരെ സംസ്ഥാന സർക്കാർ ആഭ്യന്തരവകുപ്പിനെ ഉപയോഗിച്ച് സമീപകാലത്ത് കൈക്കൊള്ളുന്ന നടപടികൾ മാധ്യമസ്വാതന്ത്ര്യത്തിനും ജനാധിപത്യ വ്യവസ്ഥിതി അനുവദിക്കുന്ന അഭിപ്രായ സ്വാതന്ത്ര്യത്തിനുമെതിരെയുള്ള കടന്നാക്രമണമാണെന്ന് എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) സംസ്ഥാന കമ്മിറ്റി അഭിപ്രായപ്പെട്ടു. ഏതാനും ആഴ്ചകൾക്കുമുമ്പുമാത്രം ഒരു ചാനൽ പ്രവർത്തകയ്ക്കെതിരെ കേസെടുത്ത സംസ്ഥാന സർക്കാർ മറുനാടൻ മലയാളി എന്ന മാധ്യമസ്ഥാപനത്തെയും അതിന് ചുക്കാൻ പിടിക്കുന്ന ഷാജൻ സ്കറിയ എന്ന മാധ്യമ പ്രവർത്തകനെയും വേട്ടയാടുകയാണ്. സർക്കാരിനെ വിമർശിക്കുന്ന മാധ്യമങ്ങൾക്കും മാധ്യമപ്രവർത്തകർക്കുമെതിരെ ഇനിയും കേസെടുക്കുമെന്ന് അധികാരം കൈയാളുന്ന പാർട്ടിയുടെ നേതാവ് ഉയർത്തിയ ഭീഷണിയുടെ തുടർച്ചയാണിത്. മാധ്യമങ്ങൾക്കുനേരെ സർക്കാരിന്റെയും മുഖ്യമന്ത്രിയുടെയും ഭാഗത്തുനിന്ന് അസഹിഷ്ണുതയും ക്രൌര്യവും പ്രകടിപ്പിക്കപ്പെട്ട അനേകം സന്ദർഭങ്ങൾ ഇതിനുമുമ്പും ഉണ്ടായിട്ടുണ്ട്. എന്നാലിപ്പോളാകട്ടെ വിമർശനം ഉർത്തുന്ന മാധ്യമസ്ഥാപനങ്ങളെയും മാധ്യമ പ്രവർത്തകരെയും പോലീസിനെ ഉപയോഗിച്ച് തകർക്കാനും നിശബ്ദരാക്കാനുമാണ് ശ്രമിക്കുന്നത്.

തങ്ങൾക്ക് അഹിതമായ ഏതൊരു വാർത്തയെയും മാധ്യമസ്ഥാപനത്തെയും അധികാരശക്തി ഉപയോഗിച്ച് ചവിട്ടിമെതിക്കാനായി കേന്ദ്രസർക്കാർ ഉയർത്തുന്നതും ഗൂഢാലോചനയുടെയും രാജ്യദ്രോഹത്തിന്റെയും ആരോപണങ്ങളാണ്. അതേ വാദങ്ങളുടെ ആവർത്തനമാണ് സംസ്ഥാനത്ത് പിണറായി സർക്കാരും നടത്തുന്നത്. വർത്തമാനകാലത്ത് രാജ്യം അഭിമുഖീകരിക്കുന്ന ഏറ്റവും ഗൗരവതരമായ വെല്ലുവിളികളിലൊന്ന് സ്വതന്ത്ര മാധ്യമ പ്രവർത്തനത്തിനുനേരെ ഉയരുന്ന ഭരണകൂട അതിക്രമങ്ങളായിരിക്കെ, അതേ മാർഗ്ഗത്തിലൂടെ ഇടതുമുദ്ര അണിഞ്ഞവർ നടത്തുന്ന ഈ മാധ്യമവേട്ട ഫാസിസ്റ്റ് ശക്തികൾക്ക് കരുത്തുപകരുന്നു. അതിനാൽ ഭരണാധികാരത്തെയും പണവും സ്വാധീനവുമുള്ള ശക്തികളെയും തെല്ലും ഭയപ്പെടാതെ, മാധ്യമപ്രവർത്തകർക്ക് സ്വതന്ത്രമായി പ്രവർത്തിക്കാനുള്ള ജനാധിപത്യ അന്തരീക്ഷം ഉറപ്പാക്കുക എന്നതിന് പരമപ്രാധാന്യം നൽകണം. എന്തിന്റെ പേരിലായാലും ഇതിനുവിരുദ്ധമായ നടപടികൾ അനുവദിക്കാനാകില്ല.

മാധ്യമരംഗത്ത് അനഭിലഷണീയമായ പ്രവണതകൾ ഉണ്ടായാൽ, അതിനെ നേരിടുന്നത് പോലീസിന്റെ ഉരുക്കുമുഷ്ടി കൊണ്ടാകരുത്. വ്യാജവാർത്തകളുടെയും തമസ്കരണത്തിന്റെയും പുറകിലെ സങ്കുചിത താല്പര്യങ്ങളെ ആരോഗ്യപരമായ ജനാധിപത്യ സംവാദങ്ങളിലൂടെ തുറന്നുകാട്ടുകയാണ് ചെയ്യേണ്ടത്. ഉയർന്ന ജനാധിപത്യ പ്രബുദ്ധത നിലനിൽക്കുന്ന സമൂഹത്തിൽ, മാധ്യമ ധർമ്മവും ജനങ്ങളോടുള്ള കടമയും പാലിക്കാൻ മാധ്യമങ്ങൾ നിർബന്ധിതരാക്കപ്പെടും. അത്തരമൊരു സാമൂഹ്യ അന്തരീക്ഷം സൃഷ്ടിക്കാനായാണ് സർക്കാർ പ്രവർത്തിക്കേണ്ടത്. പോലീസ് റെയ്ഡും അറസ്റ്റും അതിന്റെ മാർഗ്ഗമല്ല. നിർഭയമായ മാധ്യമപ്രവർത്തനം ഉറപ്പാക്കാനായി ജനാധിപത്യ വിശ്വാസികൾ ഒറ്റക്കെട്ടായി മുന്നോട്ടുവരണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ■

# ശാസ്ത്രത്തെയും സാങ്കേതികവിദ്യയെയും ലാഭാർത്തിയിൽനിന്ന് മോചിപ്പിക്കാതെ അനുസ്യൂതമായ സാമൂഹ്യപുരോഗതി ഉറപ്പാക്കാനാകില്ല

(13–ാം പേജിൽ നിന്ന്)

പണമാവശ്യപ്പെടുന്ന തരത്തിലോ ഒക്കെ ആകാം.

### കൃത്രിമ ബുദ്ധിയുടെ തലതൊട്ടപ്പന്മാർതന്നെ അതിന്റെ ഭവിഷ്യത്തുകളെ ഭയപ്പെടുന്നു

ചാറ്റ് ജിപിടിയുടെ അവതരണത്തിനു തൊട്ടുമുമ്പ് തന്നെ ഈ തുറന്ന യാഥാർത്ഥ്യത്തെക്കുറിച്ച് ഓപ്പൺഎഐ യുടെ സിഇഒ സാം ആൾട്ട്മാൻ ഒരു അഭിമുഖത്തിൽ ഇങ്ങനെ പറഞ്ഞു. "ദീർഘകാലത്തേക്കുള്ള മനുഷ്യപുരോഗതിയുടെയും സാമ്പത്തികവളർച്ചയുടെയും യഥാർത്ഥ പ്രചോദനശക്തി ശാസ്ത്രപുരോഗതിയും അതു സാധ്യമാക്കുന്ന സാമൂഹികഘടനയുമാണ്." ജനറേറ്റീവ് എഐ ഉയർത്തുന്ന അപകടസാധ്യതകളെക്കുറിച്ചുള്ള വിമർശനങ്ങളുടെ കൂടെച്ചേരുകയാണ് കൃത്രിമ ബുദ്ധിയുടെ തലതൊട്ടപ്പനായ ഡോ. ഹിന്റൺ. ചാറ്റ്ജിപിടിപോലുള്ള ജനപ്രിയമായ ചാറ്റ്ബോട്ടുകളെ ശക്തിപ്പെടുത്തുന്നതാണീ സാങ്കേതികവിദ്യ. ഒരു ദശകത്തിലേറെ ജോലി ചെയ്യുകയും ഏറെ ബഹുമാനിക്കപ്പെടുകയും ചെയ്തിരുന്ന ഗൂഗിളിൽ നിന്ന താൻ വിരമിക്കുകയാണെന്നദ്ദേഹം പറഞ്ഞു. അതുകൊണ്ടദ്ദേഹത്തിനു സ്വതന്ത്രമായി ഈ പുതിയ സാങ്കേതികവിദ്യയെക്കുറിച്ച് സംസാരിക്കാം. കമ്പനികൾ സാങ്കേതികവിദ്യ പരിഷ്കരിക്കുന്നതിനനുസരിച്ച് കൃത്രിമബുദ്ധി സംവിധാനം കൂടുതൽ അപകടകരമായി മാറുമെന്ന് ഡോ. ഹിന്റൺ വിശ്വസിക്കുന്നു. വ്യാജ ഫോട്ടോകളും വീഡിയോകളും ടെക്സ്റ്റുകളും കൊണ്ട് ഇന്റർനെറ്റ് നിറയുമെന്നും ഒരു സാധാരണക്കാരന് ഏതാണ് സത്യമെന്നു തിരിച്ചറിയാൻ കഴിയാതാകുമെന്നും അദ്ദേഹം ഉൽക്കണ്ഠപ്പെടുന്നു. ചാറ്റ്ജിപിടി പോലുള്ള ചാറ്റ്ബോട്ടുകൾ നിയമവിദഗ്ധരെയും വ്യക്തിസഹായികളെയും പരിഭാഷകരെയും ഒരേക്രിയകൾ ആവർത്തിച്ചു ചെയ്യേണ്ടി വരുന്നവരെയുമെല്ലാം മാറ്റിസ്ഥാപിക്കുന്നതു വഴി കൃത്രിമബുദ്ധി തൊഴിൽ കമ്പോളത്തെ തകിടം മറിക്കുമെന്നദ്ദേഹം ശങ്കിക്കുന്നു. സ്വയംപ്രവർത്തിക്കുന്ന ആയുധങ്ങൾ - കൊലയാളി റൊബോട്ടുകൾ - ഒരുദിനം യാഥാർത്ഥ്യമായേക്കാമെന്നദ്ദേഹം ഭയക്കുന്നു. മാനസികവും ശാരീരികവുമായ എല്ലാ മനുഷ്യാധ്വാനത്തെയും കൃത്രിമ ബുദ്ധി അനാവശ്യമാക്കിയാൽ ജനങ്ങളെ പ്രചോദിപ്പിക്കാൻ പിന്നെയെന്താണുണ്ടാകുക? നമ്മുടെ തലച്ചോറ് അലസമായാൽ നമ്മുക്കു പ്രചോദനം തരിക കൂടുതൽ അക്രമവും വെറുപ്പുമായിരിക്കുമോ? സാഹിത്യസൃഷ്ടികൾ മുമ്പുതന്നെ ഇത്തരം ചിലവിഷയങ്ങൾ ആഖ്യാനം ചെയ്തിട്ടുണ്ട്, ഇപ്പോൾ യാഥാർത്ഥ്യത്തിന്റെ ഊഴവും വന്നിരിക്കുന്നു.

അപ്പോൾ കൃത്രിമബുദ്ധിയെ മനുഷ്യബുദ്ധിയുമായി തുലനം ചെയ്യുന്നത് അബദ്ധമാണ്. മിക്കവാറും ഒരു സമയത്ത് ഒരു കാര്യം മാത്രം നന്നായി ചെയ്യാൻ കഴിയുന്ന മെഷീൻ ലേണിംഗ് സംവിധാനമാണത്. നൽകപ്പെട്ട ഡാറ്റയുടെയും വിവരങ്ങളുടെയുമടിസ്ഥാനത്തിൽ, പ്രോഗ്രാം ചെയ്യപ്പെട്ടതനുസരിച്ചു മാത്രമാണിത് പ്രവർത്തിക്കുന്നതും.

നേരത്തേ ചൂണ്ടിക്കാട്ടിയ പോലെ, റോബോട്ടുകളുടെയും റൊബോട്ടിക്സിന്റെയും വികാസവും സമൂഹത്തിൽഅവയുടെപ്രചാരവുമനുസരിച്ച് കൂടുതൽ ഉല്പാദനം നടത്താൻ ജനങ്ങൾക്കു കുറഞ്ഞ സമയം മാത്രം അധ്വാനിക്കേണ്ട വഴിയാണു തുറക്കുന്നത്. അങ്ങനെ, ഈ ശാസ്ത്ര സാങ്കേതിക നേട്ടങ്ങൾ മാനവരാശിയുടെ നേട്ടത്തിനായാണ് ഉപയോഗിക്കുന്നതെങ്കിൽ, ഏതു തൊഴിൽ ചെയ്യുന്നവർക്കും കൂടുതൽ ഒഴിവുസമയം ലഭിക്കുവാനും വിദ്യാഭ്യാസ സാംസ്കാരിക പ്രവർത്തനങ്ങളിൽ ഇടപെടാനുമുള്ള അവസരം ലഭിക്കുകയും വ്യക്തിജീവിതവും സാമൂഹികജീവിതവും കൂടുതൽ അർത്ഥപൂർണ്ണമാവുകയും ചെയ്യും – ഇതൊരു വ്യാമോഹമല്ല ഇനിമേൽ.

## നിർമ്മിതബുദ്ധിയും ചാറ്റ് ജിപിടിയും

**കൃത്രിമബുദ്ധിയെ മനുഷ്യബുദ്ധിയുമായി തുലനം ചെയ്യുന്നത് അബദ്ധമാണ്. മിക്കവാറും ഒരു സമയത്ത് ഒരു കാര്യം മാത്രം നന്നായി ചെയ്യാൻ കഴിയുന്ന മെഷീൻ ലേണിംഗ് സംവിധാനമാണത്. നൽകപ്പെട്ട ഡാറ്റയുടെയും വിവരങ്ങളുടെയുമടിസ്ഥാനത്തിൽ, പ്രോഗ്രാം ചെയ്യപ്പെട്ടതനുസരിച്ചു മാത്രമാണിത് പ്രവർത്തിക്കുന്നതും.**

### സാമൂഹിക ഘടനയുടെ പ്രാധാന്യം

എന്നാൽ, ആരാണ് വഴി തടയുന്നത്? മുതലാളിത്തവ്യവസ്ഥ? അതുകൊണ്ട്, പ്രധാന ചോദ്യം ആരുടെ കൈയിലാണ് വാൾ എന്നതാണ്? അതു തൊഴിലാളിവർഗ്ഗത്തിന്റെ കൈകളിലാണെങ്കിൽ സമൂഹത്തിലെ ചൂഷണത്തിനും മർദ്ദനത്തിനുമെതിരെയും ഭൂരിഭാഗം ജനങ്ങളുടെ സംരക്ഷണത്തിനും അഭിവൃദ്ധിക്കും വേണ്ടിയും ഉപയോഗിക്കപ്പെടും. ശാസ്ത്രവും സാങ്കേതികവിദ്യയും ചൂഷകരുടെ കൈയിലാണെങ്കിലോ അവരുടെ ചൂഷകഭരണത്തെയും ഭരണകൂടയന്ത്രത്തെയും ദൃഢീകരിക്കുന്നതിനാണുപയോഗിക്കുക എന്ന്, ചരിത്രം കാണിച്ചു തന്നിട്ടുണ്ട്. ഈ യുഗത്തിൽ, ശാസ്ത്ര, സാങ്കേതികവിദ്യകളുടെ നിരന്തരമായ അഭിവൃദ്ധി വഴി ദൃഢമായി വളർന്നുകൊണ്ടിരിക്കുന്ന ഉല്പാദനശക്തികളും മുമ്പേ തന്നെ ചങ്ങലക്കെട്ടിലായ മുതലാളിത്ത ഉല്പാദനബന്ധങ്ങളും തമ്മിലുള്ള പരിഹരിക്കാനാകാത്ത സംഘർഷം, സമൂഹത്തിന്റെ വികാസത്തെ പിന്നോട്ടടിക്കുകയും ശാസ്ത്രമുന്നേറ്റങ്ങളുടെ നേട്ടങ്ങൾ ജനങ്ങൾക്കു നിഷേധിക്കുകയും ചെയ്യുന്നു.

എല്ലാ ഉല്പാദനവും ജനങ്ങളുടെ ഭൗതിക, സാംസ്കാരിക ജീവിതത്തിന്റെ ഉന്നമനത്തിനു വേണ്ടിയാണ്, ലാഭത്തിനു വേണ്ടിയല്ല ഉപയോഗിക്കുന്നതെങ്കിൽ കൃത്രിമബുദ്ധി സമൂഹത്തിൽ ഒരനുഗ്രഹമായി മാറും. ശാരീരികവും മാനസികവുമായ കഠിനാധ്വാനത്തിൽ നിന്നും മടുപ്പിക്കുന്ന ജോലികളിൽ നിന്നും മോചനം നേടി ദിവസേനയുള്ള അധ്വാനസമയം കുറയ്ക്കാനും സർഗ്ഗാത്മക, സാംസ്കാരിക പ്രവർത്തനങ്ങൾക്കു കൂടുതൽ സമയം ലഭിക്കാനും അതവസരം സൃഷ്ടിക്കും. സാമൂഹികവികാസത്തിന്റെ നിയമങ്ങൾക്കനുസരിച്ച് ഉല്പാദനബന്ധങ്ങളിലും സാമ്പത്തികവ്യവസ്ഥയിലും വിപ്ലവകരമായ പരിവർത്തനം വരുത്തേണ്ടത് അടിയന്തരാവശ്യകത ആയിരിക്കുന്ന അവസ്ഥയിലേക്ക് സമൂഹം ഇന്നെത്തിയിരിക്കുന്നു. ചരിത്രഗതിയിൽ ഒരു സാമൂഹികവ്യവസ്ഥ മറ്റൊന്നിലേക്കു മാറുന്നതിന്റെ - അടിമത്തത്തിൽ നിന്നു ജന്മിത്തത്തിലേക്കും പിന്നീട് മുതലാളിത്തത്തിലേക്കും അവിടുന്ന് സോഷ്യലിസത്തിലേക്കും മാറുന്നതിന്റെ– നിയമങ്ങൾ മഹാനായ മാർക്സ് കണ്ടെത്തി. കൃത്രിമബുദ്ധിയുടെയും റൊബോട്ടിക്സിന്റെയും ശാസ്ത്ര, സാങ്കേതികവിദ്യകളുടെയും വിസ്മയിപ്പിക്കുന്ന വികാസങ്ങളുടെ ദുരുപയോഗം സൃഷ്ടിക്കുന്ന പ്രശ്നങ്ങളുടെയെല്ലാം അന്തിമപരിഹാരം, കാലഹരണപ്പെട്ട ഈ സാമൂഹിക വ്യവസ്ഥയെ തൂത്തെറിഞ്ഞ് പകരം ഒരു സോഷ്യലിസ്റ്റ് വ്യവസ്ഥ സ്ഥാപിക്കുക എന്നതു മാത്രമാണ്. അതുവഴി മാത്രമേ ശാസ്ത്രത്തെയും സാങ്കേതികവിദ്യയെയും മുതലാളിത്ത ലാഭാർത്തിയുടെ വിഷമയമായ ദംഷ്ട്രകളിൽനിന്നും മോചിപ്പിക്കുവാനും സമൂഹത്തിന്റെ തടസ്സമില്ലാത്ത വികാസത്തിനും പുരോഗതിക്കും വേണ്ടി അവയുടെ മുഴുവൻ സാധ്യതകളും ഉപയോഗിക്കാനും കഴിയൂ. സമൂഹത്തിന്റെ നിരന്തരമുയർന്നുകൊണ്ടിരിക്കുന്ന ഭൗതിക, സാംസ്കാരികാവശ്യകതകൾ പൂർത്തീകരിക്കുക എന്ന ലക്ഷ്യത്തോടെ ഉല്പാദനം നടക്കുന്ന സോഷ്യലിസത്തിൽ, ജനജീവിതത്തിന്റെ എല്ലാ മേഖലകളിലും കൈവന്ന വികാസവും ഉയർച്ചയും ഇതൊരു സിദ്ധാന്തം മാത്രമല്ലെന്ന് തെളിയിച്ചിട്ടുമുണ്ട്. ശാസ്ത്രരംഗത്ത് സോവിയറ്റ് റഷ്യയിലുണ്ടായ ഗംഭീരവികാസം സാമ്രാജ്യത്വ- മുതലാളിത്ത ലോകത്തെ വിറളിപിടിപ്പിച്ചിരുന്നു.

സോഷ്യലിസ്റ്റ് സോവിയറ്റ് റഷ്യയിൽ ജനജീവിത നിലവാരത്തിലുണ്ടായ ഉയർച്ച തെളിയിക്കുന്നത് ശാസ്ത്രീയ നേട്ടങ്ങളുടെ പ്രയോജനം ജനങ്ങളിലേക്കെത്തിയിരുന്നു എന്നാണ്. അതിനാൽ ശാസ്ത്രത്തിന്റെ നേട്ടങ്ങൾ ജനസാമാന്യത്തിന് അനുഗ്രഹമാകണമെങ്കിൽ വിപ്ലവത്തിലൂടെ മുതലാളിത്തത്തെ തൂത്തെറിയുകയും മുതലാളിത്തത്തിന്റെ ചങ്ങലക്കെട്ടുകളിൽ നിന്ന് ശാസ്ത്രത്തെ മോചിപ്പിക്കുകയും ചെയ്യുക എന്നത് നമ്മുടെയെല്ലാം ഉത്തരവാദിത്വമായി മാറണം. ■

# അവകാശസമര ചരിത്രത്തിൽ പുതിയ അദ്ധ്യായം രചിക്കുന്ന യുണൈറ്റഡ് നഴ്സസ് അസോസിയേഷൻ

തുല്യജോലിയ്ക്ക് തുല്യവേതനം എന്ന സുപ്രീം കോടതി വിധിയുടെ പിൻബലത്തിൽ സ്വകാര്യ ആശുപത്രികളിലെ നഴ്സുമാർ ചരിത്രപ്രധാനമായ ഒരു സമരത്തിന് തുടക്കം കുറിച്ചിരിക്കുന്നു.സർക്കാർ ആശുപത്രികളിലെ സ്റ്റാഫ് നഴ്സുമാരുടെ ശമ്പളം സ്വകാര്യ ആശുപത്രികളിലെ നഴ്സുമാർക്കും നൽകണമെന്ന തികച്ചും ന്യായമായ ആവശ്യമാണ് പ്രധാനമായും യുണൈറ്റഡ് നഴ്സസ് അസോസിയേഷൻ(യുഎൻഎ) എന്ന സ്വതന്ത്ര ട്രേഡ് യൂണിയൻ ഉയർത്തിയിരിക്കുന്നത്. കരാർ നിയമനങ്ങൾ അവസാനിപ്പിക്കുക, രോഗി-നഴ്സ് അനുപാതം നിയമാനുസൃതമാക്കുക എന്നീ ഡിമാന്റുകളും സംഘടന മുന്നോട്ട് വയ്ക്കുന്നു. സർക്കാർ ആശുപത്രികളിലെ നഴ്സുമാരുടെ അടിസ്ഥാന ശമ്പളം 39,253 രൂപയാണ്. മറ്റാനുകൂല്യങ്ങളും കൂടി ചേർത്താൽ പ്രതിമാസം 60,000 രൂപ സ്റ്റാഫ് നഴ്സിന് ലഭിക്കും. ദിവസവേതനം 1500 രൂപയാക്കണം എന്ന യുഎൻഎയുടെ ആവശ്യത്തിന് ഈ പശ്ചാത്തലത്തിൽ വളരെയേറെ പ്രസക്തിയുണ്ട്. 2017ന് ശേഷം നഴ്സുമാരുടെ ശമ്പളം വർദ്ധിപ്പിച്ചിട്ടില്ല എന്നതും ശമ്പള പരിഷ്ക്കരണം എന്ന നഴ്സുമാരുടെ ഡിമാന്റിന്റെ പ്രസക്തി വർദ്ധിപ്പിക്കുന്നു. അവശ്യ നിത്യോപയോഗസാധനങ്ങളുടെയും ഗ്യാസ്, പെട്രോൾ, മരുന്നുകൾ എന്നിവയുടെയെല്ലാം വില 6 വർഷംകൊണ്ട് ഭീമമായി വർദ്ധിച്ചിരിക്കുന്നുവെന്നത് നഴ്സുമാരുടെ സമരം അനിവാര്യമാക്കുന്നു.

72 മണിക്കൂർ പണിമുടക്കിന് മുൻപ് 6 ജില്ലകളിൽ നഴ്സുമാരുടെ വലിയ പങ്കാളിത്തത്തോടെ സമര പ്രഖ്യാപന കൺവൻഷനുകൾ നടത്തി. തുടർന്ന് കളക്ട്രേറ്റ് മാർച്ചുകളിലൂടെ അധികാരികൾക്ക് മുന്നിൽ തങ്ങളുടെ അവശ്യങ്ങൾ അറിയിച്ചു. എന്നാൽ, നഴ്സുമാരുടെ ആവശ്യങ്ങളോട് സർക്കാർ തികച്ചും നിഷേധാത്മകമായ നിലപാടാണ് സ്വീകരിച്ചത്. ലേബർ ഓഫീസർമാർ വിളിച്ച ചേർത്ത ചർച്ചയിൽ കേരളാ പ്രൈവറ്റ് ഹോസ്പിറ്റൽ അസോസിയേഷൻ(കെപിഎച്ച്എ) ഭാരവാഹികൾ ധാർഷ്ട്യത്തോടെയുള്ള നിലപാടാണ് സ്വീകരിച്ചത്. നഴ്സുമാർക്ക് ഒരു രൂപ പോലും കൂട്ടി നൽകാനാവില്ലെന്നും സർക്കാരിന്റെ ഉത്തരവ് വന്നാൽ പരിഗണിക്കാമെന്നുമുള്ള നിലപാടിൽ അവരുറച്ചുനിന്നു. അങ്ങനെ, കെപിഎച്ച്എയും സർക്കാരും യുഎൻഎയെ പണിമുടക്കിലേക്ക് തള്ളിവിട്ടു.

ഏപ്രിൽ 11, 12, 13 തീയതികളിൽ തൃശ്ശൂർ ജില്ലയിൽ സമ്പൂർണ്ണ പണിമുടക്ക് പ്രഖ്യാപിച്ചു. തൃശ്ശൂർ ജില്ലയിലെ നഴ്സുമാരുടെ യഥാർത്ഥ ശക്തിയെന്തെന്ന് മാനേജ്മെന്റുകൾ അനുഭവിച്ചറിഞ്ഞു. പണിമുടക്ക് ആരംഭിക്കുന്നതിന് മുൻപുതന്നെ 26 ആശുപത്രികൾ നിലവിലുള്ള ശമ്പളത്തിൽനിന്നും 50% വർദ്ധിപ്പിക്കുമെന്ന കരാറിൽ ഒപ്പുവച്ചു. സമരം ആരംഭിച്ച പതിനൊന്നാം തീയതി ഉച്ചയോടെ മറ്റ് ആശുപത്രികളും യുഎൻഎയുമായി കരാറെഴുതി. വിട്ടുവീഴ്ചയില്ലാത്ത സമരത്തിലൂടെ തൃശ്ശൂർ ജില്ലയിലെ നഴ്സുമാരിൽ ബഹുഭൂരിപക്ഷംപേർക്കും 30,000 രൂപയ്ക്ക് മുകളിൽ ശമ്പളം ലഭിക്കുന്ന സാഹചര്യം സൃഷ്ടിക്കപ്പെട്ടു. തൃശ്ശൂർ ജില്ലയിലെ സമരം വിജയിച്ചതിനു ശേഷം പത്തനംതിട്ട, ആലപ്പുഴ, കോഴിക്കോട്, തിരുവനന്തപുരം ജില്ലകളിലും സമാനമായ നിലയിൽ പണിമുടക്ക് പ്രഖ്യാപിച്ച് നടത്തിയ പ്രചാരണത്തിലൂടെ വിജയം വരിക്കുവാൻ യുഎൻഎയ്ക്ക് സാധിച്ചു. ഒത്തുതീർപ്പിന് തയാറാകാത്ത തിരുവനന്തപുരം പിആർഎസ് ആശുപത്രിയിലെ നഴ്സുമാർ കഴിഞ്ഞ ഒരു മാസമായി സമരത്തിലാണ്.

അവകാശ സമരരംഗത്ത് യുഎൻഎ എന്ന സ്വതന്ത്ര ട്രേഡ് യൂണിയൻ പുതിയ വഴിയാണ് വെട്ടിത്തുറക്കുന്നത്. പതിറ്റാണ്ടുകളായി അടിമകളെപ്പോലെ സ്വകാര്യ ആശുപത്രികളിൽ പണിയെടുത്തിരുന്ന നഴ്സുമാർക്ക് അവകാശബോധം പകർന്നു നൽകിയ ട്രേഡ് യൂണിയനാണ് യുണൈറ്റഡ് നഴ്സസ് അസോസിയേഷൻ. കേരളത്തിനകത്തും പുറത്തുമായി 450ൽ അധികം ആശുപത്രികളിൽ യൂണിറ്റുള്ള യുഎൻഎ, കേരളത്തിന്റെ അവകാശ സമര ചരിത്രത്തിലെ അനിഷേധ്യ നാമമാണ്. ആശുപത്രി മുതലാളിമാരുടെ പണത്തിനും സ്വാധീനത്തിനും മുന്നിൽ കീഴടങ്ങാതെ നഴ്സുമാരുടെ പോരാട്ടത്തെ നയിക്കുകയാണ് യുഎൻഎ. അസംഘടിത മേഖലകളിൽ കൊടിയ ചൂഷണം അനുഭവിച്ച് പണിയെടുക്കുന്ന മുഴുവൻ തൊഴിലാളികൾക്കും യുഎൻഎയുടെ പോരാട്ടം പ്രചോദനമാണ്. 2011ന് മുൻപ് അടിമകളെപ്പോലെ പണിയെടുത്തിരുന്ന വിഭാഗമാണ് നഴ്സുമാർ. ബോണ്ടും മറ്റു പലതരം ചൂഷണങ്ങളും നിശബ്ദം അനുഭവിച്ചുപോന്ന നഴ്സുമാരെ സംഘടിപ്പിച്ച് ഒരു സമരശക്തിയാക്കി മാറ്റിയത് ജാസ്മിൻഷ എന്ന ചെറുപ്പക്കാരന്റെ നേതൃത്വത്തിലാണ്. വെറും 5 പേർ ചേർന്ന്, തൃശ്ശൂരിൽ ആരംഭിച്ച യുഎൻഎ ഏറ്റുമുട്ടിയത് വമ്പൻ മുതലാളിമാരോടാണ്. സിഐടിയു, ഐഎൻടിയുസി, ബിഎംഎസ് തുടങ്ങിയ വമ്പൻ ട്രേഡ് യൂണിയനുകൾ, ആശുപത്രി മുതലാളിമാരുടെ ആജ്ഞാനുവർത്തികളായി ഓച്ഛാനിച്ചു നിൽക്കുമ്പോഴാണ് യുഎൻഎ പോരാടി വിജയിക്കുന്നത്. മാസം മുഴുവനും പണിയെടുത്താലും കെഎസ്ആർടിസി തൊഴിലാളികൾക്ക് ശമ്പളം ലഭിക്കാത്ത കേരളത്തിലാണ് യുഎൻഎ നഴ്സുമാരുടെ അവകാശങ്ങൾ പിടിച്ചുവാങ്ങുന്നതെന്നോർക്കണം. കെഎസ്ആർടിസിയിലെ തൊഴിലാളികൾക്ക് ട്രേഡ് യൂണിയനുകൾ ഇല്ലാത്തതു കൊണ്ടല്ല. തങ്ങളെവിശ്വസിച്ച് കൂടെനിൽക്കുന്ന തൊഴിലാളികളെ യൂണിയൻ നേതാക്കൾ വഞ്ചിക്കുന്നതുകൊണ്ടു മാത്രമാണ് സർക്കാർ, ശമ്പളം പോലും തടഞ്ഞുവെയ്ക്കാൻ ധൈര്യം കാണിക്കുന്നത്.




യുഎൻഎ എറണാകുളം ജില്ലാ സമര പ്രഖ്യാപന കൺവൻഷനിൽ എഐഡിവൈഒ സംസ്ഥാന പ്രസിഡന്റ് സഖാവ് ഇ.വി.പ്രകാശ് മുഖ്യപ്രസംഗം നടത്തുന്നു.

സുദീർഘമായ പോരാട്ടങ്ങളിലൂടെ തൊഴിലാളികൾ പൊരുതി നേടിയ അവകാശങ്ങൾ പലതും ആഗോളവത്കരണ നയങ്ങളിലൂടെയാണ് കവർന്നെടുക്കപ്പെട്ടത്. ഒരു കാലത്ത് തൊഴിലാളികൾക്കുവേണ്ടി പൊരുതിയിരുന്ന ഇടതുപക്ഷ ട്രേഡ് യൂണിയനുകൾ പോലും കോർപ്പറേറ്റ് ദാസ്യത്തിലേയ്ക്ക് മാറിയതിന്റെ പരിണതഫലമാണത്.8മണിക്കൂർജോലിയും പിഎഫും മറ്റാനുകൂല്യങ്ങളുമൊക്കെ കവർന്നെടുക്കപ്പെടുന്നു.44തൊഴിൽ നിയമങ്ങൾ 4 ലേബർ കോഡുകളാക്കി തൊഴിലവകാശങ്ങൾ സമ്പൂർണ്ണമായും ഇല്ലാതാക്കുവാനുള്ള നീക്കത്തിലാണ് കേന്ദ്ര സർക്കാർ. സ്ഥിരം ജോലിയ്ക്ക് പകരം നിശ്ചിതകാല തൊഴിൽ സമ്പ്രദായം അടിച്ചേൽപ്പിച്ചിരിക്കുന്നു. ഇങ്ങനെയൊരു കാലഘട്ടത്തിലാണ് നഴ്സുമാരുടെ സമരത്തിന്റെ പ്രസക്തി ഏറുന്നത്. യുഎൻഎയുടെ നേതൃത്വത്തിൽ നഴ്സുമാർ സമരം ചെയ്ത് വിജയിച്ച ആശുപത്രികളിലെല്ലാം കരാർ സമ്പ്രദായം അവസാനിപ്പിക്കുവാൻ സാധിച്ചുവെന്നത് എടുത്ത് പറയേണ്ടതാണ്. യാതൊരാനുകൂല്യവും ലഭിക്കാതെ തുഛമായ ദിവസക്കൂലിയ്ക്ക് ജോലി ചെയ്തിരുന്ന നഴ്സുമാരെ സ്ഥിരപ്പെടുത്തുവാൻ സാധിച്ചതിലൂടെ കരാർ തൊഴിൽ എന്ന ആഗോളവത്ക്കരണത്തിന്റെ പ്രധാനപ്പെട്ട ഒരു നയത്തെയാണ് പരാജയപ്പെടുത്തിയത്. തുഛമായ ശമ്പളത്തിന് ജോലി ചെയ്യേണ്ടി വരുന്ന അൺ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്കും അസംഘടിത മേഖലകളിലെ മറ്റു തൊഴിലാളികൾക്കും നഴ്സുമാരുടെ പോരാട്ടം മാതൃകയാണ്.

രോഗി-നഴ്സ് അനുപാതം നിയമാനുസൃതമാക്കണം എന്ന ഡിമാന്റ് നേടിയെടുക്കേണ്ടത് പൊതുസമൂഹത്തിന്റെ കൂടി ആവശ്യമാണ്. വാർഡിൽ 5:1ഉം ഐസിയുവിൽ 1:1ഉം ആണ് പ്രഖ്യാപിത രോഗി-നഴ്സ് അനുപാതം. എന്നാൽ, ഒരാശുപത്രിയിലും ഈ അനുപാതം പ്രാവർത്തികമാക്കുന്നില്ല. ഒരു നഴ്സ് 15 മുതൽ 20 വരെ രോഗികളെ പരിചരിക്കേണ്ട സാഹചര്യമാണുള്ളത്. വളരെ ശ്രദ്ധയോടെ രോഗിയെ പരിചരിക്കേണ്ട ഐസിയുവിൽ പോലും മൂന്നും നാലും രോഗികളെ നഴ്സിന് നോക്കേണ്ടി വരുന്നു. കൂടുതൽ നഴ്സുമാരെ നിയമിച്ചുകൊണ്ട് രോഗികൾക്ക് മതിയായ ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുവാൻ ആവശ്യമായ നിയമനിർമ്മാണം സംസ്ഥാന സർക്കാർ നടത്തണം.

ശമ്പള പരിഷ്ക്കരണം ഉൾപ്പടെയുള്ള ആവശ്യങ്ങൾ മുൻനിർത്തി യുഎൻഎയുടെ നേതൃത്വത്തിൽ നഴ്സുമാർ ജൂലൈ 19ന് നടത്തുന്ന സെക്രട്ടേറിയറ്റ് മാർച്ച് അവകാശസമര ചരിത്രത്തിലെ നാഴികക്കല്ലായി മാറും. പതിനായിരക്കണക്കിന് നഴ്സുമാർ തങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾക്കുവേണ്ടി പൊരുതുവാൻ തയ്യാറായി സെക്രട്ടേറിയറ്റിനു മുന്നിൽ എത്തുന്നുവെന്നത് തന്നെ മാനേജ്മെന്റുകളെ വിറകൊള്ളിക്കും. നഴ്സുമാരുടെ നിരന്തരമായ പോരാട്ടം ചൂഷണം അനുഭവിക്കുന്ന എല്ലാ വിഭാഗം തൊഴിലാളികൾക്കും ആത്മവിശ്വാസം നൽകുന്നതാണ്. ■

## കൃത്രിമജലപാതയ്ക്കെതിരെ...




നീലേശ്വരം–ബേക്കൽ കൃത്രിമജലപാതയ്ക്കെതിരെ നടന്ന ജനകീയ കൺവൻഷനിൽ കെ റെയിൽ സിൽവർലൈൻ വിരുദ്ധ ജനകീയ സമിതി സംസ്ഥാന ജനറൽ കൺവീനർ എസ്.രാജീവൻ പ്രസംഗിക്കുന്നു.

## മുത്തൂറ്റ് ഫിനാൻസ് തട്ടിപ്പിനെതിരെ...




മുത്തൂറ്റ് ഫിനാൻസിലെ എൻസിഡി തട്ടിപ്പിനിരയായ നിക്ഷേപകർ കോട്ടയം ഗാന്ധിസ്ക്വയറിൽ നടത്തിയ സത്യാഗ്രഹത്തിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാ സെക്രട്ടറി സഖാവ് മിനി കെ.ഫിലിപ്പ് പ്രസംഗിക്കുന്നു.

# യൂണിറ്റി 50-ാം വാർഷികപ്പതിപ്പ് പ്രകാശനം ചെയ്തു

**എസ്**‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടി സംസ്ഥാന കമ്മിറ്റി മുഖപത്രമായ *യൂണിറ്റി* മാസികയുടെ അൻപതാം വാർഷികപ്പതിപ്പ് തൃശ്ശൂർ സാഹിത്യ അക്കാദമി ഹാളിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടറി സഖാവ് ജയ്സൺ ജോസഫ് പ്രമുഖ പരിസ്ഥിതി പ്രവർത്തകനും ഗാന്ധിയനുമായ വി.എസ്.ഗിരീശന് നൽകി പ്രകാശനം ചെയ്തു.

തൊഴിലാളിവർഗ വിപ്ലവ പ്രസ്ഥാനത്തിന്റെ ജിഹ്വ എന്ന നിലയിൽ കഴിഞ്ഞ 50 വർഷക്കാലമായി *യൂണിറ്റി* അതിന്റെ സാമൂഹിക ഉത്തരവാദിത്തം നിറവേറ്റിയിട്ടുണ്ടെന്ന് സഖാവ് ജയ്സൺ ജോസഫ് ഓർമ്മിപ്പിച്ചു. പല കാലങ്ങളിലായി വ്യത്യസ്ത സാമൂഹിക മുന്നേറ്റങ്ങൾക്ക് കരുത്തുപകരാനും നിരവധി ജനകീയ സംരംഭങ്ങൾക്ക് രാഷ്ട്രീയമായ ദിശ കാട്ടാനും *യൂണിറ്റി*ക്ക് കഴിഞ്ഞിട്ടുണ്ട്. അന്തർദേശീയവും ദേശീയവുമായ സുപ്രധാന വിഷയങ്ങളിൽ വിപുലമായ ആശയപ്രചരണം നടത്താനും പ്രതികൂല സാഹചര്യങ്ങളിൽപോലും കമ്മ്യൂണിസ്റ്റ് നൈതികത ഉയർത്തിപ്പിടിച്ചുകൊണ്ട് പ്രവർത്തിക്കാനും *യൂണിറ്റി*ക്ക് കഴിഞ്ഞു. മഹത്തായ കമ്മ്യൂണിസ്റ്റ് ആശയങ്ങൾ അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളിൽ എത്തിക്കുന്നതിലും വർഗ-ബഹുജന പ്രക്ഷോഭങ്ങൾ വളർത്തിയെടുക്കുന്നതിലും തുടർന്നും അടിയുറച്ച് മുന്നേറാൻ പുരോഗമന കാംക്ഷികളുടെയാകെ പിന്തുണ സഖാവ് ജയ്സൺ ജോസഫ് അഭ്യർത്ഥിച്ചു.



എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടറി സഖാവ് ജയ്സൺ ജോസഫ് തൃശ്ശൂർ സാഹിത്യ അക്കാദമി ഹാളിൽ യൂണിറ്റി 50–ാം വാർഷികപ്പതിപ്പ് പ്രകാശനം ചെയ്തുകൊണ്ട് പ്രസംഗിക്കുന്നു.

50-ാം വാർഷികാചരണത്തിന്റെ ഭാഗമായി രാവിലെ നടന്ന കവിയരങ്ങിൽ അഗസ്റ്റിൻ കുട്ടനല്ലൂർ, ജോയ് ചിറമേൽ, ബീന ബിനിൽ, വിഎസ്.ഗിരീശൻ, എം. കൃഷ്ണകുമാർ, ദർശന, സി.ആർ. ഉണ്ണികൃഷ്ണൻ, ബേബി വത്സലൻ, രമ്യ വിനോദൻ, വി.സുരേഷ്കുമാർ, കെ.സി.ബാലൻ, ജയപ്രകാശ് ഒളരി, ബിനോയ് തുടങ്ങിയവർ കവിതകൾ അവതരിപ്പിച്ചു.

ഉച്ചക്കുശേഷം 'ഫാസിസം: വിവക്ഷയും പ്രതിരോധവും' എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചു. എസ്‌യുസിഐ(സി) സംസ്ഥാന കമ്മറ്റിയംഗം സഖാവ് ജ്യോതികൃഷ്ണൻ വിഷയാവതരണം നടത്തി. പ്രമുഖ ഗാന്ധിയൻ കെ.അരവിന്ദാക്ഷൻ, സിപിഐ സംസ്ഥാന കൗൺസിൽ അംഗം സഖാവ് വി.കെ.സന്ദീപ്, ആർഎംപിഐ സംസ്ഥാന പ്രസിഡന്റ് സഖാവ് ടി.എൽ.സന്തോഷ്, സിപിഐ(എംഎൽ) റെഡ്സ്റ്റാർ കേന്ദ്ര കമ്മിറ്റി അംഗം സഖാവ് പി.എൻ.പ്രോവിന്റ്, ഡോ. പി.എസ്. ബാബു, സഖാവ് ഷൈല കെ. ജോൺ തുടങ്ങിയവർ സെമിനാറിൽ പങ്കെടുത്തു. സഖാക്കൾ ടി.കെ. സുധീർകുമാർ, എസ്.രാജീവൻ, മിനി കെ.ഫിലിപ്പ് തുടങ്ങിയവരും സന്നിഹിതരായിരുന്നു. ■

**സേവ് എജ്യുക്കേഷൻ കമ്മിറ്റി സംഘടിപ്പിച്ച ചരിത്ര സെമിനാർ**

# അസത്യങ്ങൾ നിരത്തി ഇന്ത്യാചരിത്രത്തെ നിരാകരിക്കുന്ന ഭീകരത അരങ്ങേറുന്നു – ഡോ.മഹാലക്ഷ്മി

**ശാ**സ്ത്രീയമായ യാതൊരു തെളിവുമില്ലാത്ത വാദങ്ങളും അസത്യങ്ങളും നിരത്തിക്കൊണ്ട് ചരിത്രത്തെയും ചരിത്രപഠനത്തെയും നിരാകരിക്കുന്ന ഭീകരതയാണ് ഇന്ന് ഇന്ത്യയിൽ നടക്കുന്നതെന്ന് പ്രമുഖചരിത്രകാരിയും ഇന്ത്യൻ ചരിത്ര കോൺഗ്രസിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയംഗവുമായ പ്രൊഫ.ആർ.മഹാലക്ഷ്മി അഭിപ്രായപ്പെട്ടു. ഓൾ ഇന്ത്യാ സേവ് എജ്യുക്കേഷൻ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം ജോയിന്റ് കൗൺസിൽ ഹാളിൽ നടന്ന "ചരിത്രത്തിന്റെ വളച്ചൊടിക്കലും വർഗീയവൽക്കരണവും സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങൾ" എന്ന വിഷയത്തിൽ നടന്ന സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു ഡോ.ആർ.മഹാലക്ഷ്മി. നാസി ജർമ്മനിയിൽ നടന്നതിന് സമാനമായ ഇടപെടലുകളാണ് ഇന്ന് ഇന്ത്യയുടെ ചരിത്രവിദ്യാഭ്യാസത്തിന്റെ രംഗത്ത് നടക്കുന്നത്. മധ്യകാല ചരിത്രത്തെ നിരാകരിക്കുകയും ഏകമാനമായ ചരിത്രപാരമ്പര്യമാണ് ഇന്ത്യയ്ക്കുള്ളതെന്ന് വാദിക്കുകയും ചെയ്യുന്ന ഒരു വിഭാഗത്തെ ചരിത്രകാരന്മാരെന്ന നിലയിൽ സ്ഥാപനവൽക്കരിക്കു കയാണ്. പാർലമെന്ററി കമ്മിറ്റി, എൻസിഇആർടി, യുജിസി ചരിത്ര കോഴ്സ്, ഇന്ത്യൻ കൗൺസിൽ ഓഫ് ഹിസ്റ്റോറിക് റിസർച്ച് തുടങ്ങിയ സംവിധാനങ്ങളിൽ സംഘപരിവാർ സഹയാത്രികരെ കുടിയിരുത്തിക്കൊണ്ടാണ് ഇന്ത്യയെ വികൃതമാക്കൽ നടന്നുവരുന്നത്. ഈ ചരിത്രനിരാസത്തിന് എതിരെ രാജ്യത്തെയും ചരിത്രത്തെയും സ്നേഹിക്കുന്നവർ മുന്നോട്ടുവരണമെന്ന് ഡോ.മഹാലക്ഷ്മി അഭ്യർത്ഥിച്ചു.

'വിഷലിപ്തമായ ഇന്ത്യാ ചരിത്ര നിർമ്മിതി: വളച്ചൊടിക്കലുകൾക്കുമപ്പുറം' എന്നവിഷയത്തിൽ കേരള ചരിത്ര കോൺഗ്രസ് ജനറൽ സെക്രട്ടറി പ്രൊഫ.സെബാസ്റ്റ്യൻ ജോസഫ് പ്രഭാഷണം നടത്തി. പാഠപുസ്തകങ്ങളിൽ നിന്നാണ് വിദ്യാർത്ഥികൾ സാമൂഹികധാരണകൾ രൂപപ്പെടുത്തുന്നതെന്നും അതിനാൽ പാഠപുസ്തകങ്ങളിലെ ചരിത്ര നിരാസത്തെ പ്രതിരോധിക്കേണ്ടത് സമൂഹത്തിന്റെ ഉത്തരവാദിത്തമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.




സേവ് എജ്യുക്കേഷൻ കമ്മിറ്റി സംഘടിപ്പിച്ച ചരിത്ര സെമിനാർ പ്രമുഖ ചരിത്രകാരി ഡോ.ആർ.മഹാലക്ഷ്മി ഉദ്ഘാടനം ചെയ്യുന്നു.

'മുഗൾ ചരിത്രം ഹിന്ദുത്വവാദികളെ പ്രകോപിപ്പിക്കുന്നതെന്തുകൊണ്ട്?' എന്ന വിഷയത്തിൽ കേരള കൗൺസിൽ ഫോർ ഹിസ്റ്റോറിക് റിസർച്ചിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയംഗം ഡോ.പി.പി. അബ്ദുൽ റസാഖ് പ്രഭാഷണം നടത്തി.'ഇന്ത്യൻജ്ഞാനവ്യവസ്ഥയും ദേശീയ വിദ്യാഭ്യാസ നയവും: തീക്കളിയാട്ടം' എന്ന വിഷയം അവതരിപ്പിച്ച് കണ്ണൂർ സർവകലാശാല ചരിത്ര വിഭാഗം അധ്യക്ഷ ഡോ.മാളവിക ബിന്നി പ്രസംഗിച്ചു.

ഡോ.ആർ.ഗോപിനാഥൻ ഉദ്ഘാടന സെഷനിലും പ്രൊഫ. എം.എം.ഖാൻ രണ്ടാം സെഷനിലും മോഡറേറ്ററായി. സമാപനസമ്മേളനത്തിൽ പ്രൊഫ. എം.പി. മത്തായി അധ്യക്ഷത വഹിച്ചു. സേവ് എജ്യുക്കേഷൻ കമ്മിറ്റി സംസ്ഥാനപ്രസിഡന്റ് പ്രൊഫ.ജോർജ് ജോസഫ്, സംസ്ഥാന സെക്രട്ടറി അഡ്വ. ഇ.എൻ.ശാന്തിരാജ്, ജി. നാരായണൻ മാഷ്, എം.ഷാജർഖാൻ, നിഖിൽ സജി തോമസ് തുടങ്ങിയവർ പ്രസംഗിച്ചു.

ഡോ. കെ.ജി താര, ഡോ എം കബീർ, പ്രൊഫ.ഫ്രാൻസിസ് കളത്തിങ്കൽ, ഡോ കെപി സജി, പ്രൊഫ.ശ്രീകുമാരൻ, അശ്വതി ബാബു, മേധാ സുരേന്ദ്രനാഥ്, ജെ. മാനവ് എന്നിവർ ചർച്ചകളിൽ പങ്കെടുത്തു. ■




Volume: 50 No: 4 | Printed and published by V.Venugopal on behalf of State Organising Committee, Socialist Unity Centre of India (Communist) and printed at Cochin Print Tech Pvt. Ltd., Udyogamandal, Eloor, Cochin-683501, and published at Trivandrum, TC 12/1242, Law College Jn, Kunnukuzhi, Vanchiyoor P.O, Thiruvananthapuram Dist, Kerala, Pin: 695035, Phone: 0471-3557684. Editor: V. Venugopal.